# സത്യദൂതൻ

2019 ജനുവരി | ലക്കം 01

വില ₹ 30



## തകിടംമറിയുന്ന മാതൃസങ്കൽപ്പം

## ഹർത്താലുകൾ: കേരള സമൂഹം എങ്ങോട്ട്?

# 124th JALSA SALANA, QADIAN

















The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2019 ജനുവരി
ഹി.ശ.1399 - സുലഹ്
1440 റ. ആഖർ - ജ. അവ്വൽ
പുസ്തകം 91 ലക്കം 1
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**വിശ്വശാന്തിയുടെ സുവർണ തത്ത്വങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 2015 മാർച്ച് 15ന് നടന്ന 12-ാമത് വാർഷിക പീസ് സിമ്പോസിയത്തിൽ ഖലീഫത്തുൽ മസീഹ് നിർവഹിച്ച മുഖ്യപ്രഭാഷണം. വിവ: എ. എം. മുഹമ്മദ് സലീം

**14**
**ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**20**
**ചിലന്തികളുടെ അത്ഭുത ലോകം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)




ഏവർക്കും സത്യദൂതന്റെ പുതുവത്സരാശംസകൾ


**24**
**തകിടംമറിയുന്ന മാതൃസങ്കൽപ്പം**
എ.എം. മുഹമ്മദ് സലീം

**30**
**പടിഞ്ഞാറ് ഉദിക്കുന്ന സൂര്യൻ**
എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി

**31**
**സ്വർഗത്തിൽ കർമം ചെയ്യണമോ?**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**33**
**'ലാ നബിയ്യ ബഅ്ദീ' എന്ന വാക്യത്തിന്റെ വിവക്ഷ**
മൗലാനാ അബ്ദുല്ലാഹ് എച്ച്. എ

**36**
**ത്രിപിടക സംഗ്രഹം: ബുദ്ധന്റെ കലർപ്പില്ലാത്ത അദ്ധ്യാപനമോ?**
എം. മസ്ഊദ് അഹ്മദ്

**39**
**ചോദ്യോത്തരം**

**41**
കുറിപ്പുകൾ
**ഹർത്താലുകൾ: കേരള സമൂഹം എങ്ങോട്ട്?**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ കുടിയാലോചനയിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിലോ നല്ലകാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തിയന്വേഷിച്ചുകൊണ്ട് ആരെങ്കിലും അങ്ങനെ ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)



## നബിവചനം

അനസ് (റ)യിൽ നിന്ന് നിവേദനം: തിരുനബി(സ) അരുളി: മൂന്നു ഗുണങ്ങൾ ഒരാളുണ്ടെങ്കിൽ സത്യവിശ്വാസത്തിന്റെ മാധുര്യം അവനനുഭവപ്പെടും 1) മറ്റെല്ലാവരോടുമുള്ളതിനേക്കാൾ കൂടുതലായി അല്ലാഹുവിനോടും അവന്റെ ദൂതനോടും പ്രേമമുണ്ടായിരിക്കുക. 2) മനുഷ്യനെ സ്നേഹിക്കുക. 3) അത് അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ചുകൊണ്ട് മാത്രമായിരിക്കുക. 3) നരകത്തിൽ ഇടപ്പെടുന്നത് വെറുക്കുന്നത് പോലെ അസത്യത്തിലേക്ക് മടങ്ങുന്നത് വെറുപ്പ് തോന്നുക. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

മതപരമായ അഭിപ്രായ വൈപരീത്യങ്ങൾ മൂലം വിവിധ സമുദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദഭാവത്തിന് പ്രതിബന്ധമായി തീരുന്ന ഭിന്നതാ ബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പര മൈത്രി എങ്ങനെ സാധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന് സമാധാനം ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. യഥാർഥത്തിൽ മതപരമായ വൈപരീത്യം യുക്തിയേയും നീതിബോധത്തെയും അനുഭവജ്ഞാനത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേക ബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത് അവൻ യുക്തിക്കും നീതി ബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിന് എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന് തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതാകയാൽ ലഘുതരമായ അഭിപ്രായ ഭേദങ്ങളൊന്നും മൈത്രിക്ക് തടസ്സമാകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്. (മൈത്രീസന്ദേശം)



എഡിറ്റോറിയൽ

# അന്ത്യദിന ഘടികാരവും ഖലീഫത്തുൽ മസീഹിന്റെ സമാധാന ദൗത്യങ്ങളും

ലോക സമാധാനം ഏറ്റവും കൂടുതൽ ഭീഷണിനേരിടുന്ന ഒരു കാലഘട്ടത്തിലാണ് 2019 പുതുവർഷം പിറന്ന് വീണത്. ഇനിയൊരു ലോകമഹായുദ്ധമുണ്ടാകുകയാണെങ്കിൽ അത് മനുഷ്യരാശിയുടെ അസ്തിത്വം തന്നെ അപകടപ്പെടുത്തുന്ന ഭീകരമായ ആണവ യുദ്ധമായിരിക്കും.

ലോകം നേരിടുന്ന കടുത്ത ആണവ ഭീഷണികളുടെ രൂക്ഷത ഭരണാധികാരികളെയും നേതാക്കന്മാരെയും പൊതുജനങ്ങളെയും ബോദ്ധ്യപ്പെടുത്താൻ 1947ൽ അമേരിക്കയിലെ ഷിക്കാഗോ സർവകലാശാല ഒരു ഘടികാരം നിർമിച്ചിട്ടുണ്ട്. അമേരിക്കയുടെ അണുബോംബ് നിർമിച്ച ശാസ്ത്ര സംഘത്തിന്റെ പ്രസിദ്ധീകരണമായ ***Bulletin of the Atomic Scientists*** ന്റെ പ്രവർത്തക സമിതിയാണ് ലോകപ്രശസ്തമായ ഈ ഘടികാരം നിർമിച്ചത്. Doomsday Clock (അന്ത്യദിന ഘടികാരം) എന്നാണ് അത് അറിയപ്പെടുന്നത്. നേരം അർധരാത്രി 12 മണിയോടടുക്കുമ്പോൾ മാനവരാശി ഒരു വൻ അപകടത്തിന്റെ മൂർദ്ധന്യത്തിലാണ് എന്നാണ് പ്രതീകാത്മകമായി ആ ഘടികാരം അറിയിക്കുന്നത്. ലോക സംഭവങ്ങൾ വിലയിരുത്തി സൂചി പുനക്രമീകരണം നടത്തുന്നത് ലോക പ്രശസ്തരായ ഒരു സംഘം ശാസ്ത്രജ്ഞന്മാരുടെ കമ്മിറ്റിയാണ്. മൊത്തം 23 തവണ ഇങ്ങനെ ലോക രാഷ്ട്രീയ സംഭവഗതിക്കനുസരിച്ച് സമാധാന സംഘർഷ സൂചകമായ സൂചി മാറ്റിയിട്ടുണ്ട്. 1991ൽ **Strategic Arms Limitation Talks (SALT)** ന്റെ ഭാഗമായി അമേരിക്കയും റഷ്യയും അണ്വായുധങ്ങൾ കുറക്കാമെന്ന കരാറിൽ ഒപ്പ് വെച്ചപ്പോൾ 12 മണിയുമായി 9 മിനുട്ടായിരുന്നു സൂചിയുടെ അകലം. ലോകമഹായുദ്ധവും ആണവ വിപത്തും അത്രയും അകലെയാണ് എന്നർഥം. 2002 ൽ അമേരിക്കയിൽ ട്വിൻ ടവർ ആക്രമിക്കപ്പെട്ടപ്പോൾ പൂർവസ്ഥിതിയിൽ നിന്ന് 2 മിനുട്ട് മുന്നോട്ടാക്കി 12 മണിയുമായുള്ള അകലം 7 മിനുട്ടാക്കി കുറച്ചു. ഈ സൂചി നീക്കം നടത്തിയത് ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹാക്കിൻസായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ട്രംപ് സംഹാരാത്മകമായ ഭരണം ആരംഭിച്ചപ്പോൾ 2017 ൽ Doomsday Clockന് 12ന് രണ്ടര മിനുട്ട് മാത്രമാണ് അകലം. ***Bulletin of the Atomic Scientists*** ന്റെ ട്രംപിന്റെ പ്രതിയോഗിയായി റഷ്യയിലെ വ്ളാദ്മീർ പുട്ടിൻ ഭരണം ആരംഭിച്ചപ്പോൾ ഭീതിജനകമാം വിധം ആണവ ഭീഷണി വർധിച്ചിരിക്കുന്നു. വടക്കൻ കൊറിയയുടെ ആണവ പരീക്ഷണങ്ങൾ, സിറിയയിലും പശ്ചിമേഷ്യയിലും വൻ ശക്തികളുടെ പിന്തുണയോടെ നടക്കുന്ന യുദ്ധങ്ങൾ, ആണവ ശക്തികളായ പാകിസ്താൻ-ഇന്ത്യാ സംഘർഷങ്ങൾ മുതലായ കലുഷിതമായ ലോക സംഭവങ്ങൾ ഘടികാരത്തിന്റെ സൂചി 2018 ജനുവരിയിൽ നീക്കി 12 മണിക്ക് 2 മിനുട്ട് മാത്രം അകലത്താണ് ക്രമീകരിച്ചിരിക്കുന്നത്!!. 2019 പുതുവത്സരത്തിലും ഇപ്പോഴും ആ അവസ്ഥ തുടരുന്നു!!. ചരിത്രത്തിലെ ഏറ്റവും ഭീഷണമായ നാളുകളാണ് ഇത് കുറിക്കുന്നത്. ഇതിന് മുമ്പ് 12 മണിയുമായി ഏറ്റവും കൂടുതൽ അടുത്തത് (2 മിനുട്ട്) 1953ൽ അമേരിക്കയും റഷ്യയും ഹൈഡ്രജൻ ബോംബ് പരീക്ഷിച്ചപ്പോഴാണ്. Doomsday Clock ബുള്ളറ്റിനിൽ ഇപ്പോഴത്തെ സൂചി നീക്കത്തിനുള്ള കാരണം രേഖപ്പെടുത്തിയിരിക്കുന്നത് ആണവയുദ്ധ ഭീഷണി കൈകാര്യം ചെയ്യുന്നതിൽ ലോക നേതാക്കന്മാരുടെ പരാജയവും കാലാവസ്ഥാ വ്യതിയാനവുമാണ്. (The failure of world leaders to deal with looming threats of nuclear war and climate change. This is the clock's closest approach to midnight, matching that of 1953.)

ഈ കാലയളവിൽ തന്നെയാണ് ലോക സമാധാനത്തിന് നേരിടുന്ന ഭീഷണി തന്റെ അന്തർദൃഷ്ടികൊണ്ട് കണ്ടറിഞ്ഞ ആഗോള അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പരമോന്നത നേതാവ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ലോക സമാധാനത്തിനായുള്ള തന്റെ ദൗത്യ യാത്രകൾ ആരംഭിച്ചത് എന്നത് വിസ്മയകരമാണ്. വൻ ശക്തികളുടെ ഭരണത്തലവന്മാർ, പ്രബല രാജ്യങ്ങളിലെ പാർലമെന്റുകൾ, മാർപ്പാപ്പ മുതൽ ലോക ജനതക്കിടയിൽ സ്വാധീനമുള്ള വ്യക്തികൾ മുതലായവരെയെല്ലാം അഭിമുഖം നടത്തിയും അഭിസംബോധന ചെയ്തും കത്തെഴുതിയും ആണവ ദുരന്തമായി തീർന്നേക്കാവുന്ന മഹായുദ്ധങ്ങൾ ഒഴിവാക്കാനുള്ള തന്റെ ശാന്തി ദൗത്യങ്ങളുടെ തീവ്രശ്രമം തുടരുകയാണ്. ഖലീഫത്തുൽ മസീഹിന്റെ സമാധാന ദൗത്യം ലോകത്ത് സാക്ഷാത്ക്കരിക്കുമാറാകട്ടെ എന്ന് ഈ പുതുവത്സര സന്ദർഭത്തിൽ നമുക്കും പ്രാർഥിക്കാം.



ഹദ്റത്ത് അഹ്മദ് (അ)

# ധർമശാസ്ത്രം മനുഷ്യനെ പൂർണനാക്കുന്നു

ധർമശാസ്ത്രത്തിന് മനുഷ്യന്റെ മേലുള്ള സ്വാധീനശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുക എന്നതാണ്. ഈ നിയന്ത്രണത്തിന്റെ പരിണിതഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം, എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് ദൈവം നൽകിയ ജ്ഞാന വിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റ് അനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കി തീർക്കുന്നു. സൂര്യനെപോലെ അവൻ തന്റെ പ്രകാശ സമ്പത്ത് എല്ലാവർക്കും പകർന്ന് കൊടുക്കുകയും ചന്ദ്രനെ പോലെ അവൻ സർവ പ്രകാശ കേന്ദ്രമായ ദൈവത്തിൽ നിന്ന് സ്വീകരിക്കുന്ന പ്രഭാപുരം അന്യർക്ക് ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. പകലിനെ പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സദ്ഗതിയുടേയും മാർഗങ്ങൾ ലോകത്തിന് കാണിച്ചു കൊടുക്കുന്നു. രാവിനെപോലെ ബലഹീനരുടെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും മറച്ചു വെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെ പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുകയും ചെയ്യുന്നു. ഭൂമിയെ പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു. ഈദൃശമായ ഒരു പരിവർത്തനമാണ് പരിപൂർണ ധർമ നിയമം കൊണ്ടുണ്ടായിത്തീരുന്നത്. ഈ നിയമ ശാസ്ത്രമനുസരിച്ചു ജീവിക്കുന്ന ഒരുവൻ തന്റെ സ്രഷ്ടാവിനോടുള്ള കർത്തവ്യങ്ങളനുഷ്ഠിക്കുന്നതിനും സമസൃഷ്ടങ്ങളോടുള്ള തന്റെ ധർമങ്ങൾ നിറവേറ്റുന്നതിനും കഴിവുറ്റവനായി തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഭക്തൻ ദൈവപ്രേമത്തിൽ ലയിച്ചു സമസൃഷ്ടികളോടുള്ള യഥാർഥ സേവകനായി തീരുന്നു. ധർമശാസ്ത്രമനുസരിച്ചുള്ള ജീവിതം ഒരുവനിൽ ഇവിടെ ഉണ്ടാക്കി തീർക്കുന്ന പ്രഭാവമാണിത്. എന്നാൽ മറുലോകത്ത് അവനു സിദ്ധിക്കുന്ന ഫലമാകട്ടെ ദൈവത്തോടുള്ള ആത്മൈക്യം ആ നാളിൽ പ്രത്യക്ഷ ദർശനരൂപത്തിൽ അനുഭൂതമാകുന്നുവെന്ന താണ്. സത്യവിശ്വാസത്തിന്റെയും സൽക്കർമാസക്തി യുടെയും പ്രേരണയാൽ അവൻ ദൈവാനു ഗ്രഹബദ്ധരായി ചെയ്യുന്ന സമസൃഷ്ടി സേവനം സ്വർഗത്തിലെ വൃക്ഷങ്ങളും നദികളുമായി രൂപാന്തരപ്പെടുന്നതായിരിക്കും. വിശുദ്ധ ഖുർആൻ 91-ാം സൂറായിൽ പറയുന്നു: ***സൂര്യനെ കൊണ്ടും അതിന്റെ പ്രകാശത്തെ കൊണ്ടും സൂര്യനെ പിന്തുടരുന്ന (അതായത് സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് അതിനെ പോലെ ആ പ്രഭാപൂരം അന്യരിൽ വിതരണം ചെയ്യുന്ന) ചന്ദ്രനെ ക്കൊണ്ടും സൂര്യന്റെ കാന്തിയെ വെളിപ്പെടുത്തുകയും മാർഗങ്ങളെ തെളി ച്ചുകാട്ടുകയും ചെയ്യുന്ന ദിനത്തെ കൊണ്ടും അന്ധ കാരം പരത്തുകയും സർവരേയും ഇരുട്ടിൽ മറക്കുക യും ചെയ്യുന്ന രാത്രിയെ കൊണ്ടും ആകാശത്തെ കൊണ്ടും തൽസൃഷ്ടിയുടെ ആദി കാരണത്തെ കൊ ണ്ടും ഭൂമിയെകൊണ്ടും അതിനെ പരപ്പാക്കിയ ആദികാരണത്തെ കൊണ്ടും ആത്മാവിനെ കൊണ്ടും അതിനെ സർവ വസ്തുക്കളുടെയും തുല്യഗുണത്തി ൽ നിർത്തിയ അതിന്റെ ശ്രേഷ്ഠത കൊണ്ടും സത്യം. അതായത് ഈ വസ്തു ക്കളിലെല്ലാം വ്യഷ്ടിഗതമായി കാണപ്പെടുന്ന സവിശേഷതകളെല്ലാം പൂർണത പ്രാപിച്ച് ആ മനുഷ്യന്റെ ആത്മാവിൽ സമഷ്ടിയായി സമ്മേളിതമായിരിക്കുന്നതിനാൽ ആ വസ്തുക്കളോരോ ന്നും പ്രത്യേകം പ്രത്യേകമായി മനുഷ്യലോകത്തിന് ചെയ്യുന്ന സേവനങ്ങളത്രയും മുൻപ്രസ്താവിച്ചതിൻ വണ്ണം ആ മനുഷ്യോത്തമൻ ഒറ്റക്ക് നിർവഹിക്കുമാറാ കുന്നു) ഇപ്രകാരം ആർ തന്റെ ആത്മാവിനെ സംസ് ക്കരിച്ചുവോ അതായത് സൂര്യചന്ദ്രാദികളെ പോലെ ദൈവേഛക്ക് വഴിപ്പെട്ട് മനുഷ്യസേവനത്തിന് തുനി ഞ്ഞിറങ്ങിയോ അവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു. മൃത്യുവിൽ നിന്ന് മോചനം നേടിയിരിക്കുന്നു. (91:1-4)***

മരണത്തിൽ നിന്നുള്ള മുക്തി അഥവാ അമരജീവിതം കൊണ്ട് ഇവിടെ വിവക്ഷിക്കപ്പെട്ടിരി ക്കുന്നത് ഭാവിയിൽ പരിപൂർണാത്മാവിന് അഥവാ സിദ്ധപുരുഷന് ലഭിക്കുന്ന നിത്യജീവിതം ആകുന്നു. ഇതിൽ നിന്ന് ധർമനിയമമനുസരിച്ചുള്ള ജീവിതം മുഖേന ഭവിഷ്യ ജീവിതത്തിൽ പ്രാപ്യമാകുന്ന പ്രതിഫലം ദൈവദർശനമാകുന്ന ആഹാരം കൊണ്ട് നിത്യസ്ഥിതമായി ഭവിക്കുന്ന ചിരഞ്ജീവിതമാണെന്ന് സിദ്ധിക്കുന്നു. (ഇസ്ലാംമത തത്ത്വജ്ഞാനം)

സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 2015 മാർച്ച് 15ന് നടന്ന 12-ാമത് വാർഷിക പീസ് സിമ്പോസിയത്തിൽ ഖലീഫത്തുൽ മസീഹ് നിർവഹിച്ച മുഖ്യപ്രഭാഷണം. വിവ: എ. എം. മുഹമ്മദ് സലീം

# വിശ്വശാന്തിയുടെ സുവർണ തത്ത്വങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

കഴിഞ്ഞ പീസ് സിമ്പോസിയത്തിൽ പറയപ്പെട്ട കാര്യങ്ങൾക്ക് എന്തെങ്കിലും ഗുണപരമായ ഫലങ്ങളും നേട്ടങ്ങളും ഉണ്ടായിട്ടുണ്ടോ എന്നറിയാനും നിങ്ങളിൽ ചിലർ ഉത്സുകരായിരിക്കും എന്ന് കൂടി ഞാൻ വിശ്വസിക്കുന്നു. അത്തരം കാര്യങ്ങളിൽ താൽപര്യം കാണിക്കുന്നത് നല്ലകാര്യമാണ്. തീർച്ചയായും സമാധാനം സ്ഥാപിക്കുന്നതിനായി നടത്തുന്ന ഏതൊരു ശ്രമവും വിജയകരവും അനുഗൃഹീതവുമാണെന്ന് എല്ലാ ജനവിഭാഗങ്ങളും അഭിലഷിക്കേണ്ടതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം തീർച്ച

യായും നമ്മുടെ ശ്രമങ്ങൾക്ക് ലോകത്ത് ഗുണപരമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്. എങ്കിലും സമാധാനത്തിന് വേണ്ടി നാം കൂട്ടായി അഭിലഷിക്കുന്നുണ്ടെങ്കിലും ലോകം കൂടുതൽ സംഘർഷങ്ങളിലേക്കും ക്രമരാഹിത്യങ്ങളിലേക്കും അന്ധകാരത്തിലേക്കും ഗതിവേഗം കൊള്ളുകയാണ്. ആശ്വാസകരമായ ഒരുകാര്യം കഴിഞ്ഞ പീസ് സിമ്പോസിയം മുതൽ ശുഭാപ്തി വിശ്വാസം നൽകുന്ന ഒരു പ്രകാശകിരണം അകലെ നിന്നും ദൃശ്യമായിരിക്കുന്നു എന്നതാണ്.

കഴിഞ്ഞ പീസ് സിംമ്പോസിയത്തിൽ ഞാൻ ഉന്നയിച്ച ഒരു കാര്യം ISIS അല്ലെങ്കിൽ IS എന്നീ പേരുകളിൽ അറിയപ്പെടുന്ന ഭീകര ഗ്രൂപ്പുകൾക്കുള്ള ധന സഹായങ്ങളുടെ സരണികൾ അടിയന്തിരമായി വിച്ഛേദിക്കപ്പെടുകയും അതിൽ ശ്രദ്ധകേന്ദ്രീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട് എന്നായിരുന്നു. കഴിഞ്ഞ കുറച്ചു മാസങ്ങളായി ഏറ്റവും ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാനുള്ള ഉദ്യമങ്ങൾ നടന്നുവരുന്നുണ്ട്. ഞാൻ കാരണമാണ് ഇത് സംഭവിച്ചതെന്നോ ഞാൻ ഇത് ചൂണ്ടിക്കാട്ടിയത് കൊണ്ടാണ് ഈ നടപടിയെന്നോ എനിക്ക് അവകാശവാദമില്ല. ഉദാഹരണത്തിന് കഴിഞ്ഞ ഫെബ്രുവരിയിൽ ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിലിൽ ISIS ക്ക് ധനസഹായം നൽകുന്നവരെ നേരിട്ട് ലക്ഷ്യം വെച്ച്കൊണ്ട് ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. അതായത് അവർക്ക് ധനസഹായം നൽകുന്ന ഗ്രൂപ്പുകൾക്കും അവരിൽ നിന്ന് നിയമവിരുദ്ധമായി എണ്ണ വാങ്ങുന്നവർക്കും ഏതെങ്കിലും വിധത്തിൽ വ്യാപാരം നടത്തുന്നവർക്കും ഉപരോധം ഏർപ്പെടുത്തും എന്നതായിരുന്നു ആ പ്രമേയം. പ്രമേയത്തിന്റെ അന്തസ്സത്ത ശരിയായ രീതിയിൽ നടപ്പാക്കിയെങ്കിൽ ഞാൻ ഇതിന് മുമ്പ് പറഞ്ഞതുപോലെ ISIS നെ പരാജയപ്പെടുത്താൻ വർഷങ്ങൾ എടുക്കേണ്ടിവരില്ല. അല്ലാതെ തന്നെ മാസങ്ങൾക്കകം അവരുടെ ക്രൂരതകൾക്ക് അറുതിവരുത്താൻ സാധിക്കുന്നതാണ്.

ലോകത്ത് സമാധാനം സ്ഥാപിക്കാൻ മുസ്‌ലിം രാജ്യങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ മുസ്‌ലിം രാജ്യങ്ങളും അവരുടെ സകല സഖ്യരാജ്യങ്ങളും പരമാവധി ഈ പ്രമേയത്തിൽ പറഞ്ഞകാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. തീർച്ചയായും ഈയൊരു പ്രശ്നത്തിൽ ഐക്യരാഷ്ട്ര സഭയുടെ പ്രമേയത്തെ പൂർണമായി പിന്തുണച്ച് പ്രതിബദ്ധത കാട്ടേണ്ടത് മുസ്‌ലിം ലോകത്തിന്റെ ഭാരിച്ച ഉത്തരവാദിത്വമാണ്. കാരണം ISIS എന്ന ഗ്രൂപ്പിനാൽ സ്ഥാപിക്കപ്പെട്ടു എന്ന് പറയുന്ന രാഷ്ട്രമോ ഭരണകൂടമോ, അതിനിന്ദ്യവും വന്യവുമായ അവരുടെ അത്യാചാരങ്ങൾ ഇസ്‌ലാമിന്റെ പേരിലാണ് നിർവഹിക്കപ്പെടുന്നത്. ഇത് ഒരു യഥാർഥ മുസ്‌ലിമിനെ അതീവ ദുഃഖിതനാക്കും. ഇത്തരം ഹീനകൃത്യങ്ങളുമായി തങ്ങളുടെ മതത്തിന് യാതൊരു ബന്ധവുമില്ല എന്ന് അവർക്കറിയാം.

ഇയ്യിടെ ISIS ജയിലിലടച്ച ഫ്രഞ്ച് പത്രപ്രവർത്തകൻ 10 മാസം അവരുടെ തടങ്കലിലായിരുന്നു. മോചിതനാവുന്നതിന്ന് മുമ്പുള്ള അദ്ദേഹത്തിന്റെ തടവുകാലത്തെ അനുഭവങ്ങൾ വിവരിച്ച്കൊണ്ട് ഒരു റിപ്പോർട്ട് വരികയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ തടവുകാലത്ത് ഖുർആന്റെ ഒരു കോപ്പിപോലും അദ്ദേഹത്തിന് കാണാനായില്ല എന്ന് പറഞ്ഞിരുന്നു. നിങ്ങൾ ആളുകളുടെ ശിരഛേദം ചെയ്യുന്നതും മറ്റു നിരവധി ക്രൂര കൃത്യങ്ങളും എങ്ങനെയാണ് ന്യായീകരിക്കുന്നത് എന്ന് ഫ്രഞ്ച് പത്രപ്രവർത്തകൻ ഭീകരവാദികളോട് ചോദിച്ചപ്പോൾ അവർക്ക് യാതൊരു ഉത്തരവും ഉണ്ടായിരുന്നില്ല. അവർ ആഗ്രഹിക്കുന്നത് പോലെ അവരുടെ ഇഛാശക്തി നടപ്പിൽ വരുത്തുകയാണ്. അത് തങ്ങൾ തുടരുമെന്നുമാണ് ഭീകരവാദികളിൽ നിന്നുണ്ടായ ലളിതമായ ഉത്തരം എന്നായിരുന്നു ഫ്രഞ്ച് പത്രപ്രവർത്തകൻ പറഞ്ഞത്. യുണൈറ്റഡ് കിംഗ്ഡത്തിന് ഇക്കാര്യത്തിൽ പ്രത്യേക ജാഗ്രത വേണം. കാരണം പ്രസ്തുത ജേർണലിസ്റ്റ് പറഞ്ഞ പ്രകാരം ബ്രിട്ടനിൽ നിന്ന് സിറിയയിലേക്ക് യാത്രതിരിക്കുന്ന തീവ്രവാദികളാണ് മറ്റു തീവ്രവാദികളേക്കാൾ ഭീഭത്സവും അതി ക്രൂരവുമായ ഭീകര പ്രവർത്തനങ്ങൾ അവിടെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്.

വ്യക്തമായും ബ്രിട്ടീഷ് അധികാരികളെ സംബന്ധിച്ചിത്തോളം ഇത് അതീവ ഗുരുതരമായ കാര്യമാണ്. തീവ്രവാദികളായി മാറുന്ന യുവതീ യുവാക്കൾ സിറിയയിലേക്കും ഇറാഖിലേക്കും യാത്ര ചെയ്യുന്നതായും തീവ്രവാദ സംബന്ധിയായ കുറ്റകൃത്യങ്ങൾക്ക് പിടിക്കപ്പെടുന്നതായും ദിനേനയെന്നോണം വാർത്തകൾ പ്രത്യക്ഷപ്പെടുന്നു. തീവ്രവാദവത്ക്കരണം ബ്രിട്ടനും യൂറോപ്പിനും മാത്രമല്ല ലോകത്താകെ തീർച്ചയായും ഗുരുതരമായ ഒരു പ്രശ്നമാണ്. അത്കൊണ്ട് ഭരണകൂടങ്ങൾ അവരുടെ ഉത്ക്കണ്ഠയെകുറിച്ച് കൃത്യമായി മുറവിളി കൂട്ടുകയാണ്. ഈ പ്രശ്നം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് അവർ സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. എന്തുതന്നെയായാലും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് ഉചിതവും കൃത്യവുമായ നടപടികൾ ഇത്വരെ ആരും കൈകൊണ്ടിട്ടില്ല.

ഉദാഹരണത്തിന് പോലീസും ഇന്റലിജന്റ് ഏജൻസികളും സിറിയയിലേക്കും ഇറാഖിലേക്കും പോകുന്നവർ ശരിയായ നിരീക്ഷണത്തിന് വിധേയരാക്കപ്പെട്ടിട്ടില്ല എന്ന് സമ്മതിച്ചിരിക്കയാണ്. അവരെ അങ്ങനെ നിരീക്ഷണത്തിന് വിധേയരാക്കിയിരുന്നുവെങ്കിൽ അവർ രാജ്യം വിടുന്നത് തടയാമായിരുന്നു. എന്തായിരുന്നാലും ഞാൻ നേരത്തെ സൂചിപ്പിച്ചത്പോലെ ഇന്നത്തെ ഈ അവസ്ഥയിൽ മുസ്‌ലിം ലോകം മാത്രമല്ല ആശങ്കാകുലരാകേണ്ടത്. ഇത് മുഴുലോക

ത്തിന്നും ഒരു മുന്നറിയിപ്പാണ്. കാരണം വിദേശത്ത് പോവുന്ന തീവ്രവാദി തിരിച്ച് സ്വദേശത്തേക്ക് മടങ്ങിവരുമ്പോൾ അയാൾ സമൂഹത്തിന് അപകടകരവും ഗുരുതരവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ള ഒരാളായി മാറുന്നു.

ISIS നോട് ചില ലോക നേതാക്കന്മാർ പ്രതികരിച്ചിട്ടുണ്ട്. എരിതീയിൽ എണ്ണ ഒഴിക്കുന്നതിന് പകരം ചില മത രാഷ്ട്രീയ നേതാക്കന്മാരുടെ പ്രതികരണങ്ങൾ ആശാവഹമാണ്. അവർ വ്യക്തമായി പറഞ്ഞത്. ISIS ഓ മറ്റേതെങ്കിലും തീവ്രവാദി ഗ്രൂപ്പുകളോ ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളെ പ്രതിനിധീകരിക്കുന്നില്ല എന്നാണ്. ഉദാഹരണത്തിന് ഈയ്യിടെ വാഷിംഗ്ടണിൽ വെച്ച് നടത്തിയ ഒരു പ്രഭാഷണത്തിൽ അമേരിക്കൻ പ്രസിഡന്റ് ഒബാമ പറഞ്ഞത് തീവ്രവാദികൾ അവരുടെ സ്വന്തം മതത്തെ തന്നെയാണ് വഞ്ചിക്കുന്നത് എന്നാണ്. അവർക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ISIS പോലെയുള്ള ഭീകര സംഘങ്ങളുടെ പ്രവർത്തനങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കുന്നതിനെതിരെ ന്യൂയോർക്കിലെ കത്തോലിക്കാ ആർച്ച് ബിഷപ്പ് തുറന്നെതിർക്കുകയുണ്ടായി.

ഭീകരവാദികളുടെ പ്രവർത്തനങ്ങളെ വ്യാജമായി ഇസ്‌ലാമുമായി ബന്ധിപ്പിച്ചു ചിലർ പറയുന്നു. ഇതിനെതിരെ ചില വിശാല ഹൃദയരായ രാഷ്ട്രീയ നേതാക്കന്മാരും മതനേതാക്കന്മാരും പ്രതികരിക്കുകയുണ്ടായി. ഉദാഹരണമായി ജനുവരി മാസത്തിൽ പാരീസിലെ ചാർലി ഹെബ്ദോ (Charle Hebdo) എന്ന മാഗസിനെ ആക്രമിച്ചത് നിങ്ങൾ ശ്രദ്ധിച്ചുകാണും. അത് തികച്ചും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ഭീഭത്സമായ ഒരു ആക്രമണമായിരുന്നു. ആ സംഭവത്തെ തുടർന്ന് പ്രഭാഷണ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമായിരുന്നു ഉയർന്നു വന്നത്. ഫ്രാൻസിസ് മാർപാപ്പ ഇത് സംബന്ധിച്ച് പറഞ്ഞത്, ഒരു കൂട്ടർ മറ്റൊരു കൂട്ടരെ പ്രകോപിപ്പിക്കുകയോ അവരുടെ വിശ്വാസത്തെ നിന്ദിക്കുകയോ അരുത് എന്നാണ്. ഓരോ മതത്തിന്റേയും വിശ്വാസത്തിന്റേയും അന്തസ്സ് ബഹുമാനിക്കപ്പെടേണ്ടതുണ്ട്. നാം പൊതു നന്മക്ക് വേണ്ടിയാണ് സംസാരിക്കേണ്ടത്.

ബഹുമാന്യനായ മാർപാപ്പ വളരെ ഉചിതമായ രീതിയിൽ അക്കാര്യം മറ്റൊരു ഉദാഹരണത്തിലൂടെ പറയുകയുണ്ടായി. ഒരു ഉത്തമ സുഹൃത്തായാലും തന്റെ മാതാവിനെക്കുറിച്ച് മോശം വാക്കുകൾ പറഞ്ഞാൽ തിരിച്ച് അയാൾക്ക് ഒരു തൊഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ മാർപാപ്പയുടെ ഈ അഭിപ്രായം വളരെ വിവേകപൂർണവും യുക്തി ഭദ്രവുമാണ്. മത സ്വാതന്ത്ര്യത്തേയും സഹിഷ്ണുതയേയും പിന്തുണക്കാൻ പോപ്പിന്റെ ഭാഗത്ത് നിന്നുള്ള ഒരു മഹനീയ ശ്രമവുമാണിത്. എന്തുതന്നെയായാലും തീവ്രവാദത്തിന്റെ പേരിലുള്ള ഏതുതരം വിദ്വേഷാത്മകമായ ആക്രമണത്തെയും അനീതിയേയും ന്യായീകരിക്കുന്നവർ എവിടെയായിരുന്നാലും എപ്പോഴായിരുന്നാലും അപലപിക്കപ്പെടേണ്ടവരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം പ്രവർത്തികൾക്ക് ഇസ്‌ലാമിന്റെ യഥാർഥത്തിലുള്ളതും സമാധാന പൂർണവുമായ അദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ തീവ്രവാദത്തിന് വിരാമമിടാൻ നയതന്ത്രവിദഗ്ധന്മാരും ഭരണകൂടങ്ങളും ഇപ്പോഴും എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

എന്റെ വീക്ഷണത്തിൽ വൻശക്തികൾ പ്രാദേശിക ഭരണകൂടങ്ങളെ വിശ്വാസത്തിലെടുത്ത് അവരെ പിന്തുണക്കുകയും പരസ്പര വിശ്വാസം ഊട്ടിയുറപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. തീവ്രവാദം ഇല്ലാതാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം, പ്രസ്തുത രണ്ടു രാജ്യങ്ങളും പരസ്പരം അടുത്ത് സഹകരിച്ച് ഒരു സംയുക്ത തന്ത്രം രൂപീകരിച്ചുകൊണ്ട് പ്രാദേശിക തീവ്രവാദികളുടെ വിദ്വേഷകലുഷിതമായ ആശയങ്ങൾ പ്രചരിക്കുന്നത് തടയാനാവും. പ്രാദേശിക ഭരണകൂടങ്ങളെ എതിർത്തുകൊണ്ട് അവിടെയുള്ള പ്രാദേശിക റബലുകൾക്ക് സായുധ പരിശീലനവും ആയുധവും നൽകുന്നതിന് പകരം അതായത് ഭരണകൂടങ്ങളെ സഹായിക്കുന്നതായിരിക്കും തീവ്രവാദത്തെ തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. റബലുകളെ സഹായിക്കുന്ന നയങ്ങൾ അതാത് രാജ്യങ്ങളിൽ നിലവിലുള്ള സംഘർഷങ്ങളും കലാപങ്ങളും ആളിക്കത്തിക്കാനായിരിക്കും ഉതകുക. തീർച്ചയായും ഈ നയത്തിന്റെ അപകടവും ഭോഷത്തരവും നാം കണ്ടുകഴിഞ്ഞതാണ്. കുറച്ച് കാലം മുമ്പ് ചില വൻ ശക്തികൾ സിറിയയിലെ പ്രതിപക്ഷ കക്ഷിയിലെ അംഗങ്ങൾക്ക് സൈനിക പരിശീലനം നൽകുകയുണ്ടായി. ആ റബലുകൾ തങ്ങളുടെ പുതിയ ആയുധങ്ങളും സൈനിക പരിശീലനങ്ങളുമായി ഭീകരസംഘങ്ങളിലേക്ക് ചേക്കേറിയതായി പിന്നീട് വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ മുൻ അനുഭവം ഉണ്ടായിട്ടും ആയിരക്കണക്കിന് സിറിയൻ റബലുകൾക്ക് തുർക്കിയിലും ഖത്തറിലും സഊദി അറേബ്യയിലും സൈനിക പരിശീലനം നൽകാൻ പോകുന്നു എന്ന് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

വൻശക്തികൾ അവിടെയുള്ള പ്രാദേശിക ഭരണകൂടങ്ങളുമായി പരസ്പരബന്ധം സ്ഥാപിച്ച് അവരെ സഹായിച്ചുകൊണ്ടായിരിക്കണം അവരുടെ രാജ്യങ്ങളിൽ തീവ്രവാദം അടിച്ചമർത്തേണ്ടത്. ഇതായിരിക്കും ഏറ്റവും ഫലപ്രദമായ മാർഗം എന്നാണ് എന്റെ വിശ്വാസം. അതാത് രാജ്യത്തെ പൗരന്മാരോടു ഭരണകൂടം നീതിപൂർവം പെരുമാറുമെന്നും അവരുടെ അവകാശങ്ങൾ യാതൊരു

വിധത്തിലും ഹനിക്കപ്പെടാൻ പാടില്ല എന്നുമുള്ള ഉറപ്പിലായിരിക്കണം തീവ്രവാദ പ്രശ്നമുള്ള രാജ്യങ്ങളിലെ ഗവൺമെന്റുകളെ പിന്തുണക്കേണ്ടത്. സിറിയയിലാവട്ടെ ഇറാഖിലാവട്ടെ മറ്റേതൊരു രാജ്യത്താവട്ടെ പൊതുജനം തങ്ങളുടെ ഗവൺമെന്റുകൾക്കെതിരെ തിരിഞ്ഞാൽ അത് ഒരു അധികാരശൂന്യതയിലേക്ക് ആ രാജ്യത്തെ തള്ളിവിടും. ഈ അവസ്ഥ തീവ്രവാദികൾ അവർക്ക് നേട്ടമുണ്ടാക്കാനായി വമ്പിച്ച തോതിൽ ചൂഷണം ചെയ്യും. ആ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിലെ അരാചകത്വവും നിയമവാഴ്ചയുടെ അഭാവവും ഭീകരവാദികൾക്ക് ചുവടുറപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും അവർക്ക് പടർന്ന് പന്തലിക്കാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുന്നു. ഞാൻ പറഞ്ഞത്പോലെ യൂറോപ്പിൽനിന്നും ആസ്ട്രേലിയയിൽനിന്നും ചൈനയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുപോലും രാജ്യാതിർത്തികൾ കടന്നുകൊണ്ട് ISISൽ ചേരാൻ ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ തീർച്ചയായും യൂറോപ്പിലും പടിഞ്ഞാറൻ നാടുകളിലും അനുഭവപ്പെടുന്നതായിരിക്കും. തീർച്ചയായും ഇതൊരു മുസ്‌ലിം പ്രശ്നം മാത്രമല്ല, ഇത് ഒരു ആഗോള പ്രശ്നമാണ്. ലോകം മുഴുവൻ സംഘർഷ ഭരിതമാക്കാൻ ശേഷിയുള്ള പ്രശ്നമാണ്.

ചുരുക്കത്തിൽ ഭീകരവാദത്തെ കടിഞ്ഞാണിടാനുള്ള ശ്രമങ്ങളൊന്നും ഫലപ്രദമാവുന്നില്ല എന്നാണ് തെളിയുന്നത്. നമുക്ക് ലിബിയയിലെ പ്രശ്നം നോക്കാം. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഗദ്ദാഫി ഭരണകൂടത്തെ പിഴുതുമാറ്റാൻ പ്രാദേശിക റബലുകളെ ചില ശക്തികൾ സഹായിച്ചു. പക്ഷേ ഇത് എന്ത് നേട്ടമാണുണ്ടാക്കിയത്? ലിബിയൻ ജനതയുടെ ജീവിത നിലവാരത്തിൽ എന്തെങ്കിലും ഗുണം അതുകൊണ്ടുണ്ടായോ? തീർച്ചയായും ഇല്ല – ആ രാജ്യം ജനശൂന്യമായി, വിഭജിതമാവുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. അത് ലിബിയയെ ഭീകരവാദത്തിന്റേയും അരക്ഷിതാവസ്ഥയുടെയും വിളനിലമായി മാറ്റി. ഗദ്ദാഫിയുടെ ജന്മ നഗരംപോലും ISIS ബന്ധമുള്ള ഭീകരവാദികളാണ് നിയന്ത്രിക്കുന്നത് എന്ന് പറയപ്പെടുന്നു. ഈ പട്ടണം ഇറ്റലിയിൽ നിന്ന് 300 മൈൽ മാത്രം അകലെയാണ് ഈ വിധത്തിൽ തീവ്രവാദികൾ യൂറോപ്പിന്റെ പടിവാതിൽക്കൽ വരെ എത്തിക്കഴിഞ്ഞുവെന്നാണ് വിശകലന വിദഗ്ധർ പറയുന്നത്.

നാം കിഴക്കൻ യൂറോപ്പിലേക്ക് നോക്കുകയാണെങ്കിൽ അവിടെ തീവ്രവാദവത്ക്കരണത്തിന് വിധേയരായ ആളുകൾ സിറിയയിലേക്കോ ഇറാഖിലേക്കോ പോകുന്നില്ല. മാത്രമല്ല, അഫ്ഘാനിസ്ഥാനിലേയും പാകിസ്താനിലേയും ഭീകരസംഘങ്ങളിലേക്ക് അവർ ചേക്കേറുകയാണ്. പാകിസ്താനും അഫ്ഘാനിസ്ഥാനും ദീർഘകാലമായി തീവ്രവാദവും ഭീകരവാദവും അടക്കിവാഴുന്ന അത്യന്തം അസ്ഥിരമായ രാജ്യങ്ങളാണ്. തുടർന്നുകൊണ്ടിരിക്കുന്ന ഈ പ്രശ്നവും ഉത്കണ്ഠയുളവാക്കുന്ന കാര്യമാണ്. നാം ആഫ്രിക്കയിലേക്ക് ശ്രദ്ധതിരിക്കുകയാണെങ്കിൽ ബൊക്കോ ഹറാം, അൽ സഹാബ എന്നീ ഭീകര സംഘങ്ങൾ ഇസ്‌ലാമിന് തികച്ചും വിരുദ്ധവും അത്യന്തം ഭീഭത്സമായ ക്രൂരകൃത്യങ്ങളാണ് കാഴ്ച്ചവെച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നങ്ങളുടെ ദൂരവ്യാപകമായ ഫലങ്ങൾ ആഫ്രിക്കൻ രാജ്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. അത് വിശാലമായ ലോകം മുഴുക്കെ പടരുന്നതാണ്. അരാചകത്വവും ക്രമരാഹിത്യവും മുസ്‌ലിം രാജ്യത്ത് മാത്രമല്ല കാണപ്പെടുന്നത് ഉദാഹരണത്തിന് ഉക്രൈനിലെ അവസ്ഥ അപരിഹാര്യമായി നിൽക്കുന്നതും അങ്ങേയറ്റം അപകടകരമാണ്. താൽക്കാലികമായ ഒരു വെടിനിർത്തൽ കരാർ ഈയ്യിടെ ഒപ്പുവെച്ചിട്ടുണ്ട്. ഭാവിയിൽ യുദ്ധം അവസാനിക്കുമെന്നോ തുടരുമെന്നോ പറയാനാവില്ല. ഒരു പ്രദേശത്തുണ്ടാവുന്ന ഭീഷണിയെ കുറച്ചുകാണുന്നത് വൻ ശക്തികളെ സംബന്ധിച്ചിടത്തോളം ഹിതകരമല്ല. ശീതയുദ്ധം അവസാനിച്ച് ഇരുപത്തഞ്ച് വർഷങ്ങൾക്ക് ശേഷവും രാഷ്ട്രീയ സംഘർഷങ്ങളും മറ്റു ഗുരുതരമായ പ്രശ്നങ്ങളും ഈ മേഖലയെ എങ്ങനെ വലയം ചെയ്തു എന്നതിനെകുറിച്ച് ധാരാളം എഴുതപ്പെടുകയും പറയപ്പെടുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രശ്നവും അതിലൊന്നാണ്. അത് ഇതുവരെ അത് ചർച്ചചെയ്യപ്പെട്ടിട്ടില്ല.

നാം കാണുന്ന മറ്റൊരു പ്രശ്നം പലഗവൺമെന്റുകളും അവരുടെ സൈനിക ചെലവുകൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഉദാഹരണത്തിന് വരും വർഷങ്ങളിൽ ചൈന അവരുടെ സൈനിക ചെലവ് വൻതോതിൽ വർധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. എന്തുതന്നെയാണെങ്കിലും മറ്റു വലിയ രാജ്യങ്ങളെ അപേക്ഷിച്ച് ചൈനയുടെ സൈനിക ബഡ്ജറ്റ് കുറഞ്ഞതായിരുന്നു. പ്രശ്നത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ സൈനിക ചെലവിന്റെ കാര്യത്തിൽ രാഷ്ട്രങ്ങൾ തമ്മിൽ മേധാവിത്വത്തിന് വേണ്ടി ഒരു മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സൈനിക ചെലവുകൾ അകാരണമായല്ല വർധിക്കുന്നത്. ഇതിന് പിന്നിൽ അന്തർധാരയായി വർത്തിക്കുന്ന ചില ലക്ഷ്യങ്ങളുണ്ട്. നാം യഥാർഥത്തിൽ സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ ഐക്യരാഷ്ട്ര സഭയും വൻശക്തികളും നീതിയുക്തമായ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യേണ്ടതുണ്ട്.

മദ്ധ്യപൗരസ്ത്യ ദേശത്തെ അവസ്ഥ നോക്കൂ. ഫലസ്തീനും ഇസ്റായേലും തമ്മിലുള്ള ശത്രുതയും വിദ്വേഷവും തുടർച്ചയായി അധികരിച്ചു വരികയാണ്. ഈ ശത്രുത ഇടക്കിടെ വിവേകരഹിതമായ രക്തചൊരിച്ചിലും കലാപങ്ങളുമായി ആളിക്കത്തുകയാണ്. ഇസ്റായേലും ഇറാനുമായുള്ള ബന്ധവും വളരെയേറെ സംഘർഷ

ഭരിതമാണ്. വളരെക്കാലമായി ഈ രണ്ടു രാജ്യങ്ങൾക്കുമിടയിലുള്ള അവിശ്വാസവും പരസ്പര വിദ്വേഷവും നാൾക്കുനാൾ വർധിച്ചുവരികയാണ്. ചുരുക്കത്തിൽ ലോകത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളും സംഘർഷഭരിതവും കലാപ കലുഷിതവുമാണ്. ഖേദകരമെന്ന് പറയട്ടെ ഈ പരിതാപകരമായ അവസ്ഥയിൽനിന്ന് മനുഷ്യവംശത്തെ മോചിപ്പിക്കാൻ ഫലപ്രദമായ ഒരു പരിഹാരം കണ്ടെത്തുന്നതിൽ ലോകം പരാജയപ്പെട്ടിരിക്കുന്നു.

ഇതിന് പിന്നിൽ അന്തർധാരയായി വർത്തിക്കുന്ന പ്രശ്നങ്ങളുടെ മൂലകാരണം അവഗണിക്കപ്പെടുകയാണ്. ഈ മൂലകാരണങ്ങൾക്ക് അതർഹിക്കുന്ന ഗൗരവതരമായ ഒരുശ്രദ്ധ ലഭിക്കുന്നില്ല. എല്ലാ രാജ്യങ്ങളും വിശ്വസിക്കുന്നത് അവരുടെ നയങ്ങളെല്ലാം ശരിയും മറ്റുള്ളവരുടേത് തെറ്റുമാണെന്നാണ്. പല രാജ്യങ്ങളും കരുതുന്നത് മറ്റു രാജ്യങ്ങളിൽ നടക്കുന്ന സംഭവങ്ങൾ അവരെ ബാധിക്കില്ല എന്നാണ്. അത്തരം വിശ്വാസങ്ങളും ധാരണകളും തെറ്റാണെന്ന് മാത്രമല്ല അത് ഹാനികരവുമാണ്. സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്തുന്ന ഇടങ്ങളിൽ പോലും പലപ്പോഴും അത് നിഷ്ഫലമായിപ്പോവുന്നു. കാരണം പ്രശ്നങ്ങൾ പരിഹരിക്കാനും സാഹചര്യങ്ങൾ മാറാനും അനാവശ്യമായ കാലവിളംബമുണ്ടാവുന്നു. കാലത്തിന്റെ ആവശ്യം മനസ്സിലാക്കി നാം പ്രവർത്തിക്കേണ്ടതുണ്ട്. ഏതൊരു പ്രശ്നവും നിയന്ത്രണ വിധേയമാക്കാനുള്ള ആസൂത്രണങ്ങൾ ചെയ്യുമ്പോഴും അത് കുറഞ്ഞ സമയപരിധിക്കുള്ളിൽ നാം ചെയ്യേണ്ടതുണ്ട്. സമാധാനം എന്നത് സത്യസന്ധതയുടെയും വിശ്വസ്തതയുടെയും നീതിയുടെയും ദൃഢമായ അടിത്തറയിൽ മാത്രമേ കെട്ടിപ്പടുക്കാനാവൂ. സമാധാനത്തിന് അനിവാര്യ ഘടകങ്ങളായ സത്യസന്ധതയും നീതിയും അവലംബിക്കാതെ ഒരു പ്രശ്നവും ഫലപ്രദമായി പരിഹൃതമാവുകയില്ല. ഞങ്ങൾ അഹ്മദിയ്യാ സമൂഹം ഭൗതികമായി ദുർബലരും സ്വാധീനമില്ലാത്തവരുമാണ്. ഞങ്ങളുടെ ലക്ഷ്യം തികച്ചും അദ്ധ്യാത്മികമാണ്. അധികാരവും ഭരണവും പിടിച്ചെടുക്കൽ ഞങ്ങളുടെ ലക്ഷ്യമല്ല. ഞങ്ങൾക്ക് രാഷ്ട്രീയമായ ലക്ഷ്യങ്ങളോ മോഹങ്ങളോ ഇല്ല. ഒരു മതസമൂഹം എന്ന നിലക്ക് ഞങ്ങളുടെ ആഗ്രഹം ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും സഹജീവികളുടെ അവകാശങ്ങൾ നിവർത്തിച്ചു കൊടുക്കുകയുംവേണം എന്നതാണ്. ഈ രണ്ട് ലക്ഷ്യങ്ങളും നിറവേറ്റുന്നതിനായി നാം ലോകത്തിന്റെ എല്ലാ ഭാഗത്തും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിവരുന്നു. ഇന്ന് ലോകത്ത് കാണുന്ന അക്രമങ്ങൾക്കും അരാചകത്വത്തിനും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല.

അതിനാൽ സമാധാനസ്ഥാപനവുമായി ബന്ധപ്പെട്ട് ഇസ്‌ലാമിന്റെ ചില അടിസ്ഥാന പാഠങ്ങൾ ഞാൻ സമർപ്പിക്കുന്നതാണ്. അത് പറയുന്നതിന് മുമ്പായി ഒരുകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ലോകത്ത് കാണുന്ന ഈ അരാചകത്വത്തിനും അരക്ഷിതാവസ്ഥക്കും കാരണം പൂർണമായും മുസ്‌ലിംകളുടെ മേലും ഇസ്‌ലാമിന്റെ പേരിലും കെട്ടിവെക്കാൻ സാധ്യമല്ല. വാസ്തവത്തിൽ ഇന്ന് ലോകത്ത് കാണുന്ന പല കുഴപ്പങ്ങളും ആളിക്കത്തിക്കുന്ന മറ്റു നിരവധി കാരണങ്ങൾ വേറെയുമുണ്ട്. സത്യവും നീതിയും നിലനിന്നെങ്കിൽ മാത്രമേ നമുക്ക് യഥാർഥ സമാധാനവും സൗഹൃദാത്മകവുമായ ഒരു ലോകത്തേക്ക് നടന്നുനീങ്ങാൻ സാധ്യമാവൂ എന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. വൻശക്തികളും ചില രാഷ്ട്രീയ-മത നേതാക്കളും ആർത്തിയും നിക്ഷിപ്ത താൽപര്യങ്ങളുമുള്ളവരാണെന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് നാം കാണുന്ന നിരാശജനകമായ ഈ അവസ്ഥക്ക് കാരണം അവരുടെ സ്വാർഥപരമായ ദുരാഗ്രഹങ്ങളാണ്. അതിന്റെ ഉത്തരവാദിത്വം കൂടി അവർക്കുണ്ട്. നിരാശയിലേക്കും വിദ്വേഷത്തിലേക്കും ജനങ്ങളെ നയിക്കുന്ന നിരവധി പ്രശ്നങ്ങൾ ലോകത്തുണ്ട്. അത് സമാധാനത്തെ തുരങ്കം വെക്കുന്ന പ്രശ്നങ്ങളാണ്. ഉദാഹരണത്തിന് ലോകം മുഴുവൻ ബാധിച്ച സാമ്പത്തിക പ്രതിസന്ധിയുടെ ഫലങ്ങൾ യൂറോപ്പിൽ അസംതൃപ്തി വളർത്തിക്കൊണ്ടിരിക്കുകയാണ്. യൂറോപ്യൻ യൂണിയന്റെ ഐക്യം വെല്ലുവിളിക്കപ്പെടുകയും തുരങ്കം വെക്കപ്പെടുകയും ചെയ്യുന്നു. കുടിയേറ്റ വിരുദ്ധരും ദേശീയ വാദികളുമായവരുടെ കക്ഷികൾ പല രാജ്യങ്ങളിലും പ്രചാരപ്പെട്ടുവരികയാണ് ഉക്രെയിനിലെ സംഘർഷങ്ങളെക്കുറിച്ച് ഞാൻ പ്രതിപാദിച്ചുകഴിഞ്ഞു. ഇതെല്ലാം ലോകസമാധാനം നേരിടുന്ന വെല്ലുവിളികളാണ്. അതൊന്നും ഇസ്‌ലാമുമായി ബന്ധമുള്ള വിഷയങ്ങളല്ല. മറിച്ച് അതെല്ലാം അധികാരവും സ്വാധീനങ്ങളും വിഭവങ്ങളും കൈയ്യടക്കാനുള്ള അടക്കാനാവാത്ത അഭിനിവേശത്തിൽനിന്നും ഉദ്ഭൂതമായവയാണ്. വൻശക്തികളുടെ നയങ്ങളെക്കുറിച്ച് നാം ചിന്തിക്കുകയാണെങ്കിൽ ബലഹീനരായ രാജ്യങ്ങളെ അവർ ബാഹ്യമായി അടിമപ്പെടുത്തുന്നില്ല എന്നത് ശരിതന്നെ. എന്നാൽ ഈ ദുർബല രാജ്യങ്ങളെ അന്യായമായി സ്വാധീനിച്ചും, നിയന്ത്രണങ്ങൾ ചുമത്തിയും അവരുടെ വിഭവങ്ങൾ ചൂഷണം ചെയ്യുകയാണ്. ഇത് പുതിയ കാര്യമൊന്നുമല്ല. അത് എല്ലാവർക്കും പ്രത്യക്ഷമായി അറിയുന്ന കാര്യങ്ങളാണ്.

ലോകത്തെവിടെയും അക്രമവും സംഘട്ടനവും ഇസ്‌ലാമിന്റെ പേരിലായാലും അല്ലെങ്കിലും ശരി, അക്രമികൾ ഒരു മതത്തിന്റെയും പ്രചോദനത്താലല്ല അവരുടെ തന്നെ അധികാരം പിടിച്ചുപറ്റാനുള്ള സ്വാർഥ പരമായ ദുരാഗ്രഹത്തിന്റെ പ്രചോദനത്താലാണ് അക്രമങ്ങൾ നടത്തുന്നത്. ഈ വസ്തുതകളെല്ലാം ഗാഢമായ പര്യാലോചനക്ക് വിധേയമാക്കുന്ന വിവേകമുള്ള ഒരാൾ, ലോകത്തിന്റെ ഇപ്പോഴത്തെ

ഗതി തങ്ങളുടെ ഭൗതികമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന്ന് വേണ്ടിമാത്രമല്ല എന്ന നിഗമനത്തിൽ എത്തിച്ചേരാൻ നിർബന്ധിക്കപ്പെടുന്നു. ഇസ്‌ലാമിനെക്കുറിച്ച് പറയുമ്പോൾ ഇക്കാലത്ത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നിരന്തരമായി ദുർവ്യാഖ്യാനിക്കപ്പെടുകയും വികലമാക്കപ്പെടുകയും ചെയ്യുന്നു. ഇസ്‌ലാം അക്രമാസക്തമായ ജിഹാദും രക്തചൊരിച്ചിലും പ്രോത്സാഹിപ്പിക്കുന്നു എന്നാണ് അവർ ആക്ഷേപം ഉന്നയിക്കുന്നത്. അതിൽ സത്യത്തിന്റെ ഒരു കണികപോലുമില്ല. ഞാൻ ഇക്കാര്യം വ്യക്തമാക്കാം. ആദ്യകാല മുസ്‌ലിംകൾക്ക് അല്ലാഹു യുദ്ധം ചെയ്യാൻ അനുമതി നൽകിയത് ഇസ്‌ലാം മതത്തേയും മുസ്‌ലിംകളേയും മാത്രം രക്ഷിക്കാനല്ല എന്ന കാര്യം ഓർക്കുക.

അതിനെക്കാളുപരി എല്ലാ മനുഷ്യരുടെയും വിശ്വാസ സ്വാതന്ത്ര്യം സംരക്ഷിക്കാനാണ് പ്രതിരോധയുദ്ധത്തിന് അനുമതി നൽകിയത്. വിശുദ്ധ ഖുർആൻ അദ്ധ്യായം 22 വചനം 40–41 ൽ സർവശക്തനായ അല്ലാഹു പറയുന്നു. ആ അവസരത്തിൽ മുസ്‌ലിംകൾ സ്വയം പ്രതിരോധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ചർച്ചും സിനഗോഗുകളും, അമ്പലങ്ങളും മുസ്‌ലിം പള്ളികളും മറ്റെല്ലാ ആരാധനാലയങ്ങളും സുരക്ഷിതമായി ഇരിക്കില്ലായിരുന്നു. അതിനാലാണ് ഇസ്‌ലാമിന് പ്രതിരോധ യുദ്ധത്തിന് അനുമതി നൽകപ്പെട്ടത്. എല്ലാ ഓരോ മതത്തേയും സംരക്ഷിക്കാനാണ് ഇസ്‌ലാമിന്ന് യുദ്ധാനുവാദം നൽകിയത്. ജനങ്ങളിൽ എല്ലാവരുടേയും മതം അവരവർക്ക് സ്വതന്ത്രമായി ആചരിക്കണം. ഒരു മുസ്‌ലിം മറ്റൊരാളെ ഉപദ്രവിക്കുകയാണെങ്കിൽ അക്രമം നടത്തിയ മുസ്‌ലിം വ്യക്തമായും ഖുർആന്റെ അദ്ധ്യാപനങ്ങളാണ് ലംഘിക്കുന്നത്. അതുപോലെ ഒരു മുസ്‌ലിം ഇതരമത വിശ്വാസിയുടെ ആരാധനാലയങ്ങൾ നശിപ്പിക്കാൻ ശ്രമിക്കുന്നതും ഖുർആന്റെ കൽപ്പനക്ക് വിരുദ്ധമാണ്. അക്കാര്യത്തിൽ ആരുടേയും വിശ്വാസമോ മതമോ പരിഗണിക്കരുത് എന്നാണ് ഖുർആന്റെ കൽപ്പന.

ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം എന്താണെന്ന് വെച്ചാൽ, ISIS പുരാതന ഇറാഖ് നഗരത്തിലെ ചരിത്ര പ്രസിദ്ധമായ സ്മാരകങ്ങളും പുരാവസ്തുക്കളും നശിപ്പിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1400 വർഷങ്ങളായി മുസ്‌ലിം ഭരണാധികാരികളുടെയും ഭരണകൂടങ്ങളുടെയും പരമ്പരകൾ ഈ ചരിത്ര സ്മാരകങ്ങളെല്ലാം സംരക്ഷിച്ചുവരികയായിരുന്നു. ഇന്ന് ഇതെല്ലാം ഇസ്‌ലാമിന്റെ പേരിൽ നശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇത് ഇസ്‌ലാമിന്റെ പാവനമായ അദ്ധ്യാപനങ്ങളുടെ കടുത്ത ലംഘനവും അതിനീചമായ ക്രൂരതയുമാണെന്നേ പറയാൻ പറ്റൂ. ഒരു യഥാർഥ മുസ്‌ലിമിന് ഈ രീതിയിൽ പ്രവർത്തിക്കാൻ സാധ്യമല്ല.

ജിഹാദിന്റെ യഥാർഥ സങ്കൽപ്പത്തെക്കുറിച്ചും ഇസ്‌ലാമിന്റെ സമാധാനപൂർണമായ അദ്ധ്യാപനങ്ങളെ സംബന്ധിച്ചും ഖുർആനിൽ നിന്നുള്ള നിരവധി വചനങ്ങൾ കഴിഞ്ഞ വർഷത്തെ പീസ് സിമ്പോസിയത്തിൽ ഞാൻ കേൾപ്പിക്കുകയുണ്ടായി. അതെല്ലാം ഇപ്പോൾ ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. എന്തായിരുന്നാലും ഞാൻ ഇപ്പോൾ ഉദ്ധരിച്ച ഖുർആനിക വചനം ജിഹാദിനെതിരെ സാധാരണ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങളും തെറ്റാണെന്ന് തെളിയിക്കുന്നു.

അതിൽ കൂടുതലായി ഖുർആൻ അദ്ധ്യായം 10, വചനം 100 ൽ അല്ലാഹു റസൂൽ തിരുമേനി(സ) യോട് പറയുന്നു. അല്ലാഹു അവന്റെ ഇച്ഛ അടിച്ചേൽപ്പിച്ചു കൊണ്ട് മനുഷ്യ വംശത്തെ മുഴുവൻ വിശ്വസിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അല്ലാഹു ഓരോ മനുഷ്യനും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഇത് അല്ലാഹു നൽകിയിരിക്കെ റസൂൽ തിരുമേനി(സ)ക്കോ മറ്റേതൊരാൾക്കുമോ ഇസ്‌ലാം സ്വീകരിക്കാൻ ഒരാളുടെ മേൽ നിർബന്ധം ചെലുത്താവുന്നതെങ്ങനേ? റസൂൽ തിരുമേനി(സ) ജീവിതത്തിലുടനീളം നീതിയുടെയും സമത്വത്തിന്റേയും ആവശ്യകതയെ സംബന്ധിച്ചാണ് ഊന്നിപ്പറഞ്ഞത്. ക്രൂരതയുടെ എല്ലാ രൂപങ്ങളും അവിടുന്ന് അവസാനിപ്പിക്കുകയും ചെയ്തു. റസൂൽ തിരുമേനി(സ) പറഞ്ഞത് 'മർദകനും മർദിതനും സഹായിക്കപ്പെടണമെന്നാണ്.'

മർദിതനെ സഹായിക്കണമെന്ന് പറഞ്ഞത് വ്യക്തമാണ്. അതായത് മർദിതനോട് കരുണയും അനുകമ്പയും കാട്ടണമെന്നും അവനെ സംരക്ഷിക്കണമെന്നും അവന്റെ വിഷമങ്ങൾ പരിഹരിച്ച് അവന് സമാശ്വാസം നൽകണമെന്നുമാണ്. എന്തായാലും റസൂൽ തിരുമേനി(സ) നമ്മോടു അവിടെ നിർത്താൻ പറഞ്ഞില്ല. അടുത്ത ചുവടുവെക്കണം അതായത് മർദകനെയും സഹായിക്കണം. മർദകൻ അനീതിയും ക്രൂരതയും കാട്ടുന്നതിൽ നിന്ന് അയാളെ തടയണം. ഇതാണ് ജനങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കണമെന്ന തത്ത്വം പ്രാവർത്തികമാക്കാനുള്ള ഉത്തമ ഉപാധികൾ.

ഇക്കാലത്തെ ഭരണകൂടങ്ങൾ ഈ അടിസ്ഥാനതത്ത്വങ്ങളും നീതിയുടെ മുൻഗണനകൾ അനുസരിച്ചും പ്രവർത്തിക്കുകയും തങ്ങളുടെ താൽപര്യങ്ങൾ നോക്കാതെ അന്യരെ സഹായിക്കുകയും ചെയ്തെങ്കിൽ ലോകം ഇതിനകം വളരെ നല്ല മറ്റൊരു സ്ഥലമായി മാറിയേനെ. എല്ലാ ഭരണകൂടങ്ങളും നേതാക്കന്മാരും നീതിയും സമാധാനവും സ്ഥാപിക്കാൻ തങ്ങൾ ശ്രമിക്കുകയാണെന്ന് അവകാശവാദമുന്നയിക്കുമ്പോൾ തന്നെ, ദുഃഖകരമായ യാഥാർഥ്യം എന്താണെന്ന് വെച്ചാൽ അവർ തങ്ങളുടെ അജണ്ടകൾക്കും താൽപര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കുമാണ് മുൻഗണന നൽകുന്നത്. വിശുദ്ധ ഖുർആനിൽ 2–ാം അദ്ധ്യായം 189 ാം വചനത്തിൽ അല്ലാഹു പറയുന്നത്, നിങ്ങൾ ഒരിക്കലും അന്യരുടെ സ്വത്തുക്കൾ അന്യായമായും തെറ്റായ രീതിയിലും ഉപയോഗിക്ക

രുത് എന്നാണ്. വിശുദ്ധ ഖുർആൻ അദ്ധ്യായം 15 വചനം 89 ൽ സർവ ശക്തനായ അല്ലാഹു പറയുന്നു. നിങ്ങൾ അന്യരുടെ സമ്പത്തിന് വേണ്ടി കൊതിക്കരുത്. ഞാൻ എന്റെ കാപിറ്റോൾ ഹിൽ പ്രഭാഷണത്തിൽ ഈ വചനം ഉദ്ധരിച്ചപ്പോൾ ഒരു അമേരിക്കൻ കോൺഗ്രസ്സ് അംഗം എന്റെ അടുത്ത്വന്ന് പറഞ്ഞത് താങ്കൾ കൃത്യമായും അദ്ധ്യാപനങ്ങളല്ല, യാഥാർഥ്യങ്ങളാണ് ചൂണ്ടിക്കാട്ടിയത് എന്നാണ്.

വിശുദ്ധ ഖുർആൻ അദ്ധ്യായം 5 വചനം 9 ൽ അല്ലാഹു പറയുന്നത്. നിങ്ങൾ അന്യരോടുള്ള ശത്രുത കാരണം അനീതി കാട്ടരുത് എന്നാണ്. ഇത് നീതിയുടെയും സത്യത്തിന്റെയും എന്തൊരു മഹിതമാർന്ന നിലവാരമാണ് പ്രകടമാക്കുന്നത്!! മതത്തിന്റെ പാവനത്വം സംരക്ഷിക്കാനും ലോകത്തെ അരാചകത്വം തടയാനും വിശുദ്ധഖുർആൻ അദ്ധ്യായം 6 വചനം 109 ൽ അല്ലാഹു ഇപ്രകാരം പറയുന്നു: അന്യരുടെ വിഗ്രഹങ്ങളെയോ ദൈവമായി ആരാധിക്കുന്നവയേയോ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ അവർ പ്രകോപിതരായി അല്ലാഹുവിനേയും നിന്ദിക്കും. ഇത് ഒരിക്കലും അവസാനിക്കാത്ത വിദ്വേഷത്തിന്റെയും വെറുപ്പിന്റേയും ചാക്രിക വലയത്തിലേക്ക് നിങ്ങളെ തള്ളിവിടും.

റസൂൽ തിരുമേനി(സ) പറയുന്നു: നിങ്ങൾ ഒരാളിന്റെ പിതാവിനെ ശകാരിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ തന്നെയാണ് ശകാരിക്കുന്നത്. നോക്കൂ എത്രമനോഹരമായിട്ടാണ് പ്രഭാഷണ സ്വാതന്ത്ര്യത്തിന്റെയും അന്യരുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കേണ്ടതത്ത്വം നിർണയിച്ചിരിക്കുന്നത്. ആരാണോ അതിരുകൾ ലംഘിക്കുന്നത് അവരോടുള്ള അല്ലാഹുവിന്റേയും പ്രവാചകന്റേയും ആജ്ഞയാണിത്. വിശുദ്ധ ഖുർആൻ അദ്ധ്യായം 60 വചനം 9ൽ അല്ലാഹു പറയുന്നു. മർദകരല്ലാത്തവരും നിങ്ങളുടെ വിശ്വാസത്തിന് തടസ്സം നിൽക്കാത്തവരോടും എപ്പോഴും സൗമ്യ സുന്ദരമായും ബഹുമാനത്തോടെയും അനുകമ്പയോടെയുമായിരിക്കണം വർത്തിക്കേണ്ടത്. മുസ്‌ലിം രാജ്യങ്ങളിൽ സമാധാനത്തോടെ ജീവിക്കുന്ന ക്രിസ്ത്യാനികളോടും യഹൂദരോടും, യസീദികളോടും മറ്റു വിഗ്രഹാരാധകരും ഗോത്രമത വിശ്വാസികളുമായവരോടും മറ്റേതൊരു വിശ്വാസിയോടും ഒരു ദൈവ നിഷേധിയോടുപോലും ക്രൂരത കാണിക്കുന്നത് ഇസ്‌ലാമിന് കടകവിരുദ്ധമായ കാര്യമാണ്.

ഇതാണ് ലോകത്ത് സമാധാനം സ്ഥാപിക്കാനാവശ്യമായ സുവർണ തത്ത്വങ്ങൾ. ഇസ്‌ലാമിന്റെ അദ്ധ്യാപന സൗന്ദര്യവും കുലീനത്വവും പ്രകടമാക്കുന്ന ഏതാനും കാര്യങ്ങൾ ഞാൻ വിവരിച്ചുകഴിഞ്ഞു. ഈ അദ്ധ്യാപനങ്ങൾ ലോകത്തുള്ള സർവ ജനങ്ങളെയും സംരക്ഷിക്കുന്ന അദ്ധ്യാപനങ്ങളാണ്. ഈ അദ്ധ്യാപനങ്ങളുടെ ബലത്തിൽ ഒരു യഥാർഥ മുസ്‌ലിം, സമൂഹത്തിലെ എല്ലാ വിഭാഗത്തിനും സമാധാനവും സുരക്ഷയും ഉറപ്പുനൽകുന്ന ജാമ്യക്കാരനായും സംരക്ഷകനായും വർത്തിക്കുന്നു.

എന്റെ മുന്നിൽ വ്യത്യസ്ത രാഷ്ട്രീയ നേതാക്കന്മാരും സ്വാധീനമുള്ള വ്യക്തിത്വങ്ങളും അഭ്യസ്തവിദ്യരായ ആളുകളും ഉപവിഷ്ടരായിട്ടുണ്ട്. ഞാൻ ആവർത്തിച്ച് ഊന്നിപറയുന്നത് നിങ്ങളെല്ലാവരും തന്നെ നിങ്ങളെക്കൊണ്ട് കഴിയുന്നതുംവിധം എല്ലാ അർഥത്തിലും വിധാനത്തിലും നിങ്ങളുടെ ഭരണകൂടത്തിലും രാഷ്ട്രീയ നേതാക്കൾക്കിടയിലും നീതിയും സത്യവും നടപ്പാക്കാൻ നിങ്ങളുടെ സ്വാധീനം ഫലപ്രദമാംവിധം ഉപയോഗിക്കണമെന്നാണ്. നമ്മുടെ കാലഘട്ടത്തിലെ ദേശീയവും അന്തർദേശീയവുമായ പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗം ഇതാണ്. നാം ഭയാനകമായ ഒരു നാശത്തിലേക്ക് അടുത്ത് കൊണ്ടിരിക്കുകയാണ്. വർഷങ്ങളോളമായി ഞാൻ താക്കീതായി അത് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പല രാഷ്ട്രീയ നിരീക്ഷകരും വിശകലന വിദഗ്ധരും അതേനിഗമനത്തിലാണ് എത്തിചേർന്നിരിക്കുന്നത്. അതായത് നാം അതിവേഗം ഒരു മൂന്നാം ലോക മഹായുദ്ധത്തിലേക്ക് ഗതിവേഗം കൊള്ളുകയാണ്.

ഒരു മൂന്നാം ലോക മഹായുദ്ധം ഒഴിച്ചു കൂടാനാവത്തതാണ് എന്ന് ചിലർ പറയുമ്പോൾതന്നെ നാം അഭിമുഖീകരിക്കുന്ന നഗ്നയാഥാർഥ്യത്തിന് നേരെ ഉണർന്നെഴുന്നേൽക്കാനും ഈ മഹാ ഭീഷണിയെ തടയിടാനും ഇപ്പോഴും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് സാധ്യമാവണമെങ്കിൽ എല്ലാ വിഭാഗം ജനങ്ങളും അവരുടെ നേതാക്കന്മാരും ഒരു ദിശയിൽ മാത്രം ദൃഷ്ടിയുറപ്പിച്ച് അവരുടെ മാത്രം താൽപര്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന രീതി നിർത്തണം. പകരം അവർ തങ്ങളുടെ വീക്ഷണകോൺ വിശാലമാക്കണം. അവരുടെ എല്ലാ കാര്യങ്ങളിലും വാസ്തവികവും നീതിയുക്തവുമായ ഒരു സമീപനം അനുവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അവർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും നീതിയും ന്യായവും സത്യവും പുലരാൻ യത്നിക്കുകയും വേണം.

അവർ തങ്ങൾക്ക് കഴിയും വിധം സമാധാന സംസ്ഥാപനത്തിന് വേണ്ടി പ്രവർത്തിക്കണം പരമ പ്രധാനമായ കാര്യം അവർ തങ്ങളുടെ സ്രഷ്ടാവിനെ യഥാർഥ നിലയിൽ തിരിച്ചറിയേണ്ടതുണ്ട്. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ഉത്തരവാദിത്വത്തിന്റെ ഭാരം എത്രയുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിതരികയും നമുക്ക് അത് സംബന്ധിച്ച തിരിച്ചറിവും നമ്മുടെ കടമകൾ പൂർത്തീകരിക്കാനുമുള്ള കഴിവും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർഥിക്കുന്നു. അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവർക്കും നന്ദി.

# ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ

മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ഉദ്ഭവത്തെയും വളർച്ചയേയും സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആനിലെ ഗഹനമായ സൂക്തങ്ങളിലെ അർഥങ്ങളും സാദൃശ്യങ്ങളും വാഗ്ദത്ത മസീഹ് (അ) തന്റെ ബഹാറീനെ അഹ്മദിയ്യാ എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ആറ് ആത്മീയ അസ്തിത്വ ഘട്ടങ്ങൾ**

തീർച്ചയായും (ആ) വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈകൊള്ളുന്നവരാണ്. അനാവശ്യ കാര്യങ്ങളിൽ നിന്ന് മുഖം തിരിക്കുന്നവരും, സകാത്ത് കൃത്യമായി നൽകുന്നവരും തങ്ങളുടെ ചാരിത്രത്തെ കാത്തു സൂക്ഷിക്കുന്നവരും തങ്ങളുടെ ഭാര്യമാരുമായോ വലംകൈക്ക് ഉടമപ്പെടുത്തിയവരുമായോ അല്ലാതെ (അവർ ലൈംഗിക ബന്ധം പുലർത്തില്ല) കാരണം അവർ ആക്ഷേപാർഹരല്ലാത്തവരാകുന്നു. എന്നാൽ അതിനപ്പുറം വല്ലവരും ആഗ്രഹിക്കുന്നതായാൽ, അക്കൂട്ടർ അതിക്രമകാരി കളാകുന്നു. (ആ സത്യ വിശ്വാസികൾ തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരും, (വിശുദ്ധ ഖുർആൻ സൂറ: മുഅ്മിൻ സൂക്തങ്ങൾ 2 മുതൽ 10 വരെ)

**ആറ് ശാരീരിക അസ്തിത്വ ഘട്ടങ്ങൾ**

പിന്നീട് നാം അതിനെ രേതസ്കണമാക്കി ഭദ്രമായ ഒരു സ്ഥലത്ത് (സൂക്ഷിച്ചു) പിന്നീട് ആ രേതസ്കണത്തെ ഒട്ടിപ്പിടിക്കുന്ന വസ്തുവായും പിന്നെ ആ ഒട്ടിപ്പിടിക്കുന്ന വസ്തുവിനെ മാംസ പിണ്ഡമായും പിന്നെ മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാകുന്നു. (വിശുദ്ധ ഖുർആൻ സൂറ: മുഅ്മിൻ സൂക്തങ്ങൾ 14, 15)

**ഒന്നാം ഘട്ടം സാദൃശ്യം (ഭാഗം 1)**

മേൽ വിവരിക്കപ്പെട്ട വിശുദ്ധ ഖുർആൻ സൂക്തങ്ങളിൽ വിശ്വാസികളുടെ ആത്മീയ വളർച്ചയുടെ ഒന്നാം ഘട്ടം സംബന്ധിച്ച് പ്രതിപാദിക്കുന്ന സൂക്തം **'അഫ് ലഹൽ മുഅ് മിനൂനല്ലദീനഹും ഫീ സലാത്തിഹിം ഖാശിയൂൻ.'** എന്നതാകുന്നു. അതായത് 'തങ്ങളുടെ നമസ്ക്കാരത്തിലും ദൈവ സ്മരണയിലും ഭയഭക്തിയും വിനയവും സ്വീകരിക്കുകയും വ്യസനത്തോടെയും വിതുമ്പലോടെയും ദൈവത്തെ സ്മരിക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്യുന്ന വിശ്വാസികളാരോ അവർ വിജയിച്ചിരിക്കുന്നു.' ഇതിനോട് സാദൃശ്യം പുലർത്തുന്ന മനുഷ്യന്റെ ശാരീരിക വളർച്ചയുടെ ആദ്യഘട്ടത്തെ കുറിച്ച് പ്രതിപാദിക്കുന്ന സൂക്തം **'സുമ്മ ജഅൽനാഹു നുഥ്ഫത്തൻ ഫി കരാറിമ്മകീൻ'** എന്നതാകുന്നു. അതായത് 'തുടർന്ന് നാം മനുഷ്യനെ രേതസ്കണമായി അതിനെ ഒരു സുരക്ഷിത സ്ഥലത്ത് വെക്കുകയും ചെയ്തു.' ദൈവം തമ്പുരാൻ ആദമിനെ സൃഷ്ടിച്ച ശേഷം മനുഷ്യന്റെ ശാരീരികമായ അസ്തിത്വത്തിന്റെ ആദ്യഘട്ടത്തെ ***'നുഥ്ഫ'*** അഥവാ

*(അടിക്കുറിപ്പ് : ഈ ഘട്ടങ്ങൾ കൊണ്ടുദ്ദേശിക്കുന്നത് മേൽ പറഞ്ഞ വിവിധ ഘട്ടങ്ങളാണ് അഞ്ചാം ഘട്ടം എന്നാൽ അത്യുന്നതമായ സ്രഷ്ടാവിന്റെ ശക്തി വിലാസങ്ങൾ മനുഷ്യ ശരീരം ഗർഭ പാത്രത്തിൽ പൂർണ രൂപം പ്രാപിക്കുന്ന ഘട്ടമാകുന്നു. അതിൽ അസ്ഥികൾക്ക്മേൽ അഴകാർന്ന രീതിയിൽ മാംസം വന്നുചേരുന്നു. അനന്തരം ആ ശരീരത്തിൽ ഒരു ചൈതന്യം വന്നു ഭവിക്കുന്ന ഘട്ടമാണ് ആറാം ഘട്ടം. മേൽ പ്രസ്താവിച്ച പ്രകാരം മനുഷ്യന്റെ ആത്മീയാസ്തിത്വത്തിന്റെ ആദ്യത്തെ ഘട്ടം ഭയഭക്തിയും വിനയവും വിതുമ്പലും വ്യസനവുമൊക്കെയാകുന്നു. യഥാർഥത്തിൽ അതും നുഥ്ഫയെ പോലെ മനുഷ്യന്റെ ആത്മീയ അസ്തിത്വത്തിന്റെ പിന്നീട് വെളിപ്പെടാനുള്ള സകല കാര്യങ്ങളുടെയും ഒരു പ്രതീകാത്മക സമഷ്ടി രൂപമത്രെ.)

രേതസ്കണമായി നിശ്ചയിച്ചു. പിന്നീട് അഞ്ചാം ഘട്ടത്തിലെത്തിച്ചേർന്നാൽ വിസ്തൃതമായ രീതിയിൽ പ്രകടമാകേണ്ടതും ആറാം ഘട്ടത്തിലെത്തിച്ചേരുമ്പോൾ *പരിപൂർണവും മികവുറ്റതുമായ നിലയിൽ വെളിപെടാനിരിക്കുന്നതുമായ എല്ലാ ശക്തികളുടെയും ഗുണ വിശേഷങ്ങളുടെയും ഇന്ദ്രിയങ്ങളുടെയും ആന്തരികവും ബാഹ്യവുമായ അവയവങ്ങളുടെയും രൂപലാവണ്യങ്ങളുടെയുമെല്ലാം ആലങ്കാരിക സമഷ്ടിരൂപമുള്ള ഒരു ബീജമത്രേ രേതസ്കണം അഥവാ നുഥ്ഫ.

അതേസമയം മറ്റെല്ലാ ഘട്ടങ്ങളെയും അപേക്ഷിച്ച് ഏറെ അപകടനിലയിൽ സ്ഥിതിചെയ്യുന്ന ഘട്ടമാണ് നുഥ്ഫയുടെ ഘട്ടം. എന്തെന്നാൽ പ്രസ്തുത ഘട്ടത്തിൽ രേതസ് തഥാപി ഭൂമിയുമായി ബന്ധം സ്ഥാപിച്ചിട്ടില്ലാത്ത ബീജം അഥവാ വിത്ത് പോലെ യാണ്. അത് ഗർഭപാത്രത്തിന്റെ ആകർഷണത്താൽ സുഭദ്രമാക്കപ്പെട്ടിട്ടില്ല. ചില സന്ദർഭത്തിൽ പരുക്കൻ ഭൂതലത്തിൽ പതിച്ചു കൊണ്ട് വിതക്കപ്പെട്ട വിത്ത് പാഴായി പോകുന്നത് കണക്കെ സ്ത്രീ ജനനേന്ദ്രിയത്തിൽ പതിക്കുന്ന രേതസ്ക്കണം പാഴായിപ്പോകാൻ സാദ്ധ്യതകളേറെയാണ്. ജീർണിച്ചു പോയ വിത്ത് എത്രനല്ല ഭൂതലത്തിൽ പാകിയാലും കിളിർക്കാനോ വളരാനോ തരമില്ലാത്തത് പോലെ ചിലപ്പോൾ രേതസ്കണം വളർച്ച പ്രാപിക്കാനാകാത്ത വിധം അകതാരിൽ തന്നെ ന്യൂനതകളുള്ളതോ, ഗർഭപാത്രത്താൽ ആകർഷിക്കപ്പെടാൻ യോഗ്യതയില്ലാത്തതോ ചേതനയറ്റതോ ആകാനും മതി. പാകിയ വിത്ത് ചിലപ്പോൾ കാലിനടിയിൽ മെതിക്കപ്പെടുകയോ പക്ഷികളാൽ കൊത്തിതിന്നപ്പെടുകയോ മറ്റെന്തെങ്കിലും വിപത്തിനാൽ നശിപ്പിക്കപ്പെടുകയോ ചെയ്തേക്കുമല്ലോ. അപ്രകാരം ഇവിടെ വിശദീകരിച്ച് പറയേണ്ടതില്ലാത്ത വിവിധ രോഗത്താലും രേതസ്സിന് ഗർഭപാത്രവുമായി ബന്ധം സ്ഥാപിക്കാൻ സാധിച്ചില്ലെന്ന് വരാം.

ഇതേ അവസ്ഥാ വിശേഷമാണ് വിശ്വാസികളുടെ ആത്മീയാസ്തിത്വത്തിന്റെ ഒന്നാമത്തെ ഘട്ടത്തിൽ ഉണ്ടാവുന്നത്. നമസ്കാരത്തിലും ദൈവസ്മരണയിലും ലഭ്യമായിതീരുന്ന ആർദ്രതയും തേങ്ങലും നൊമ്പരവും ഉള്ളുരുക്കവുമൊക്കെ നിറഞ്ഞ അവസ്ഥയാണ് വിശ്വാസിയുടെ ആത്മീയാവസ്ഥയുടെ പ്രഥമ ഘട്ടം. അതായത് അങ്ങേയറ്റത്തെ വേദനയും നമ്രതയും വിനയവും റൂഹിന്റെ താഴ്മയും പിടച്ചിലും വിഷണ്ണതയും ഉരുക്കവുമെല്ലാം ഉണ്ടാക്കുകയും ഒരു ഭയപ്പെടലിന്റെ അവസ്ഥ വരുത്തികൊണ്ട് ഹൃദയത്തെ ദൈവത്തിന്റെ ഭാഗത്തേക്ക് പൂർണമായി കുനിയുകയും ചെയ്യുക എന്നതാണ്. വിശുദ്ധ ഖുർആൻ അരുളുന്നു. **'ഖദ് അഫ്‌ലഹൽ മുഅ്മിനൂനല്ലദീന ഹും ഫീ സലാത്തിഹിം ഖാശിയൂൻ'**

അതായത് നമസ്കാരത്തിലും എല്ലാവിധ ദൈവസ്മരണയിലും നമ്രഭാവവും അതിവിനീതാവസ്ഥയും സ്വീകരിക്കുകയും ഗദ്ഗദ കണ്ഠനായി വിതുമ്പലോടെയും വ്യസനത്തോടെയും ഉരുക്കത്തോടെയും ഹൃദയാവേശത്തോടെയും തന്റെ നാഥന്റെ സ്മരണയിൽ വ്യാപൃതനാവുകയും ചെയ്യുന്ന വിശ്വാസി വിജയം പ്രാപിക്കുന്നു. ഈ പറയപ്പെട്ട വിശേഷണങ്ങളാലുള്ള ഭയഭക്തിയുടെ അവസ്ഥയാണ് വിശ്വാസിയുടെ അത്മീയാവസ്ഥയുടെ തയ്യാറെടുപ്പെന്നോണമുള്ള ഒന്നാമത്തെ നില. ഉദൂബിയ്യത്തിന്റെ അഥവാ ദാസ്യത്തിന്റെ ഭൂതലത്തിൽ വിതക്കപ്പെടുന്ന പ്രഥമ ബീജം എന്നും വേണമെങ്കിൽ അതിനെ വിശേഷിപ്പിക്കാം. മാത്രമല്ല അതിൽ പരിപൂർണ മനുഷ്യന് വേണ്ടി പിന്നീട് അഞ്ചാമത്തെയും ആറാമത്തെയും ഘട്ടങ്ങളിൽ ചെന്നെത്തിനയന സുഭഗവും സമ്പൂർണവുമായ തേജസ്സോടുകൂടി വെളിപ്പെടാനിരിക്കുന്ന സകല ശക്തികളും ഗുണവിശേഷങ്ങളും ഇന്ദ്രിയ രൂപലാവണ്യങ്ങളും വശ്യസൗന്ദര്യവും സർവവിധ ആത്മീയ ഗുണങ്ങളും ആലങ്കാരികമായി അന്തർഭവിച്ചിരിക്കുന്നു.

ശാരീരിരിക ഘട്ടത്തിലെ ഒന്നാമത്തെ അവസ്ഥ നുഥ്ഫ ആയിരിക്കയാൽ വിശുദ്ധ ഖുർആനിലെ പ്രസ്തുത സൂക്തത്തിൽ നമസ്ക്കാരത്തിലെ ഭയഭക്തിയുടെ അവസ്ഥയെ നുഥ്ഫയുമായി സദൃശീകരിച്ചുകൊണ്ട് ആത്മീയ ഘട്ടത്തിലെ ഒന്നാം അവസ്ഥയുമായി നിശ്ചയിച്ചിരിക്കുന്നു. തന്മൂലം വിശുദ്ധ ഖുർആൻ സൂക്തത്തിൽ ഗഹനമായി പരിചിന്തനം നടത്തുന്ന ഏതൊരുത്തനും നമസ്ക്കാരത്തിലെ ഭയഭക്തിയുടെ അവസ്ഥ ആത്മീയ അവസ്ഥയിലെ ഒരു രേതസ്കണം പോലെയാണെന്നും രേതസ്ക്കണത്തിൽ അടങ്ങി യിരിക്കുന്നത് പോലെതന്നെ അതിലും പരിപൂർണ മനുഷ്യന്റെ ആത്മീയപരമായ സകല കഴിവുകളുടെയും ശക്തികളുടെയും രൂപലാവണ്യങ്ങളുടെയുമെല്ലാം (സത്ത) അന്തർഭൂതമായിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

എപ്രകാരം ഗർഭ പാത്രവുമായി സമ്പർക്കം സ്ഥാപിതമാകാത്ത നേരത്തോളം രേതസ്കണം ഒരു അപകട നിലയിൽ സ്ഥിതി ചെയ്യുന്നുവോ അപ്രകാരം തന്നെ ആത്മീയാസ്തിത്വത്തിന്റെ ഈ ആദ്യഘട്ടവും അഥവാ ഭയഭക്തിയുടെ അവസ്ഥയും അല്ലാഹുവുമായി ബന്ധം സ്ഥാപിതമാകാത്ത നേരത്തോളം അപകട നില തരണം ചെയ്യപ്പെട്ടതായി ഗണിക്കാവതല്ല.

ഓർമിച്ചുകൊൾക യാതൊരു കർമത്തിന്റെയും അനന്തര ഫലമായല്ലാതെ ഇറക്കപ്പെടുന്ന അനുഗ്രഹ കടാക്ഷങ്ങൾ അല്ലാഹുവിന്റെ **'റഹ്മാനിയത്ത്'** എന്ന സിഫത്ത് മുഖാന്തരമണ് സംഭവിക്കുന്നത്. ആകാശഭൂമികൾ മനുഷ്യന്റെ ഗുണത്തിനായി അവൻ സൃഷ്ടിച്ചി

രിക്കുന്ന സർവ വസ്തുക്കളും സ്വയം മനുഷ്യ സൃഷ്ടിപ്പ് തന്നെയും അവന്റെ റഹ്മാനിയത്തിന്റെ ബഹിർ പ്രകടനങ്ങളാണ്. എന്നാൽ ഏതെങ്കിലും കർമത്തിന്റെയോ ആരാധനയുടെയോ ആത്മ സമരത്തിന്റെയോ തീവ്രയത്നത്തിന്റെയോ പ്രതിഫലമായി അവൻ അനുഗ്രഹങ്ങളിറക്കുമ്പോൾ അതിനെ അവന്റെ **'റഹീമിയത്തിന്റെ'** അനുഗ്രഹം എന്ന് വിളിക്കുന്നു. ആദം തൊട്ടിന്നോളം അവന്റെ ഇതേ നടപടി ക്രമമമാണ് നിലനിന്നു പോരുന്നത്. അപ്പോൾ മനുഷ്യൻ നമസ്ക്കാരത്തിലും പ്രാർഥനയിലും ഭയഭക്തിയുടെ അവസ്ഥ സ്വീകരിക്കുമ്പോൾ അവൻ അല്ലാഹുവിന്റെ റഹീമിയത്തിന്റെ അനുഗ്രഹലബ്ദിക്കായി തന്നെ സ്വയം തയ്യാറാക്കുകയാണ് ചെയ്യുന്നത്. ശാരീരിക ഘട്ടത്തിലെ രേതസ്കണവും ആത്മീയ ഘട്ടത്തിലെ ഭയഭക്തിയും തമ്മിൽ കേവലം ഈ അന്തരമേ ഉള്ളൂ. രേതസ്കണം **'റിഹം'** അഥവാ ഗർഭ പാത്രത്തിന്റെ ആകർഷണത്തെ ആശ്രയിക്കുമ്പോൾ ഭയഭക്തിയുടെ അവസ്ഥ റഹീമിന്റെ അഥവാ ദൈവം തമ്പുരാന്റെ ആകർഷണത്തെ ആശ്രയിക്കുന്നു.

അപ്രകാരം രേതസ്കണം റിഹീമിന്റെ ആകർഷണത്തിന് മുമ്പേ പാഴായിപ്പോകാൻ സാധ്യതയുള്ളത് പോലെ തന്നെ ആത്മീയ അസ്തിത്വത്തിന്റെ ആദ്യഘട്ടത്തിലും അഥവാ ഭയഭക്തിയുടെ അവസ്ഥയും റഹീമിന്റെ ആകർഷണവും സമ്പർക്കവും ഉണ്ടാകുന്നതിന് മുമ്പേ തകർന്ന് പോകാനും സാധ്യതയുണ്ട്. നിരവധി ജനങ്ങൾ പ്രാരംഭഘട്ടത്തിൽ തങ്ങളുടെ നമസ്കാരത്തിൽ വിലപിക്കുകയും ഹർഷോന്മത്തരാകുകയും ഉച്ചത്തിൽ വിളിച്ചു പ്രാർഥിക്കുകയും ദൈവാനുരാഗത്തിന്റെ പല തരത്തിലുള്ള ഭ്രാന്തചിത്തമായ അവസ്ഥകളും ദൈവപ്രേമത്തിന്റെ വിവിധ രീതിയിലുള്ള നിലകളും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ **'റഹീം'** എന്നു പേരുള്ള ആ സർവാനുഗ്രഹദാതാവായ സത്തയുമായി അവർക്ക് യാതൊരു തരത്തിലുള്ള ബന്ധവും സ്ഥാപിതമാകുകയോ അവന്റെ വിശിഷ്ട തേജസ്സാർന്ന വശ്യത അവരെ വലിച്ചെടുക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് അവരുടെ എല്ലാ നൊമ്പരങ്ങളും വേദനകളും സകലവിധ ഭക്തി നിർഭരനിലകളും അടിസ്ഥാനരഹിതമായിരുന്നവയത്രെ എന്നു മനസ്സിലാക്കാം. ചില സന്ദർഭങ്ങളിൽ അവരുടെ കാലുകൾ വഴുതി പ്രാഥമിക അവസ്ഥയേക്കാൾ പ്രാകൃതമായ അവസ്ഥയിലേക്ക് അവർ ആപതിക്കുന്നു.

ആയതിനാൽ ശാരീരികമായ അസ്തിത്വത്തിലെ പ്രഥമ അവസ്ഥയായ രേതസ്കണത്തിന് ഗർഭപാത്രത്തിന്റെ വശ്യതയാൽ തുണയേകപ്പെട്ടിട്ടില്ലെങ്കിൽ അതിന് നിലനിൽപ്പ് തന്നെയില്ലാത്തത് പോലെ ആത്മീയപരമായ അസ്തിത്വത്തിലെ പ്രഥമഘട്ടമായ ഭയ ഭക്തിയുടെ അവസ്ഥക്ക് റഹീമായ ദൈവത്തിന്റെ വശ്യതയാൽ തുണയേകപ്പെട്ടിട്ടില്ലെങ്കിൽ അത്തരം ഭക്തി നിറഞ്ഞ അവസ്ഥ തികച്ചും ഫലശൂന്യം തന്നെ. എത്രമാത്രം ഹൃദയഹാരിയും ആശ്ചര്യജനകവുമാണ് ഈ സാദൃശ്യം.

ആയതിനാൽ തന്നെ തങ്ങളുടെ ആയുസ്സിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ദൈവസ്മരണയുടെയും നമസ്കാരത്തിന്റെയും വേളകളിൽ ഏറെ ഭയഭക്തിയുടെയും ആനന്ദത്തിന്റെയും അവസ്ഥകളനുഭവിക്കുകയും നിർവൃതരാകുകയും കരഞ്ഞു പ്രാർഥിക്കുകയുമൊക്കെ ചെയ്തിട്ട് ഒരു തവണ ശരീരേച്ഛകളുടെ ഏതെങ്കിലും ശാപം അവരെ പിടികൂടിയപ്പോൾ ഭൗതികതയുടെയും ലൗകികാഭിലാഷങ്ങളുടെയും ഭാവഭേദങ്ങൾക്കടിമപ്പെട്ടുകൊണ്ട് തങ്ങളുടെ പൂർവാവസ്ഥയെ പൂർണമായും നഷ്ടപ്പെടുത്തിക്കളഞ്ഞ സഹസ്രങ്ങളായ ജനങ്ങളെ നമുക്ക് ദർശിക്കാൻ സാധിക്കും. മിക്കപ്പോഴും റഹീമിയത്തിന്റെ സംസർഗസിദ്ധിക്ക് മുമ്പേ തന്നെ ആ അവസ്ഥ പാഴായിപ്പോകുന്നു. ഇത് അങ്ങേയറ്റം ആശങ്കപ്പെടേണ്ട ഒരു സ്ഥാനമത്രെ. അതായത് റഹീമായ ദൈവത്തിന്റെ വശ്യത അവരുടെ പ്രസ്തുതഘട്ടത്തിൽ വല്ലതും പ്രവർത്തിച്ചു തുടങ്ങുന്നതിന് മുമ്പേ അവരുടെ ആ സ്ഥിതി വിശേഷം തകിടം മറിയുകയും നാമാവശേഷമാവുകയും ചെയ്യുന്നു. ആത്മീയ അസ്തിത്വത്തിന്റെ ആദ്യഘട്ടത്തിലെ ഇത്തരം സ്ഥിതിയെ ഗർഭാശയത്തിലേക്ക് എത്താതെ പാഴായിപ്പോവുന്ന രേതസ്കണങ്ങളോടാണ് സദൃശീകരിക്കപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ശാരീരിക ഘട്ടത്തിൽ രേതസ്കണം റിഹമായ ഗർഭ പാത്രത്തിന്റെ ആകർഷണം കൂടാതെ അപചയമായി തീരുന്നത് പോലെത്തന്നെ ആത്മീയ ഘട്ടത്തിൽ റഹീമായ ദൈവത്തിന്റെ വശ്യതയില്ലെങ്കിൽ ഭയഭക്തിയും നിഷ്ഫലമായതാകുന്നു. എപ്രകാരം ലോകത്ത് അസംഖ്യം രേതസ്കണങ്ങൾ നശിപ്പിക്കപ്പെടുകയും ആ ആ അവസ്ഥയിൽ തന്നെ ഗർഭാശയവുമായി ബന്ധം സ്ഥാപിക്കപ്പെടാതെ തന്നെ പാഴാവുകയും ചെയ്യുന്നുവോ അതേ പ്രകാരം ഭയഭക്തിയുടെ അവസ്ഥകളും റഹീമായ ദൈവവുമായി ബന്ധം സ്ഥാപിക്കപ്പെടാതെ വ്യർഥമായിപ്പോവുന്നു. ആയിരക്കണക്കിന് അജ്ഞർ തങ്ങളുടെ അൽപ്പ ദിനങ്ങളിലെ ഭയഭക്തിയിലും ആത്മ നിർവൃതിയിലും വിലാപ പ്രാർഥനകളിലും ആഹ്ലാദചിത്തരായി തങ്ങൾ **'വലിയ്യും ഗൗസും ഖുതുബും'** ഒക്കെ ആയിത്തീർന്നെന്നും അബ്ദാലീങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടുവെന്നും ദൈവത്തിന്റെ പ്രിയപ്പെട്ടവരായി തീർന്നുവെന്നുമൊക്കെ ധരിച്ചുകളയുന്നു. അതേ സമയം അങ്ങനെയൊന്നും സംഭവിക്കുന്നില്ല. ഇപ്പോഴും അതൊരു **'നുഥ്ഫ'** മാത്രമാകുന്നു. ദൈവനാമത്തിൽ ഹരിശ്രീ തുടങ്ങിയതേയുള്ളൂ. വസന്തം വിടരാൻ ഇനിയുമു

ണ്ട് കടമ്പകളേറെ! (*ബറാഹീനെ അഹ്മദിയ്യാ-വാല്യം അഞ്ച്.)*

**ഒന്നാം ഘട്ട സാദൃശ്യം (ഭാഗം 3)**

ഓർക്കുക, ശാരീരിക അസ്തിത്വത്തിന്റെ പ്രഥമഘട്ടമായ രേതസ്സ് പലതരത്തിലുള്ള വിപത്തുകളാൽ നാശമടഞ്ഞേക്കാമല്ലോ. തന്നെയുമല്ല നുഥ്ഫക്ക് നൈസർഗികമായ ന്യൂനതകളുമുണ്ടായേക്കാം. അതേപ്രകാരം ആത്മീയ അവസ്ഥയിലെ ആദ്യഘട്ടമായ ഭയഭക്തിയും വിവിധതരം കാരണങ്ങളാൽ പാഴായിപ്പോകാനിടയുണ്ട്. ഉദാഹരണമായി, ഭയഭക്തിയിലെ ശിർക്കിന്റെയും ബിദ്അത്തിന്റെയും കലർപ്പ്, ശാരീരികേച്ഛകളും ദുർവികാരങ്ങളും ഹൃദയത്തിൽ സ്വയം അലതല്ലിക്കൊണ്ടിരിക്കൽ പോലുള്ള അബദ്ധജടിലങ്ങളുമായുള്ള പങ്കാളിത്തം, അധമ സംസർഗങ്ങളാൽ ഹൃദയം അതിജയിക്കപ്പെടൽ, ജീർണിച്ച ലൗകികതയുടെ വ്യർഥ ആഗ്രഹങ്ങൾക്കടിമപ്പെടൽ തുടങ്ങിയ അവിശുദ്ധമായ സർവവിധ ന്യൂനതകളും ഭയഭക്തിയോടൊപ്പമുള്ളപ്പോൾ, ഏതെങ്കിലും നൈസർഗികമായ ന്യൂനതയുള്ള രേതസ്കണത്തിനു ഗർഭപാത്രവുമായി ചേരാൻ സാധിക്കാത്തത് പോലെത്തന്നെ, റഹീമായ ദൈവത്തോട് ബന്ധം പുലർത്താൻ ആ ഭയഭക്തിക്ക് യോഗ്യതയുണ്ടായിരിക്കില്ല. ഇതേ കാരണം കൊണ്ടു തന്നെയത്രേ ഹിന്ദു സന്യാസിമാരുടെ ഭക്തിസാന്ദ്രമായതും ക്രിസ്തീയ പാതിരിമാരുടെ നമ്രത നിറഞ്ഞതുമായ അവസ്ഥകൾ അവർക്ക് ഒരു പ്രയോജനവും ചെയ്യാത്തത്. അവർ തങ്ങളുടെ ശരീരം മെലിഞ്ഞൊട്ടിപ്പോകുവോളം വിനയാർദ്രഭാവങ്ങളിലും വിലാപങ്ങളിലും പുരോഗമിച്ചാൽ പോലും റഹീമായ ദൈവത്തോട് അവർക്ക് യാതൊരു ബന്ധവുമുണ്ടായിത്തീരുന്നില്ല. എന്തെന്നാൽ, അവരുടെ ഭയഭക്തിക്കുള്ളിൽ വൈയക്തികമായ ന്യൂനതകൾ കുടികൊള്ളുന്നു എന്നതു കൊണ്ടുതന്നെ. വിശുദ്ധ ഖുർആന്റെ വഴികളെ വിസ്മരിച്ചുകൊണ്ട് ആയിരക്കണക്കിനു ബിദ്അത്തിനു പിന്നാലെ കൂടിയിട്ടുള്ള മുസൽമാൻ ഫക്കീർമാരുടെ അവസ്ഥയും അതിൽനിന്ന് വിഭിന്നമല്ല. അവർ കഞ്ചാവ്, ചരസ്സ്, മദ്യം പോലുള്ള ലഹരികൾ സേവിക്കുന്നതിൽ ലജ്ജകാണിക്കുന്നില്ല. കൂടാതെ, മറ്റനവധി അപരാധങ്ങളും അവരെ സംബന്ധിച്ചിടത്തോളം ഹലാലത്രെ! അവരുടെ അവസ്ഥയ്ക്ക് റഹീമായ ദൈവവുമായോ അവനോട് ബന്ധം പുലർത്തുന്നതുമായോ യാതൊരു സംബന്ധവുമില്ല. മറിച്ച് റഹീമായ ദൈവത്തിന്റെ പക്കൽ അവരുടെ മുഴുവൻ സ്ഥിതികളും വെറുക്കപ്പെട്ടതാകുന്നു. അതുകൊണ്ട് തങ്ങളുടേതായ രീതിയിൽ ഹർഷോന്മാദവും ആനന്ദനൃത്തങ്ങളും പദ്യാലാപനങ്ങളുമൊക്കെ ഉണ്ടായിരുന്നിട്ടും അവർ ദൈവവുമായുള്ള ബന്ധത്തിനു തീർത്തും ഭാഗ്യം സിദ്ധിക്കാത്തവർ തന്നെ. അവരുടെ ആ സ്ഥിതി ഗർഭപാത്രവുമായി ബന്ധം സ്ഥാപിക്കാൻ പറ്റാത്ത, ഉഷ്ണപ്പുണ്ണും കുഷ്ഠവും പോലുള്ള രോഗങ്ങളാൽ കരിഞ്ഞുപോയ രേതസ്കണത്തെ പോലെയത്രെ.

**റിഹമുമായും** (അഥവാ ഗർഭപാത്രവുമായും) **റഹീമുമായും** ഉള്ള ബന്ധമില്ലായ്മയ്ക്ക് നിദാനമാകുന്ന സംഗതി സമാനം തന്നെ. ആത്മീയവും ശാരീരികവുമായ രോഗങ്ങളുടെ അന്തരം മാത്രം. രേതസ്കണം അതിന്റെ സ്വന്തം വ്യാധികൾ കാരണം ഗർഭപാത്രത്താൽ സ്വാംശീകരിക്കപ്പെടാനോ ബന്ധം സ്ഥാപിതമാകാനോ അനർഹമാകുന്നതുപോലെ ഭയഭക്തിക്ക് അഹങ്കാരം പൊങ്ങച്ചം, നാട്യം, തുടങ്ങിയ വൈയക്തികമായതോ മറ്റു പലവിധ അന്ധകാരങ്ങളും ശിർക്കും പോലുള്ളതോ ആയ വ്യാധികൾ പിടിപെട്ട കാരണത്താൽ അത് റഹീമായ ദൈവത്തോട് ബന്ധം പുലർത്താൻ അർഹമല്ലാത്തതായിത്തീരുന്നു. അതിനാൽ ഗർഭാശയത്തോട് ബന്ധം സ്ഥാപിക്കാൻ എപ്രകാരമുള്ള ശ്രേഷ്ഠതകളാണോ നുഥ്ഫക്ക് അനിവാര്യമായിട്ടുള്ളത് അപ്രകാരമുള്ള സർവ ആത്മീയ ശ്രേഷ്ഠതകളും റഹീമായ ദൈവത്തോട് ബന്ധം പുലർത്താൻ ഭയഭക്തിക്ക് ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഭയഭക്തിയുടെ അവസ്ഥക്ക് റഹീമായ ദൈവത്തോട് യഥാർഥ രീതിയിലുള്ള ബന്ധം സാധ്യമാകുന്നില്ലെങ്കിൽ അത് ഗർഭാശയത്തോട് ബന്ധം സ്ഥാപിക്കാൻ സാധിക്കാത്ത ദോഷബാധിത രേതസ്കണത്തിന് സമാനമത്രെ.

ഓർമിച്ചുകൊൾക, എപ്പോഴെങ്കിലും മനുഷ്യന് നമസ്കാരത്തിലും ദൈവസ്മരണയിലും ഭക്തിസാന്ദ്രമായ അവസ്ഥ സംജാതമാവുകയോ നിർവൃതിയും സവിശേഷ താൽപര്യവും സിദ്ധിക്കുകയോ ആനന്ദം അനുഭവപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അത് മനുഷ്യനു റഹീമായ ദൈവത്തോട് യഥാർഥ ബന്ധമുണ്ടെന്നുള്ളതിനു തെളിവാകുന്നില്ല! മറിച്ച് അത്തരം ബന്ധത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും വേറെത്തന്നെയാണ്. ദൈവസ്മരണയിലെ ആനന്ദവും അഭിരുചിയും നിറഞ്ഞ അനുഭവത്തെ, മറ്റൊരു പ്രകാരത്തിൽ വിശേഷിപ്പിച്ചാൽ ഭയഭക്തിയുടെ അവസ്ഥയെ രേതസ്കണം സ്ഖലനം സംഭവിച്ചുകൊണ്ട് സ്ത്രീ ജനനേന്ദ്രിയത്തിലേക്ക് പ്രവേശിക്കുന്ന സ്ഥിതിവിശേഷത്തോടാണ് താദാത്മ്യപ്പെടുത്തിയിരിക്കുന്നത്. അത് നിസ്സന്ദേഹം ശാരീരിക ലോകത്തുള്ള ആനന്ദത്തിന്റെ മൂർധന്യാവസ്ഥയാണല്ലോ. എന്നിരുന്നാലും, ഇന്ദ്രിയത്തുള്ളികളുടെ അന്തർഭാഗത്ത് ചെന്നുള്ള കേവലമായ വീഴ്ചകൊണ്ട് ഗർഭപാത്രവുമായി അതിന് ബന്ധമുണ്ടാകുമെന്നും അത് ഗർഭാശയത്താൽ സ്വീകരിക്കപ്പെടുമെന്നും സ്ഥിരീകരിക്കാൻ പറ്റില്ല. അതുപോലെത്തന്നെ, ആത്മീയാനുഭൂതികളും ഭക്തിനിർഭരമായ അവസ്ഥയും റഹീമായ ദൈവവുമായി ഒരു വ്യക്തിക്ക് ബന്ധമുണ്ടാകുമെന്നതിനും ദൈവത്തിലേക്ക് ആകർഷിക്കപ്പെടുമെന്നതിനുമുള്ള സ്ഥിരീകരണ

മാകുന്നില്ല. പ്രത്യുത, അവിഹിത ബന്ധത്തിൽ ഏർപ്പെടുന്ന വ്യക്തിക്ക് രേതസ്കണം അഭിസാരികയുടെ ജനനേന്ദ്രിയത്തിൽ പതിക്കുമ്പോഴും സ്വപത്നിയിലെന്ന പോലുള്ള അതേ ആനന്ദാനുഭൂതി ലഭ്യമാകുന്നുണ്ട്. അപ്രകാരം, ബിംബാരാധകരും സൃഷ്ടിപൂജകരുമായവരുടെ ഭക്തിവണക്കങ്ങളിലെ ആനന്ദാനുഭൂതികൾ സദൃശീകരിക്കപ്പെട്ടിരിക്കുന്നത് പരസ്ത്രീഗമനത്തോടത്രെ. അതായത്, ബഹുദൈവാരാധകരുടെയും കേവല ലൗകിക ലക്ഷ്യങ്ങൾക്കു വേണ്ടി ദൈവസ്മരണ നടത്തുന്നവരുടെയും ഭക്തിവണക്കങ്ങൾ, ആനന്ദഹേതുവായിക്കൊണ്ട് അഭിസാരികയുടെ ജനനേന്ദ്രിയത്തിൽ പ്രവേശിക്കുന്ന രേതസ്കണത്തോട് താദാത്മ്യമുള്ളതാകുന്നു.

(ബറാഹീനെ അഹ്മദിയ്യ. വാല്യം- അഞ്ച്)

**വിശ്വാസിയുടെ ശാരീരികവും ആത്മീയവുമായ ആറ് വളർച്ചാഘട്ടങ്ങളിലെ സാദൃശ്യം**

**ഒന്നാം ഘട്ട സാദൃശ്യം (ഭാഗം 4)**

എന്തായാലും ബന്ധം സ്ഥാപിക്കാനുള്ള കഴിവ് ശാരീരികാവസ്ഥയിലെ രേതസ്കണത്തിനെന്നപോല ആത്മീയാവസ്ഥയിലെ ഭയഭക്തിക്കുമുണ്ട്. എന്നാൽ, നുഥ്ഫയുടെ കാര്യത്തിൽ അനുഭവം വെളിപ്പെടുത്തുന്നത് പോലെത്തന്നെ തൽസ്ഥാനത്തുള്ള ഭയഭക്തിയിലും കേവലം വിങ്ങലും വിതുമ്പലും വിനയവും നമ്രതയുമൊക്കെ ആ ബന്ധം സ്ഥാപിതമായിരിക്കുന്നു എന്നതിനു പ്രമാണമാകുന്നില്ല. ആർക്കെങ്കിലും സ്വപത്നിയുമായുള്ള സമ്പർക്കവേളയിൽ ഇന്ദ്രിയം പത്നിയുടെ ജനനേന്ദ്രിയത്തിലേക്ക് പ്രവേശിക്കുമ്പോൾ പരിപൂർണമായ ആനന്ദം ലഭിക്കുകയാണെങ്കിൽ തന്നെയും പ്രസ്തുത ആനന്ദം നിശ്ചയമായും ഗർഭധാരണം നടന്നിരിക്കുന്നുവെന്നതിന് തെളിവല്ലല്ലോ. അപ്രകാരം തന്നെ, ഭയഭക്തിയിലും ഉള്ളുരുക്കത്തിലും എത്രതന്നെ പരമാനന്ദം കരഗതമായാലും അത് ദൈവവുമായി ബന്ധം സ്ഥാപിതമായിരിക്കുന്നുവെന്ന് ദൃഢീകരിക്കാനുള്ള ലക്ഷണമാകുന്നില്ല.

(അടിക്കുറിപ്പ്: പ്രാരംഭഘട്ടത്തിൽ ഭയഭക്തിയുടേയും തേങ്ങലിന്റെയും അവസ്ഥയോടൊപ്പം സകലവിധത്തിലുള്ള അർഥശൂന്യ ചേഷ്ടകൾ സമ്മേളിച്ചിരിക്കാനിടയുണ്ട്. ഏതുപോലെയെന്നാൽ, കുട്ടികളെ കൂടുതലായി കരയുന്ന ശീലമുള്ളവരും നിസ്സാര സംഗതികളെയൊക്കെ ഭയക്കുന്നവരും വിങ്ങലും വിനയവുമൊക്കെയുള്ളവരുമായിട്ടാണ് ദർശിക്കാൻ സാധിക്കുക. അതേസമയം, പ്രകൃത്യാ കുട്ടികൾ വിവിധതരത്തിലുള്ള വൃഥാവിഷയങ്ങളിൽ വ്യാപൃതരായവരും ഏറ്റവുമാദ്യം വ്യർഥ സംസാരങ്ങളിലേക്കും വ്യർഥ ജോലികളിലേക്കും ആകർഷിക്കപ്പെടുന്നവരുമാണ്. മിക്കപ്പോഴും അനാവശ്യ പ്രവൃത്തികളിലും മലക്കം മറിച്ചിലിലുമൊക്കെയാണ് അവർക്ക് താൽപര്യം. തന്മൂലം ചിലപ്പോൾ അവരുടെ ദേഹത്ത് പരിക്കുകളുമേൽക്കുന്നു. ഇതിൽനിന്നു മനസ്സിലാകുന്നത്, മനുഷ്യൻ തന്റെ ജീവിതപന്ഥാവിലെ പ്രാരംഭദശയിൽ പ്രകൃത്യാ വ്യർഥവിഷയങ്ങളെയാണ് അഭിമുഖീകരിക്കേണ്ടിവരുന്നതെന്നും ആ ഘട്ടം തരണം ചെയ്യാതെ രണ്ടാം ഘട്ടത്തിലെത്തിച്ചേരാൻ സാധ്യമല്ലെന്നുമത്രെ. അപ്പോൾ സ്വാഭാവികമായി പക്വപ്രായത്തിലേക്കുള്ള മനുഷ്യന്റെ പ്രഥമ ചവിട്ടുപടി ശൈശവകാലത്തെ വ്യർഥവിഷയങ്ങൾ കൈവെടിയലാകുന്നു. ഇതിൽനിന്ന് മനുഷ്യന്റെ പ്രകൃതത്തിലെ ഏറ്റവും പ്രാഥമികബന്ധം വ്യർഥവിഷയങ്ങളോടാണെന്ന് തെളിയുമാറാകുന്നു.)

അതായത്, ഏതെങ്കിലും വ്യക്തിയിൽ നമസ്കാരത്തിലും ദൈവസ്മരണയിലും ഭയഭക്തിയും വിങ്ങലും വിതുമ്പലുമൊക്കെയുള്ള അവസ്ഥ സംജാതമായാൽ അത് ദൈവവുമായി അവന് ബന്ധവുമുണ്ടായിരിക്കുന്നു എന്നതിന് യാതൊരു ദൃഢീകരണവുമാകുന്നില്ല. ഈ അവസ്ഥകളൊക്കെ ധാരാളം ഒരു വ്യക്തിയിലുണ്ടെങ്കിൽ പോലും അവന് ദൈവവുമായി യാതൊരു ബന്ധവുമില്ലാതിരിക്കാനും സാധ്യതയുണ്ട്. ഇതിന് അനുഭവസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വേണ്ടുവോളം ലഭ്യമാണ്. ഉദാഹരണത്തിന്, നിരവധി ജനങ്ങൾ ഉപദേശ പ്രഭാഷണ യോഗങ്ങളിലും വയളിന്റെയും

അവിഹിത ബന്ധത്തിൽ ഏർപ്പെടുന്ന വ്യക്തിക്ക് രേതസ്കണം അഭിസാരികയുടെ ജനനേന്ദ്രിയത്തിൽ പതിക്കുമ്പോഴും സ്വപത്നിയിലെന്ന പോലുള്ള അതേ ആനന്ദാനുഭൂതി ലഭ്യമാകുന്നുണ്ട്. അപ്രകാരം, ബിംബാരാധകരും സൃഷ്ടിപൂജകരുമായവരുടെ ഭക്തിവണക്കങ്ങളിലെ ആനന്ദാനുഭൂതികൾ സദൃശീകരിക്കപ്പെട്ടിരിക്കുന്നത് പരസ്ത്രീഗമനത്തോടത്രെ. അതായത്, ബഹുദൈവാരാധകരുടെയും കേവല ലൗകിക ലക്ഷ്യങ്ങൾക്കു വേണ്ടി ദൈവ സ്മരണ നടത്തുന്നവരുടെയും ഭക്തിവണക്കങ്ങൾ, ആനന്ദഹേതു വായിക്കൊണ്ട് അഭിസാരികയുടെ ജനനേന്ദ്രിയത്തിൽ പ്രവേശിക്കുന്ന രേതസ്കണത്തോട് താദാത്മ്യമു ള്ളതാകുന്നു.

ദിക്ക്റിന്റെയും സഭകളിലും അല്ലെങ്കിൽ നമസ്കാരത്തിന്റെയും ദൈവസ്മരണയുടെയും അവസ്ഥയിലും നന്നായി കരയുകയും നിർവൃതിയടയുകയും മുദ്രാവാക്യങ്ങൾ വിളിക്കുകയും അങ്ങേയറ്റത്തെ നൊമ്പരവും വേദനയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അവരുടെ കവിൾത്തടങ്ങളിലൂടെ ജലധാരപോലെ കണ്ണീരൊഴുകിക്കൊണ്ടിരിക്കും. മാത്രമല്ല ചിലരുടെ മുഖത്ത് അശ്രുകണങ്ങൾ മുൻകൂട്ടി തയ്യാറാക്കി വെച്ചതുകണക്കെ എന്തെങ്കിലും കേട്ടമാത്രയിൽ പൊട്ടിക്കരച്ചിലായി. എന്നാൽ അവർ വ്യർഥവിഷയങ്ങളിൽനിന്ന് കരകയറിയവരല്ല. കണക്കില്ലാത്ത വൃഥാവൃത്തികളും വ്യർഥഭാഷണങ്ങളും നിരർഥകങ്ങളായ ഉല്ലാസ വിനോദങ്ങളും അവരുടെ കഴുത്തിലെ ഹാരമാണ്. ഇതിൽനിന്ന്, അവർക്ക് ദൈവവുമായി യാതൊരു ബന്ധവുമില്ലെന്നും മഹത്വവാനായ ദൈവത്തിന്റെ ഔന്നത്യവും അവനോടുള്ള ഭയവും അവരുടെ ഹൃദയത്തിൽ ഒരു സ്ഥാനവും പിടിച്ചിട്ടില്ലെന്നും മനസ്സിലാക്കാം. ഇത്തരം വൃത്തികെട്ടവരിലും ആർദ്രതയുടേയും വിങ്ങലും വിതുമ്പലിന്റെയുമൊക്കെ അവസ്ഥകൾ സമ്മേളിച്ചിരിക്കുന്നു എന്നത് ഏറെ ആശ്ചര്യമുളവാക്കുന്ന കാഴ്ചയാണ്. ഇത് പാഠമുൾക്കൊള്ളേണ്ട സ്ഥാനമാകുന്നു!

ഇതിൽനിന്ന് സ്പഷ്ടമാകുന്നത്, **ലഗ്‌വിയാത്ത്** അഥവാ വ്യർഥമായുള്ള സകലസംഗതികളും കൈവെടിയാതെയുള്ള കേവല ഭയഭക്തി ഒരു അഭിമാനത്തിനും വക നൽകുന്നില്ല എന്നാകുന്നു. അത് ഒരുതരത്തിലുമുള്ള ദൈവസാമീപ്യത്തിന്റെയോ ദൈവബന്ധത്തിന്റെയോ ലക്ഷണമാകുന്നില്ല. ഞാൻ എത്രയോ ഫഖീർമാരെയും മറ്റുപല വ്യക്തികളെയും നേരിൽ ദർശിച്ചിട്ടുണ്ട്, അവർ ഏതെങ്കിലും വിഷാദാത്മക കവിതകൾ ശ്രവിക്കുകയോ ദുഃഖകാഴ്ചകൾ ദർശിക്കുകയോ കദന കഥകൾ കേൾക്കുകയോ ചെയ്താൽ, പൊടുന്നനെ പ്രത്യക്ഷമായ കാർമേഘങ്ങൾ രാത്രി വെളിയിൽ കിടന്നുറങ്ങുന്നവർക്ക് വിരിപ്പ് നനയാതെ അകത്തേക്കോടാൻ പോലും അവസരം നൽകാത്തവിധം പെട്ടെന്ന് കൂറ്റൻ മഴത്തുള്ളികൾ വർഷിക്കുന്നത് കണക്കെ അവരുടെ നയനങ്ങളിൽ നിന്ന് അതിശീഘ്രം അശ്രുക്കൾ ധാരധാരയായി പ്രവഹിക്കുന്നു. ഞാൻ സ്വാനുഭവത്താൽ സാക്ഷ്യം വഹിക്കുന്നു, അങ്ങനെയുള്ളവരിൽ ബഹുഭൂരിപക്ഷവും ദുസ്സാമർഥ്യക്കാരും, സുഖലോലുപരെ കവച്ചുവെക്കുന്നവരുമായിട്ടാണ് എനിക്ക് കാണാൻ സാധിച്ചത്. അവരിൽ ചിലർ നികൃഷ്ട ജാതിക്കാരും വിശ്വാസ വഞ്ചകരും മര്യാദ കെട്ടവരുമാകുന്നു. എനിക്കവരുടെ വിനയാർദ്രഭാവങ്ങളും ഭക്തിപാരവശ്യ പ്രകടനങ്ങളും കണ്ടതിൽ പിന്നെ ഏതെങ്കിലും യോഗത്തിൽ അവ്വിധം വിതുമ്പലോ വിങ്ങലോ പ്രദർശിപ്പിച്ചു പോകുന്നതിനോട് അങ്ങേയറ്റത്തെ വെറുപ്പനുഭവപ്പെടുന്നു. അതെ, ഏതോ കാലത്ത് ഇവ സവിശേഷമായും സൽസ്വഭാവികളുടെ ലക്ഷണമായിരുന്നുവെന്നത് ശരിതന്നെ. ഇന്നാണെങ്കിലത് തട്ടിപ്പുകാരുടെയും വഞ്ചകരുടെയും ശൈലിയായി മാറിക്കഴിഞ്ഞിരിക്കുന്നു. *വിവ: അബൂഅയ്മൻ*

## ആസന്നമായ മഹാദുരന്തം


അല്ലായോ യൂറോപ്പേ നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ നീ രക്ഷയിലല്ല. ! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാലിൽ നിങ്ങളെ സാഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞ് വീഴുന്നതായി ഞാൻ കാണുന്നു ജനബാഹുല്യമുള്ള സ്ഥലങ്ങൾ ജനശൂന്യമായി തീരുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടു കൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ . ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചു കൂട്ടുന്നതിന്ന് ആവതും ശ്രമിച്ചു. എന്നാൽ നിയതി നിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചു കൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കണ്ണിന്റെ മുമ്പിൽ വരും ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാവുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന്ന് പാത്രമായി തീരുന്നതിന്ന് വേണ്ടി പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവീൻ! ഏതൊരുവൻ ദൈവത്തെ വെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമത്രെ! ഏവൻ സർവ്വ ശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല.

**(ഹഖീഖത്തുഅൽ വഹ്‌ഹീ)**

# ചിലന്തികളുടെ അത്ഭുത ലോകം

**കാണാൻ വിലക്ഷണമായ ആകാരമുള്ള ചിലന്തികളുടെ വിചിത്രമായ ജീവിത രീതികൾ അത്യന്തം വിസ്മയകരമാണ്. സ്രഷ്ടാവിന്റെ അത്ഭുതകരമായ കൽപനാ വൈഭവം വിളിച്ചോതുന്ന ഈജീവികൾ അന്ധമായ പ്രകൃതി നിർദ്ധാരണത്തിന്റെ ആകസ്മികമായ പരിണാമഫലമാണെന്ന ഭൗതിക വാദികളായ പരിണാമവാദികളുടെ വാദം യുക്തി രഹിതവും അർഥശൂന്യവുമാണ്.**

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**



ഉത്തരധ്രുത്തിൽ (ആർട്ടിക്) ഒഴികെ ഭൂമിയിലെ എല്ലായിടത്തും ചിലന്തിയെ കാണാം. ഉഷ്ണമേഖലക്കാടുകളിൽ ധാരാളമായി ചിലന്തികൾ കാണപ്പെടുന്നു. മറ്റെങ്ങും അതുപോലെയില്ല. മഴക്കാടുകൾ മാത്രമല്ല അവയുടെ ആവാസ കേന്ദ്രം. കടുത്ത കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാനുള്ള അതിന്റെ കഴിവ് അത്ഭുതകരമാണ്. അവ മലമുകളിലും അതുപോലെ മലയിടുക്കുകളിലൂടെ ഒഴുകുന്ന അഗാധമായ നദികളുടെ കരയിലും ഗുഹകളിലും താമസിക്കുന്നു.

ഏകദേശം മുപ്പതിനായിരം തരത്തിൽപ്പെട്ട ചിലന്തികളുണ്ട്. ചില കണക്ക് കൂട്ടൽ പ്രകാരം അതിന്റെ ഇരട്ടിയോളമുണ്ടാവും. എല്ലാ ചിലന്തികളും വല നെയ്യുന്നില്ല. ചിലന്തികളുടെ പകുതി വർഗങ്ങൾ വല നെയ്യുന്നവരാണ്. വല നെയ്യുന്നവർ അതിനായുള്ള സിൽക്ക് നൂലും ഉൽപാദിപ്പിക്കുന്നു. ചില ചിലന്തികൾ ഇരയെ നേരിട്ട് വിസ്മയകരമായ വേഗത്തിലും കൃത്യതയോടെയും ആക്രമിക്കുന്നു. വല നെയ്യുന്ന ചിലന്തികൾ ചെറു പ്രാണികളെ മാത്രമേ ആക്രമിക്കാറുള്ളൂ. മറ്റു ചിലന്തികൾ താരതമ്യേന വലിയ പ്രാണികളെ ആക്രമിക്കുന്നു.

യാദൃച്ഛികമെന്ന് പറയട്ടെ, കഴിഞ്ഞ നൂറ്റാണ്ടിൽ ഒരു പ്രകൃതി ശാസ്ത്രജ്ഞൻ ഒരു കണക്കെടുക്കുകയുണ്ടായി. അതായത് ചിലന്തികൾ മൊത്തം കൊന്നൊടുക്കുന്ന പ്രാണികളുടെ ഭാരം മൊത്തം മനുഷ്യരുടെ ഭാരത്തിന്റെ പകുതിയോളം വരും. മുഖ്യ ചർച്ചാ വിഷയത്തിലേക്ക് മടങ്ങിക്കൊണ്ട് നാം വായനക്കാരനെ വിവിധ ജീവി വർഗങ്ങൾ തമ്മിലുള്ള ജീവിത ശൈലിയിലെ വ്യത്യാസം ഓർമിപ്പിക്കാനാഗ്രഹിക്കുന്നു. അവ ഓരോന്നിന്റെയും പരിണാമ ചരിത്രം രേഖപ്പെടുത്തുക എന്നത് പരിണാമവാദികൾക്കാണ് വളരെയേറെവെല്ലുവിളി ഉയർത്തുക. ഏതെല്ലാം പ്രകൃതി ശക്തികളാണ് കോടിക്കണക്കിന് വർഷങ്ങൾകൊണ്ട് അവയുടെ പരിണാമത്തെ നയിച്ചത്? അത് എങ്ങനെയാണ് സംഭവിച്ചത്? പരിണാമവാദികളുടെ അഭിപ്രായ പ്രകാരം ഓരോ ചിലന്തിയും ആകസ്മികമായിട്ടായിരിക്കുമല്ലോ നാം ഇന്ന് കാണുന്ന ദശയിൽ എത്തിച്ചേർന്നിട്ടുണ്ടാവുക.

വായനക്കാരന്റെ കൗതുകത്തിന് വേണ്ടി ചിലന്തികളുടെ ഓരോ വർഗവും പരസ്പരം എത്രമാത്രം വ്യത്യസ്തത പുലർത്തുന്നു എന്നതിന് ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.



Huntsman Spider

ചെന്നായ ചിലന്തിയാണ്(Wolf Spider)അവയിലൊന്ന്. ഒരു ചെന്നായയുടെ ശൗര്യത്തോടെയാണ് അത് ഇരതേടുക. അതുപോലെ വേട്ടക്കാരൻ ചിലന്തി(Huntsman Spider)അവ വളരെ വേഗത്തിൽ സഞ്ചരിക്കുന്നു. അപ്രകാരം പക്ഷിവേട്ടക്കാരനായ ചിലന്തിയുമുണ്ട്. അതിനെ തരന്തുലാസ് (Tarantulas)എന്നാണ് വിളിക്കുന്നത്. ചെറിയ കശേരുകികൾ(Vertibrates) പോലും അതിന്റെയരികിൽ ചെറു ജീവികളാണ്. തരന്തുലാസ് ചിലന്തികൾ പ്രകോപനമുണ്ടായാൽ ചിലപ്പോൾ മനുഷ്യനേയും ആക്രമിക്കാൻ മടിക്കില്ല. അവയുടെ മുഖ്യഭക്ഷണം രാത്രി ചേക്കേറുന്ന ചെറിയ പറവകളും ഉരഗങ്ങൾ, ഉഭയജീവികൾ, കടന്നലുകൾ, പാറ്റകൾ, വെട്ടുകിളി മുതലായവയുമാണ്. ചിലപ്പോൾ ആവശ്യം നേരിട്ടാൽ മറ്റു ചിലന്തികളേയും പിടിച്ച് ഭക്ഷിച്ചു കളയും.


ചിലത് ഉറുമ്പ് തീനികളായ ചിലന്തികളാണ്. തരന്താസുകളെ അപേക്ഷിച്ച് അത് വളരെ ചെറുതാണ്. വേട്ടയാടുന്ന ഉറുമ്പുകളേക്കാൾ വലുപ്പമുള്ളവയല്ല അവ. സ്രഷ്ടാവ് അതിന് വളരെ ഉചിതമായ ഒരു കൃത്രിമാവരണമാണ് (Camouflage) കൊടുത്തിട്ടുള്ളത്. ഉറുമ്പുകളെപ്പോലെ തോന്നിക്കുന്ന അവക്കിടയിലെ ഈ പരദേശിയായ ഘാതകന്റെ സാന്നിദ്ധ്യം പാവം ഉറുമ്പുകൾ ഒരിക്കലും തിരിച്ചറിയില്ല.അവ തികച്ചും ഉറുമ്പിനെപ്പോലെയാണ് കാണപ്പെടുന്നത്. അത് ഉറുമ്പിനെ പോലെ പെരുമാറുകയും നടക്കുകയും ചെയ്യുന്നു. പഴയ ഒരു പഴഞ്ചൊല്ലിൽ പറഞ്ഞത് പോലെ 'റോമിൽ ചെന്നാൽ റോമക്കാരെ പോലെ' (When in Rome do as Romens do). ഇത് ഈ ഉറുമ്പു ചിലന്തികൾക്ക് യോജിക്കുന്ന പഴമൊഴിയാണ്. ഉറുമ്പു ചിലന്തി ഉറുമ്പുകളെപ്പോലെ ചിന്തിക്കുന്നില്ല എന്നു മാത്രം. അന്ധമായ ആകസ്മികതക്ക് ഇത്തരത്തിലുള്ള കബളിപ്പിക്കൽ വിദ്യകളെ രൂപപ്പെടുത്താൻ എങ്ങനെ കഴിയും? ഈയൊരത്ഭുതം സാധ്യമാവാനുള്ള അലക്ഷ്യമായ ഉൽപരിവർത്തനത്തിന് എത്രകാലമെടുത്തു? പരിണാമവാദികൾ ഉത്തരം പറയേണ്ട ചില ചോദ്യങ്ങളാണിവ.

ഉറുമ്പു വേട്ടക്കാരായ ചിലന്തികളുമായി ബന്ധപ്പെട്ട് പ്രകൃതിയുടെ തിരഞ്ഞെടുപ്പ് എങ്ങനെയാണ് പ്രവർത്തിച്ചതെന്നതിനെപ്പറ്റി ഒരുത്തരം തീർച്ചയായും ആർക്കും പ്രതീക്ഷിക്കാം. ലക്കും ലഗാനുമില്ലാതെ പ്രവർത്തിക്കുന്ന പരിണാമത്തിന്റെ ഘടകങ്ങൾ പരിപൂർണനായ ഉറുമ്പു വേട്ടക്കാരൻ ചിലന്തിയെ രൂപപ്പെടുത്താൻ എത്രദശലക്ഷം അപൂർണരായ ഉറുമ്പുവേട്ടക്കാരന്റെ തലമുറയെ സൃഷ്ടിച്ചു നിഷ്ക്കാസിതരാക്കി.

ചിലന്തിയുടെ മറ്റൊരു നിഗൂഢമായ വർഗമാണ് അറ്റിപസ് (Atypus). ഡബ്ളിയു. ഇ. ലീച്ച് (W.E. Leach) 1816ൽ അതിനെ കണ്ടെത്തിയതിന് ശേഷം ജന്തുശാസ്ത്രജ്ഞൻമാരുടെ സാർവത്രികമായ താൽപര്യം അറ്റിപസ് ചിലന്തിക്ക് ലഭിച്ചു വരുന്നു. കുറച്ച് കാലം മുമ്പേ അടച്ചിട്ട മുറിയിലെ രഹസ്യങ്ങൾ ചില ഡിറ്റക്റ്റീവ് നോവലെഴുത്തുകാർ കണ്ടുപിടിക്കുമായിരുന്നു. ട്രാപ്ഡോർ ചിലന്തി (Trapdoor Spider) എന്ന പെൺ വർഗ ജീവി പ്രകൃതി തയ്യാറാക്കിയ ഒരു അടച്ചമുറി രഹസ്യത്തിന്റെ ജീവൽ മാതൃകയാണ്. ഇരു വശവും അടഞ്ഞു കിടക്കുന്ന ഒരു സിൽക് ട്യൂബിൽ എങ്ങനെയാണ് ദീർഘകാലം ഈ പെൺ ചിലന്തിക്ക് ജീവിക്കാൻ കഴിയുക എന്ന് സുവോളജിസ്റ്റുകൾ അത്ഭുതപ്പെട്ടിട്ടുണ്ട്. എഫ്. ഇനോക്ക് എന്ന ശാസ്ത്രജ്ഞൻ 1885 മുതൽ 1892 വരെ നടത്തിയ ഗവേഷണങ്ങളാണ് അമ്പരപ്പിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് അന്തിമമായി ഒരു പരിഹാരം നിർദേശിച്ചത്. അറ്റിപസ് ചിലന്തി സ്വയം നിർമിച്ച് അടച്ചു പൂട്ടുന്ന ഈ സിൽക്ക് ട്യൂബിന് എട്ടുമുതൽ ഒൻപത് വരെ ഇഞ്ച് നീളമുണ്ടാകും. അതിൽ രണ്ടോ മൂന്നോ ഇഞ്ച് ട്യൂബ് നേരെ കുത്തനെ ഭൂമിക്കടിയിലേക്കായിട്ടായിരിക്കാം. ബാക്കി ഭാഗം കൈയുറയുടെ വിരൽ ഭാഗം



Trapdoor Spider





പോലെ ഭൂമിയുടെ പ്രതലത്തിന് സമാന്തരമായി നിലകൊള്ളുന്നു. വിരലാകൃതിയിലുള്ള ഈ ട്യൂബിന്റെ മധ്യഭാഗം ചിലന്തിക്ക് നിന്നു തിരിയാനും ഇരപിടിത്തത്തിനും മറ്റു സൗകര്യമുള്ള വിധം വിസ്തൃതിയുണ്ടാവും. തണുപ്പ് കാലത്ത് ട്രാപ്ഡോർ ചിലന്തി ശിശിര നിദ്രയിലാവുമ്പോൾ അന്ധമായ പരിണാമമാണ് കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. അപ്പോൾ ചിലന്തി വസിക്കുന്ന ട്യൂബിന്റെ മേൽ ഭാഗം തകർന്നു വീഴും. മറ്റു സമയങ്ങളിൽ ഈ ട്യൂബ് ഭൂമിക്കടിയിൽ നിന്ന് പൊന്തി നിൽക്കുന്ന വേര് ആണോ എന്ന് ആരും തെറ്റിദ്ധരിച്ചു പോവും. മണൽത്തരിയും ചെളിയും ചിലന്തി സ്വയം ഉൽപാദിപ്പിക്കുന്ന സിൽക്കും കൂട്ടിക്കുഴച്ച് ഉണ്ടാക്കുന്ന ഈ കുഴൽക്കൂട് തിരിച്ചറിയാൻ പ്രയാസമാണ്. ഈ കൂട്ടിലിരുന്ന് പിടികൂടുന്ന പ്രാണിയെ നിരീക്ഷിക്കാനാവും. പെട്ടന്ന് കുഴലിനു മുകളിലൂടെ മിന്നിത്തിളങ്ങുന്ന മൂർച്ചയുള്ള രണ്ട് കൊമ്പുകൾ സംഹാരാത്മകമായി പുറത്തേക്ക് വരുന്നു. പിന്നീട് സ്രാവിനെപ്പോലെ തന്റെ അടിഭാഗം കൊണ്ട് മുകൾ ഭാഗത്ത് പ്രഹരിക്കുന്നു. ഏതെങ്കിലും പറക്കുന്ന പ്രാണിയാണ് ട്യൂബിന്റെ മുകളിൽ പിടിക്കപ്പെടുന്നതെങ്കിൽ ട്രാപ്ഡോർ ചിലന്തി അതിന്റെ മൂർച്ചയുള്ള കൊമ്പുകൾ പ്രാണിയുടെ ശരീരത്തിൽ തുളച്ചു കയറ്റി ചൂണ്ടലിൽ കോർത്ത പോലെ പൊക്കി നിറുത്തും. കുറച്ച് നേരത്തെ പിടിവലിയുടെ ഫലമായി കുഴൽക്കൂടിന്റെ ചുമരിൽ ഒരു കീറൽ പ്രത്യക്ഷപ്പെടുകയും അതിലൂടെ പ്രാണിയെ വലിച്ചു കൊണ്ടുവരികയും ചെയ്യുന്നു. തനിക്ക് കിട്ടിയ ഇരയുമായി കൂടിന്റെ അകത്തളത്തേക്ക് പോകുന്നതിന് മുമ്പേ വീണ്ടും കൂടിന്റെ മുകൾ ഭാഗത്തെത്തി കീറിപ്പൊളിഞ്ഞ ഭാഗം നന്നാക്കി അത് വീണ്ടും അടച്ചു ഭദ്രമാക്കുന്നു.

ഡാർവിൻ സിദ്ധാന്തപ്രകാരം ഉൽപരിവർത്തനത്തിന്റെ സഹായത്തോടെ സംഭവിക്കുന്ന 'അർഹതയുള്ളതിന്റെ അതിജീവനം' ചിലന്തിയുടെ ക്രിയാത്മകമായ ഈ ആസൂത്രണം മെനഞ്ഞെടുക്കാനും രൂപകൽപന ചെയ്യാനും പ്രാവർത്തികമാക്കാനും എങ്ങനെ കഴിഞ്ഞു എന്നത് ഒരു നിഗൂഢതയാണ്. ഒരുപക്ഷേ ആ നിഗൂഢത പ്രകൃതി ശാസ്ത്രജ്ഞൻമാരിൽ അത്യുന്നതൻമാർ അവരുടെ ആത്മ സംതൃപ്തിക്കായി വല്ലതും മനസ്സിലാക്കിയിട്ടുണ്ടായിരിക്കും.

ചിലന്തി വർഗത്തിലെ പകുതിയോളം വരുന്ന വല നെയ്യുന്നവരുടെ കാര്യം പറഞ്ഞു കൊണ്ട് ഈ ചർച്ച ഉപസംഹരിക്കാം. വളരെ നിസ്സാരവും ലോലവും തരളിതവുമായ ഈ സൃഷ്ടികളും ഇതുപോലെ അത്ഭുതകരമായ കഴിവുകളുള്ളതും ഇരയെ പിടിക്കുന്നതിൽ സങ്കീർണമായ വിദ്യകൾ പ്രയോഗിക്കാൻ കഴിവുള്ളവരുമാണ്. അത് വളരെ കൗതുകകരമായ ഒരു പഠന വിഷയമാണ്. വല നെയ്ത്തുകാരായ ഒരു വർഗം ചിലന്തിയിൽ നിന്ന് മറ്റൊരു വർഗത്തിലേക്ക് സഞ്ചരിക്കുമ്പോൾ അവയുടെ ജീവിതശൈലിയും ഇരപിടിക്കൽ തന്ത്രങ്ങളും നെയ്ത്തു വൈദഗ്ദ്ധ്യവുമെല്ലാം നാടകീയമായി മാറുന്നത് കാണാം. അന്ധമായ ആകസ്മികത എങ്ങനെയാണ് ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയെ നെയ്ത് നൂൽ ഉൽപാദിപ്പിക്കുന്ന അത്യുന്നതമായ പണിശാലയാക്കി മാറ്റിയത്?

അതൊരിക്കലും ഒറ്റ രാത്രി കൊണ്ട് സംഭവിച്ച ഉൽപരിവർത്തനങ്ങളുടെ വിസ്ഫോടനമായിരുന്നിരിക്കാൻ സാധ്യ തയില്ല. ഈ പ്രക്രിയകളെല്ലാം തന്നെ ഘട്ടം ഘട്ടമായി ഓരോന്നും പുനഃസൃഷ്ടിക്കുകയാണെങ്കിൽ ഒരുപക്ഷേ അലക്ഷ്യമായ പരിണാമം ചിലന്തിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് നമുക്ക് ഒരു പരിധിവരെ സങ്കൽപിക്കാൻ കഴിയും.

ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയിൽ നിന്ന് ഒരുപക്ഷേ ഈ കഥ ആരംഭിക്കുന്നു. അതായത് ചില യാദൃച്ഛിക കാരണങ്ങളാൽ ചിലന്തിയുടെ ഉമനീർ ഗ്രന്ഥി ഒരു അധിക ഭാരമായി തോന്നിയിട്ടുണ്ടാവാം. പിന്നീട് അടുത്ത ഒന്നോ രണ്ടോ ദശലക്ഷം വർഷം കൊണ്ട് നിരവധി ആകസ്മികതകളുടെ ഫലമായി ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയിൽ നിന്നുള്ള സ്രാവം പുറത്തേക്ക് വരുമ്പോഴേക്കും വായു സമ്പർക്കത്താൽ ഉറച്ച നൂലായി വരണമെന്ന് ഉമിനീരിനെ പഠിപ്പിച്ചിരിക്കും. ലോലമായ ഈ ചിലന്തി നൂലിന് അതേ അളവ് തൂക്കം വരുന്ന ഉരുക്കിനേക്കാൾ ശക്തിയും നൽകപ്പെട്ടിരിക്കുന്നു.

അസഹ്യമാം വിധം കൊണ്ടു നടക്കാൻ പറ്റാത്ത ഈ നൂൽ എല്ലാ സ്ഥലങ്ങളിലും വ്യാപിച്ചിരിക്കും. അതിൽ ചിലന്തിയുടെ കാൽ പിണയുകയും ചിലന്തിയെ വേട്ടയാടാൻ വരുന്നവർക്ക് അത് എളുപ്പമുള്ള ഇരയായി തീരുകയും ചെയ്യും. എത്രകാലം ആ വസ്തു ഉണർന്നി

തിക്കും. ഒരുപക്ഷേ പരിണാമവാദി കൾക്ക് നന്നായി സങ്കൽപിച്ചു പറ യുവാൻ കഴിഞ്ഞേക്കും. പക്ഷേ, സാധാരണക്കാർക്കുണ്ടാകുന്ന ഒരു ഊഹം ഇങ്ങനെയായിരിക്കുമെന്ന് നാം വിചാരിക്കുന്നു. അവിടന്ന് ഒന്ന് രണ്ട് ദശലക്ഷം വർഷങ്ങൾക്ക് ശേഷം മാനസികമായി കൂടുതൽ പ്രബുദ്ധത നേടിയ ചിലന്തി വെയിൽ കാഞ്ഞു കൊണ്ടിരിക്കെ തന്റെ ഈ ദുരവസ്ഥയെക്കുറിച്ച് വിലപിച്ചിട്ടുണ്ടാവും. ആ അപൂർവ നിമിഷം ചിലന്തിയെ സഹായിക്കാൻ ആകസ്മികതയുടെ അപൂർവ നിമി ഷങ്ങൾ പാഞ്ഞെത്തുകയുണ്ടായി. അങ്ങനെ ചിലന്തിയുടെ മസ്തിഷ്ക ത്തിൽ ഉൽപരിവർത്തനത്തിന്റെ നിരവധി ക്രമീകരണങ്ങൾ സംജാ തമായി. അതായത് അതിന്റെ എല്ലാ അസൗകര്യങ്ങളേയും സൗകര്യങ്ങ ളാക്കി പരിവർത്തിപ്പിച്ചു കൊടു ത്തു. മിന്നൽ പിണർ പോലെയുള്ള ആ നിമിഷം മുതൽ മുഴുവൻ ജീവി ലോകത്തിലും സമാനതയില്ലാത്ത വിധം ചിലന്തിയുടെ ജീവിതശൈലി മാറി പുതിയ യുഗത്തിന് തുടക്കം കുറിച്ചു!

ചിലന്തി സ്വയംതന്നെ ഒരു കെണി എന്ന നിലയിൽ വല നെയ്യുന്ന കല അഭ്യസിച്ചു തുടങ്ങി. ഈ വിദ്യകരസ്ഥമാക്കാൻ ചിലന്തി എത്രകാലം എടുത്തു എന്ന നിഗമ നത്തിലെത്താൻ വളരെയേറെ പ്രയാ സമായിരിക്കും. പരിണാമത്തിന്റെ വേഗമനുസരിച്ച് വല നെയ്ത്തു കലയിൽ പ്രാവീണ്യം നേടാൻ പിന്നെയും ഒരു ജോഡി ദശലക്ഷം വർഷമെങ്കിലും ചിലന്തി എടുത്തിട്ടു ണ്ടെങ്കിൽ അതിൽ അത്ഭുതമൊന്നു മില്ല.

ചിലന്തി നെയ്യുന്ന വിവിധ തരത്തിലുള്ള വിസ്മയകരവും സങ്കീർണവുമായ വല, ആശ്ചര്യക രമാണ് എന്ന് മാത്രമല്ല, നിശ്ചിത ലക്ഷ്യത്തിനായി അതിസൂക്ഷ്മമായി തയ്യാർ ചെയ്യപ്പെട്ടതുമാണ്. തന്റെ വലക്ക് മീതെ ഏറ്റവും വിദഗ്ദ്ധ നായ ബാലറ്റ് നർത്തകനെ പോലെ നേർത്ത കാലുമായി നൃത്തം ചെയ്യുന്ന ചിലന്തിയുടെ ദ്രുതഗതിയി ലുള്ള പാദചലനങ്ങളെ ഒരിക്കലും തന്നെ അതിന്റെ വല തടസ്സപ്പെടു ത്തുന്നില്ല. മുറുക്കിക്കെട്ടിയ ചരടി ലൂടെ നടക്കുന്ന ഏത് വിദഗ്ദ്ധനായ നടത്തക്കാരനേക്കാളും, വൈദഗ്ധ്യ ത്തോടെയാണ് വലയുടെ നൂലി ലൂടെ അത് നടക്കുന്നത്. ഒരു പിഴ ക്കാത്ത ചുവട് വെച്ചു കൊണ്ട്, ബാലൻസ് ചെയ്യാൻ ഒരു വടിയുടെ ആവശ്യമില്ലാതെ വലയുടെ ഒരു നൂല് നെയ്തതിന് ശേഷം മറ്റേ നൂല് എവിടെയാണ് ഉറപ്പിക്കേണ്ടത് എന്ന തിനെ സംബന്ധിച്ച് അശേഷം സംശയമില്ലാതെ നിശ്ചയിച്ചുറച്ച രീതിയിൽ ചിലന്തി വല നെയ്ത് പൂർത്തിയാക്കുന്നു. ചിലന്തി നൂൽ ഉൽപാദിപ്പിച്ച് അത് ഏറ്റവും അവി കലമായ രീതിയിൽ ഒരു കെണി യായി നെയ്തുണ്ടാക്കുന്ന ജോലി പഠിക്കുന്ന ചരിത്രം അങ്ങനെ ശുഭ കരമായി പര്യവസാനിക്കുന്നു. ഏറ്റവും അക്രമകാരിയായ ഒരു കട ന്നൽ പോലും, നെയ്തുണ്ടാക്കിയ വലയാകുന്ന കൊട്ടാരത്തിൽ പതി യിരിക്കുന്ന ചിലന്തിയെ ആക്രമി ക്കാൻ രണ്ട് വട്ടം ആലോചിക്കും.

ഇതിന്റെ ഉദ്ദേശ്യത്തെ പറ്റി ആലോചിക്കുന്ന ഒരാൾക്ക് ഒരശുഭ ചിന്ത കയറി വരുന്നത് വരെ എല്ലാം വിസ്മയകരം തന്നെ. ചിലന്തിയുടെ ഈ സങ്കീർണമായ പ്രവർത്തന ങ്ങളുടെയെല്ലാം ഉദ്ദേശ്യം എന്തായി രുന്നു? ഒരു ലക്ഷ്യമോ, ആസൂത്ര ണമോ കൂടാതെ അന്ധമായ പരി ണാമം ഇത്തരത്തിലുള്ള ഒരു ലക്ഷ്യ ത്തിൽ എന്തുകൊണ്ട് എത്തി ച്ചേർന്നു? ചിലന്തിക്ക് അതിന്റെ അതിജീവനത്തിന് വേണ്ടിയിരുന്നത് ആവശ്യമായ ഭക്ഷണം മാത്രമായി രുന്നില്ലേ? പിന്നെയെന്തിനീ സംവി ധാനങ്ങളൊക്കെ?

പ്രകൃതി, പാവം ചിലന്തിക്ക് നൽകിയത് വളഞ്ഞതും വിലക്ഷണ വുമായ കാലുകൾ മാത്രമാണ്. ചിലന്തി തന്റെ വല നെയ്തു കല യിൽ പ്രാവീണ്യം നേടുന്നത് വരെ ദശലക്ഷക്കണക്കിന് വർഷങ്ങൾ തല മുറ തലമുറയായി എന്തെങ്കിലും ഭക്ഷണം കഴിച്ചായിരിക്കണം ജീവി ച്ചിരുന്നത്. ഈച്ചകൾ ഒരു പക്ഷേ പമ്പര വിഡ്ഢികളാവും. എന്നാലും അവ തങ്ങളെ കുടുക്കാൻ കെണി യൊരുക്കാത്ത ചിലന്തിയുടെ വായി ലേക്ക് തങ്ങളുടെ തല നേരെ കൊണ്ടുപോയിക്കൊടുക്കാൻ മാത്രം വിഡ്ഢികളായിരുന്നില്ല. എങ്കിലും ഈ ഈച്ച ഭക്ഷണം കഴിച്ചോ കഴിക്കാതെയോ ചിലന്തി കൾ ദീർഘകാലം ജീവിക്കുകയു ണ്ടായി. ചിലന്തിക്ക് ഇങ്ങനെ നൂലു ണ്ടാക്കി വല നെയ്യുന്ന പ്രവൃത്തിയു ടേയും അതിനോടനുബന്ധിച്ചുള്ള പരിണാമ പ്രക്രിയയുടേയും ആവശ്യം എവിടെ നിന്നാണ് വന്നത്?

ഒരു സ്വഭാവത്തിൽ നിന്ന് മറ്റൊരു സ്വഭാവത്തിലേക്കുള്ള സുദീർഘ കാലമെടുക്കുന്ന മാറ്റ ത്തിന്റെ വെല്ലുവിളികൾ കാണാതി രിക്കുക എന്നത് ബുദ്ധിമുട്ടാണ്. ഈ മാറ്റങ്ങൾക്കിടയിൽ ചിലന്തിയുടെ എത്രയോ തലമുറകൾ അലക്ഷ്യ മായി നശിച്ചൊടുങ്ങിയിരിക്കണം എന്ന കാര്യമോർക്കുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും.

ഒരുപക്ഷേ ചിലന്തി ഒരുപാട് ഉൽപരിവർത്തനങ്ങളുടെ പിൻബല ത്താൽ വല നെയ്യുന്ന കല പെട്ടെന്ന് പഠിച്ചിട്ടുണ്ടാകുമെന്ന് നാം നേരത്തെ അഭിപ്രായപ്പെട്ടത് ഈ ആശയത്തിലെ അസംബന്ധം തുറന്നു കാട്ടുക എന്ന ഉദ്ദേശ്യത്തോ ടെയായിരുന്നു. ഉൽപരിവർത്തന ങ്ങൾ, ഒരു ലക്ഷ്യത്തോടു കൂടി അവികലമായി സംഘടിപ്പിക്കപ്പെട്ട ഒരു പരിപാടി എന്ന നിലക്ക് ഒരേ സമയം സംഭവിക്കുന്നില്ല. ആയിരക്ക ണക്കിന് ആകസ്മികമായ അവസ രങ്ങളോട് പ്രതിപ്രവർത്തിച്ചാണ് സ്വഭാവ വാഹികളായ ജീനുകളിൽ അർഥവത്തായ അനുകൂലനമുള്ള ഒരു സ്വഭാവം രേഖപ്പെടുത്തപ്പെടു ന്നത്. ഇങ്ങനെയാണ് ഏതൊരു മൃഗ ത്തിന്റെ സ്വഭാവത്തിലും നാടകീയ മായ വ്യതിയാനങ്ങൾ സംജാതമാ വുന്നത്. (തുടരും)

# തകിടംമറിയുന്ന മാതൃസങ്കൽപ്പം

ഇന്ത്യൻ പാർലമെന്റ് 2018 ഡിസംബർ 19 ന് വാടക ഗർഭപാത്ര നിയന്ത്രണ ബിൽ (Surrogacy Regulation Bill) പാസ്സാക്കിയിരിക്കുകയാണ്. സ്ത്രീകളുടെ ഗർഭപാത്രം വാടകക്ക് നൽകി ഇന്ത്യയിൽ ഈ ശിശു നിർമാണ വ്യവസായം പ്രത്യേകിച്ചും ഗുജറാത്തിൽ തഴച്ചു വളരുകയാണ്. ഇത് തടയാനുള്ള നിയമ നിർമാണത്തിന് വേണ്ടിയാണ് ഗവൺമെന്റ് ഈ ബില്ല് കൊണ്ട് വരുന്നത്. ബന്ധുക്കളുടെ ഗർഭ പാത്രം മാത്രമേ വാടകക്കെടുക്കാൻ പാടുള്ളൂ, വാണിജ്യഉപാധികൾ പാടില്ല. ദമ്പതികൾ കുഞ്ഞുങ്ങളിലാതെ 5 വർഷം കഴിഞ്ഞവരായിരിക്കണം, ബീജസങ്കലനത്തിന് നിയമ പ്രകാരമുള്ള ദമ്പതികളുടെ ലൈംഗിക കോശങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ, വിദേശ പൗരന്മാർക്ക് ഇന്ത്യക്കാർ വാടകക്ക് ഗർഭപാത്രം കൊടുക്കാൻ പാടില്ല തുടങ്ങിയ നിബന്ധനകൾ ബില്ലിലുണ്ട്. ധാർമികവും മതപരവും മാനവീയവും സാമൂഹികവുമായ നിരവധി വിഷയങ്ങൾ ഉള്ളടങ്ങിയ ഈ ബില്ല് 2015ൽ പാർലമെന്റിൽ ചർച്ചക്ക് വന്നപ്പോൾ സത്യദൂതനിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം (2015 ഏപ്രിൽ) ഇവിടെ പുനഃപ്രസിദ്ധീകരിക്കുകയാണ്.

**എ.എം. മുഹമ്മദ് സലീം**

സ്വർഗം പോലും മാതാവിന്റെ കാൽകീഴിലാണെന്ന് പറയുകയും മനുഷ്യബന്ധങ്ങളിൽ വെച്ച് ഏറ്റവും ദിവ്യവും പാവനവുമെന്ന് കരുതപ്പെടുകയും ചെയ്യുന്ന മാതൃസങ്കൽപ്പം തകിടം മറിയുകയാണോ? മനുഷ്യന് സുഖവും പ്രയോജനവും നൽകുന്നതെല്ലാം നീതീകരിക്കപ്പെടേണ്ടതാണ് (Pragmatism) എന്ന നൈതിക ബോധം വെച്ചു പുലർത്തുന്ന ആധുനിക മെഡിക്കൽ സയൻസും ഭരണാധികാരികളും പ്രകൃതിയുടെ ഈ സ്വച്ഛവിശുദ്ധമായ പ്രജനന രീതി ജനിറ്റിക്ക് എഞ്ചീനിയറിങ്ങിലൂടെ മാറ്റിമറിക്കാൻ ശ്രമിക്കുകയാണ്. സറഗസി (Surrogacy) എന്നറിയപ്പെടുന്ന വാടക പ്രസവ സമ്പ്രദായം അത്തരത്തിലുള്ള ആശങ്കകളാണ് ഉയർത്തുന്നത്.

ശാരീക വൈകല്യങ്ങൾ കൊണ്ടോ ഗർഭിണിയാകാനുള്ള മനസ്സില്ലായ്മ കൊണ്ടോ ഗർഭം ചുമക്കാനായി അന്യസ്ത്രീകളുടെ ഗർഭപാത്രം തുക നിശ്ചയിച്ചോ അല്ലാതെയോ വാടകക്കെടുക്കുന്ന ആധുനിക മെഡിക്കൽ സമ്പ്രദായമാണ് സറഗസി (Surrogacy) അഥവാ വാടക പ്രസവം. മനുഷ്യശിശുവിനെ വെറുമൊരു ചരക്കും ഗർഭം ചുമക്കുന്ന സ്ത്രീയെ ഒരു നിർമാണോപകരണവുമാക്കിത്തീർക്കുന്ന ഈ ശിശുനിർമാണ വ്യവസായം (സറഗസി) ഇന്ത്യയിൽ വൻ ബിസിനസ്സായി അതി ശീഘ്രം വളർന്നുകൊണ്ടിരിക്കുകയാണ്. താരതമ്യേന ചെലവ് കുറഞ്ഞ മെഡിക്കൽ സൗകര്യം, സഹായാധിഷ്ഠിത പ്രത്യുൽപാദന ടെക്നോളജി (Assisted Reproductive Technologies (ART)) സംബന്ധിച്ചുള്ള വൈദഗ്ദ്യം, കുറഞ്ഞ നിരക്കിൽ വാടക പ്രസവത്തിന് സന്നദ്ധരായ സ്ത്രീകളുടെ ലഭ്യത എന്നീ ഘടകങ്ങളാണ് അന്തർ ദേശീയ തലത്തിൽ ഇന്ത്യയെ വാടക പ്രസവത്തിന്റെ കളിത്തൊട്ടിലാക്കി മാറ്റിയിരിക്കുന്നത്. 1994ലാണ് ഇന്ത്യയിൽ ആദ്യമായി വാടക പ്രസവം നടക്കുന്നത്. ഇന്ത്യയിൽ ഗുജറാത്ത് സംസ്ഥാനത്തിൽ പാൽ ഉൽപന്നങ്ങൾക്ക് പേരു കേട്ട (അമുൽ ഉൽപന്നങ്ങൾ) ആനന്ദ് ജില്ലയാണ് വാടക പ്രസവം നടത്തിക്കൊടുക്കുന്ന ഇന്ത്യയിലെ പ്രമുഖ കേന്ദ്രം. കേന്ദ്രഗവൺമെന്റ് ഇത് സംബന്ധിച്ചിറക്കിയ പത്രക്കുറിപ്പിൽ പറയുന്നത് ഇന്ത്യക്ക് 2500 കോടി രൂപ നേടിതരുന്ന വ്യവസായമാണ് സറഗസി, ഇന്ത്യയിൽ വെച്ച് അത് ചെയ്യുമ്പോൾ മറ്റു രാജ്യങ്ങളിലുള്ളതിനേക്കാൾ പത്തിലൊന്ന് ചിലവ് മാത്രമേ വരൂ എന്നുമാണ്. വാടക പ്രസവം നടത്തിക്കൊടുക്കുന്ന 3000 ത്തിലധികം ക്ലിനിക്കുകൾ ഇന്ത്യയിലുണ്ട്. ലക്കും ലഗാനുമില്ലാതെ കുതിച്ചുയരുന്ന

ഈ ശിശുനിർമാണ വ്യവസായത്തിന് ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുന്നു. ഇപ്പോൾ സമഗ്രമായ നിയമവും നിയന്ത്രണവും കൊണ്ടുവരാൻ പോകുകയാണ്.

## വാടക പ്രസവവും മതങ്ങളും

സറഗസി പുരാതനമായി അംഗീകരിക്കപ്പെട്ട ഒരു സമ്പ്രദായമാണ് എന്നാണ് ഇതിനെ അനുകൂലിക്കുന്നവർ വാദിക്കുന്നത്. പുരാതന മെസപൊട്ടോമിയയിലെ ബാബിലോണിയൻ നിയമസംഹിതയായ ഹമ്മുറാബിയുടെ നിയമ പുസ്തകത്തിൽ ഭാര്യ വന്ധ്യയാണെങ്കിൽ മറ്റൊരു സ്ത്രീയെ സറഗേറ്റ് ചെയ്ത് സന്താനലാഭമുണ്ടാക്കാമെന്ന വ്യവസ്ഥയുണ്ട്. പുരാതന ഹിന്ദു നിയമ വ്യവസ്ഥയിലെ **'നിയോഗം'** എന്ന ആചാരത്തിൽ സന്താലബ്ധിക്കായി ഭർത്താവല്ലാത്ത മറ്റൊരു പുരുഷനെ ഭാര്യക്ക് പ്രാപിക്കാമെന്ന് പറയുന്നു. സ്വാമി ദയാനന്ദ സരസ്വതി ഈ സമ്പ്രദായത്തെ അംഗീകരിച്ചിട്ടുണ്ട്.വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ സമ്പ്രദായത്തെ നിശിതമായി വിമർശിച്ചെഴുതിയിട്ടുണ്ട്. അപ്രകാരം ബൈബിൾ പഴയ നിയമത്തിൽ അബ്രാഹാമിന്റെ ഭാര്യ സാറാക്ക് സന്താനങ്ങളില്ലാതായപ്പോൾ സാറായുടെ സമ്മതത്തോടു കൂടി അവരുടെ ദാസിയായ ഹാഗറിനെ പ്രാപിച്ചുവെന്നാണ് ബൈബിൾ കഥ. പുണ്യവാളനായ അബ്രഹാമിന്റെ ധാർമികതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള ഈ ബൈബിൾ കഥ പാശ്ചാത്യലോകത്തെ ക്രൈസ്തവരുടെ പിന്തുണക്കായി സറഗസി ബിസിനസിലേർപ്പെട്ട ഇതിന്റെ വക്താക്കൾ ഉദ്ധരിക്കാറുണ്ട്.

## വാടക പ്രസവത്തിന്റെ രീതി

ഗർഭപാത്രം വാടകക്ക് കൊടുക്കുന്ന സ്ത്രീയെ സറഗേറ്റ് മാതാവ് (Surrogate Mother) അഥവാ അപര മാതാവ് എന്നും അണ്ഡം ദാനം ചെയ്ത മാതാപിതാക്കളെ ജനിതക മാതാപിതാക്കളെന്നുമാണ് (Genitic Parents) ആധുനിക മെഡിക്കൽ സയൻസ് വിളിക്കുന്നത്. സറഗസി രണ്ട് വിധമുണ്ട്. ദമ്പതികളുടെ ബീജവും അണ്ഡവും കൃത്രിമമായി സങ്കലനം ചെയ്ത് ഗർഭ ധാരണത്തിനായി അപര സ്ത്രീയുടെ വാടകക്കെടുത്ത ഗർഭ പാത്രത്തിൽ നിക്ഷേപിക്കുന്നു. ഈ സമ്പ്രദായത്തിൽ കുഞ്ഞിന്റെ ജനിതക ഘടനയിൽ മാറ്റങ്ങളൊന്നും ഉണ്ടാവുന്നില്ല. അതായത് വാടകക്ക് ഗർഭം ചുമക്കുന്ന മാതാവിന്റെ ജനിതക പാരമ്പര്യമൊന്നും കുഞ്ഞിലേക്ക് സംക്രമിക്കുന്നില്ല. ഇതിന് ഗർഭധാരണ ആവശ്യാർഥം മാത്രമുള്ള സറഗസി (Gestational Surrogacy) എന്നാണ് പറയുന്നത്. മറ്റൊരു രീതി കുഞ്ഞിനെ ആവശ്യമുള്ള പുരുഷൻ, സറഗേറ്റ് മാതാവ് ആയ സ്ത്രീയുടെ തന്നെ അണ്ഡം എടുത്ത് കൃത്രിമ ബീജ സങ്കലനം നടത്തി (IVF)യോ അല്ലാതെയോ വിവാഹേതരമായ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോചെയ്ത് സ്ത്രീയുടെ ഗർഭ പാത്രത്തിൽ നിക്ഷേപിച്ച് ഗർഭധാരണം നടത്തുന്നു. ഇതിനെ പരമ്പരാഗത സറഗസി (Traditional Surrogacy) എന്നും പറയുന്നു.

വാടക ഗർഭപാത്രത്തിന്റെ (Gestational Surrogacy) സൗകര്യം ഉപയോഗപ്പെടുത്തുന്ന ദമ്പതിമാർ അവർ ഇരുവരുടെയും അണ്ഡവും ബീജവും എടുത്ത് ശരീരത്തിന് പുറത്ത് വെച്ച് കൃത്രിമമായി ബീജ സങ്കലനം (In Vitro Fertilisation IVF) നടത്തി ആ സിക്താണ്ഡം (Fertilised Egg) അപര മാതാവിന്റെ വാടക ഗർഭ പാത്രത്തിൽ നിക്ഷേപിച്ച് വളർത്തിയെടുത്ത് പ്രസവിക്കുകയാണ് ചെയ്യുന്നത്. വിവാഹം കഴിക്കാത്ത ഒറ്റയാനായ പുരുഷന്മാരും ആൺ ഇണയില്ലാത്ത സ്വവർഗ പ്രണയിനികൾ (Lesbians), സ്വവർഗ്ഗപ്രണയികൾ (Gay), ഉഭയവർഗ പ്രണയി (Bisexuls), അപര ലിംഗർ (Trans gender) എന്നിങ്ങനെ ഇക്കാലത്ത് LGBT സമൂഹം അഥവാ ലൈംഗിക ന്യൂനപക്ഷങ്ങൾ എന്ന പേരിലറിയപ്പെടുന്ന ഇക്കൂട്ടരും കുഞ്ഞുങ്ങളെ കിട്ടാൻ ആഗ്രഹിക്കുന്നവരാണ്. അവരും ആഗ്രഹ സാഫല്യത്തിനായി വാടക ഗർഭ പാത്രങ്ങളെയാണ് ആശ്രയിക്കുന്നത്. സ്വവർഗാനുരാഗികളായ പുരുഷന്മാർ അണ്ഡത്തിന് സറഗേറ്റ് മാതാവിനെ അതായത് വാടകക്ക് ഗർഭപാത്രം തരുന്ന സ്ത്രീയെ തന്നെയാണ് സാധാരണ ഗതിയിൽ ആശ്രയിക്കുക. ബീജം അയാളുടെ സ്വന്തം വകയായിരിക്കും. IVF പ്രക്രിയയിലൂടെ ബീജ സങ്കലനം നടത്തി ഗർഭപാത്രത്തിൽ നിക്ഷേപിച്ച് കുഞ്ഞിനെ ഉദ്പാദിപ്പിക്കുന്നു. ഗർഭധാരണം പോലെയുള്ള ഭാരപ്പെട്ട ഉത്തരവാദിത്തങ്ങൾക്ക് തയ്യാറല്ലാത്ത സ്വവർഗ പ്രണയികളായ സ്ത്രീകളും വിവാഹം കഴിക്കാതെ പുരുഷ വിദ്വേഷികളായി കഴിയുന്ന ഏകാംഗനകളായ സ്ത്രീകളും ബീജ ബാങ്കിൽ നിന്നോ ഇഷ്ടപ്പെട്ട മറ്റ് പുരുഷന്മാരിൽ നിന്നോ ബീജം മാത്രം സ്വീകരിച്ചും അവരുടെ സ്വന്തം അണ്ഡവുമായി സങ്കലനം നടത്തി പരഗർഭത്തിലൂടെ ജനിതക പരമായി പാതി സ്വന്തമായ കുഞ്ഞുങ്ങളെ സ്വന്തമാക്കുന്നുണ്ട്. പെർമിസീവ് സൊസൈറ്റിയിൽ ആനന്ദത്തിലും അനുഭൂതികളുടെ ലോകത്തും ജീവിക്കുന്ന പാശ്ചാത്യ മോഡേൺ വനിതകൾ ഒമ്പത് മാസം ഗർഭം ചുമന്ന് കൊണ്ടുള്ള പരമ്പരാഗത രീതിയിലുള്ള സന്താനോൽപ്പാദനം ഒരു ഭാരമായിക്കരുതുന്നതിൽ അവരെ തെറ്റു പറഞ്ഞു കൂടാ. നമ്മുടെ നാട്ടിലും ഗർഭിണിയാവൽ രോഗാവസ്ഥ പോലെ ആശുപത്രിയും ഡോക്ടറുമായി കഴിയേണ്ടി വരുന്ന വിപ്രതിപത്തിയുണ്ടാക്കുന്ന ഒരു പ്രതിഭാസമായി വരികയാണല്ലോ. അപ്പോൾ വാടക പ്രസവം ഭാവിയിൽ ആദായകരമായ ഒരു ബിസിനസ്സ് ആയി മാറാൻ സാദ്ധ്യതയേറെയാണ്.

## ഇന്ത്യയിൽ നിയമം വരുന്നു

ഇന്ത്യയിൽ വാടക പ്രസവം

നിർബാധം നടന്നു വരികയാണ്. ഈ രംഗത്ത് നിയമപരമായ യാതൊരു നിയന്ത്രണമോ മാർഗരേഖയോ ഉണ്ടായിരുന്നില്ല. ഈ ഒരവസ്ഥയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിൽ 2005 ൽ ഇത് സംബന്ധിച്ച് ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. തുടർന്ന് ഇന്ത്യൻ ലോ കമ്മീഷൻ അതിന്റെ 228-ാം റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിനെ നിയമ പരിഷ്ക്കരണങ്ങൾക്കും നിയമ നിർമാണങ്ങൾക്കുമായി ഗവേഷണം നടത്തുകയും സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന സ്ഥാപനമാണ് ലോ കമ്മീഷൻ. അവരുടെ റിപ്പോർട്ടിൽ ഒരു സ്ത്രീക്കോ അവിവാഹിതക്കോ കുഞ്ഞിനെ ഉദ്പാദിപ്പിക്കാൻ വേണ്ടി ഗർഭപാത്രം വാടകക്ക് നൽകുന്നതിൽ യാതൊരു തെറ്റുമില്ല. പ്രസവത്തിന് ശേഷം കുഞ്ഞിന്റെ അവകാശം ഇത് സംബന്ധിച്ച് ഉണ്ടാക്കിയ കരാറനുസരിച്ചായിരിക്കും നിർണയിക്കപ്പെടുക. അതായത് അണ്ഡം നൽകിയ സ്ത്രീയായിരിക്കും നിയമപരമായി മാതാവ്. പ്രസവിച്ച സ്ത്രീയായിരിക്കില്ല. കുഞ്ഞിന് നൽകുന്ന ബെർത് സർട്ടിഫിക്കറ്റിൽ പ്രസവിച്ച മാതാവിന്റെ പേരുണ്ടായിരിക്കില്ല. പ്രസവിച്ച സ്ത്രീയുടെ മാതൃത്വം അംഗീകരിക്കപ്പെടുകയുമില്ല. ദത്തെടുക്കൽ പ്രഖ്യാപനം നടത്താതെ തന്നെ കുഞ്ഞിന് അണ്ഡവും ബീജവും നൽകിയ ദമ്പതിമാർക്ക് നിയമപരമായി രക്ഷിതാക്കൾ എന്ന പദവി ലഭിക്കും. വാടക പ്രസവത്തിൽ കുഞ്ഞിന്റെ ലിംഗ നിർണയം നടത്താനോ ലിംഗം തിരഞ്ഞെടുക്കാനോ പാടില്ല എന്നിങ്ങനെ പോകുന്നു റിപ്പോർട്ടിലെ നിർദേശങ്ങൾ.

ഇന്ത്യയിൽ ഇന്ത്യൻ മാതാവ് പ്രസവിക്കുന്ന കുഞ്ഞിന്റെ പൗരത്വ പ്രശ്നം സങ്കീർണമാണ്. വിദേശത്ത് താമസിക്കുന്ന ഇന്ത്യക്കാരോ ഇന്ത്യൻ വംശജരോ ആയിട്ടുള്ളവർക്ക് മാത്രമേ ഇന്ത്യൻ സ്ത്രീ ഗർഭപാത്രം വാടകക്ക് കൊടുക്കാൻ പാടുള്ളൂ എന്ന് നിശ്ക്കർഷിക്കുന്ന ഉപാധികളും നിയമത്തിൽ ഉണ്ടാകുമെന്ന് കേൾക്കുന്നു. ഇത് സംബന്ധിച്ച നിയമം Assisted Reproductive Technologies (Regulation) Bill, 2013 എന്ന പേരിൽ ഇന്ത്യൻ പാർലമെന്റിന്റെ മേശപുറത്തിരിക്കുകയാണ്. നിയമപരവും ധാർമികവും മതപരവുമായി അത്യന്തം സങ്കീർണമായ ഈ നിയമം വിവാദങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## രണ്ട് മാതാക്കളുള്ള കുഞ്ഞ് ജനിക്കുന്നു

മേൽ പ്രസ്താവിച്ച പ്രശ്നങ്ങളെല്ലാം ഒരു സ്ത്രീയുടെ അണ്ഡവും ഭർത്താവോ അല്ലാത്തതോ ആയ പുരുഷന്റെ ബീജവും കൃത്രിമമായി ബീജസങ്കലനം നടത്തിയുള്ള വാടക പ്രസവ സമ്പ്രദായത്തെ സംബന്ധിച്ചായിരുന്നുവല്ലോ. ഈ വാടക പ്രസവ സമ്പ്രദായത്തിൽ ഒരു ജനിതക പിതാവും ഒരു ജനിതക മാതാവുമായിരിക്കും ഉണ്ടാവുക. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ജനിതക പരമായി രണ്ട് മാതാക്കളുണ്ടാവുന്ന ഒരു പുതിയ ബീജ സങ്കലന രീതി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. കോശദ്രവ്യമാറ്റ വിദ്യ (Cytoplasmic Transfer) എന്ന പേരിലറിയപ്പെടുന്ന ഈ ആധുനിക ബീജ സങ്കലന വിദ്യ ചികിത്സക്ക് ഉപയോഗിക്കാനാണ് ആവിഷ്കൃതമായിരിക്കുന്നത്. ഈ രീതി അത്യന്തം സങ്കീർണമെന്ന് മാത്രമല്ല അത്യധികം വിവാദാത്മകവുമാണ്.

സാധാരണ ബീജസങ്കലന പ്രക്രിയ എങ്ങനെ നടക്കുന്നു എന്ന് ചുരുങ്ങിയ തോതിൽ നമുക്കൊന്ന് പരിശോധിക്കാം. അണ്ഡകോശമായാലും സാധാരണ കോശമായാലും ഒരു കോശത്തിൽ ന്യൂക്ലിയസ്സ് (Nucleus), മൈറ്റോകോൺട്രിയ (Mitocontrio), ലൈസോസോം (Lysosome), റൈബോസോം (Ribosome) തുടങ്ങി 14 ഓളം ഘടകങ്ങളുമുണ്ട്. ഓരോന്നിനും ഓരോ ധർമമാണുള്ളത്. കോശത്തിലുള്ള ഈ പദാർഥങ്ങളെയെല്ലാം മൊത്തത്തിൽ കോശദ്രവ്യം (Cyto-

ഒരു സ്ത്രീക്കോ അവിവാഹിതക്കോ കുഞ്ഞിനെ ഉദ്പാദിപ്പിക്കാൻ വേണ്ടി ഗർഭപാത്രം വാടകക്ക് നൽകുന്നതിൽ യാതൊരു തെറ്റുമില്ല. പ്രസവത്തിന് ശേഷം കുഞ്ഞിന്റെ അവകാശം ഇത് സംബന്ധിച്ച് ഉണ്ടാക്കിയ കരാറനുസരിച്ചായിരിക്കും നിർണയിക്കപ്പെടുക. അതായത് അണ്ഡം നൽകിയ സ്ത്രീയായിരിക്കും നിയമപരമായി മാതാവ്. പ്രസവിച്ച സ്ത്രീയായിരിക്കില്ല. കുഞ്ഞിന് നൽകുന്ന ബെർത് സർട്ടിഫിക്കറ്റിൽ പ്രസവിച്ച മാതാവിന്റെ പേരുണ്ടായിരിക്കില്ല. പ്രസവിച്ച സ്ത്രീയുടെ മാതൃത്വം അംഗീകരിക്കപ്പെടുകയുമില്ല. ദത്തെടുക്കൽ പ്രഖ്യാപനം നടത്താതെ തന്നെ കുഞ്ഞിന് അണ്ഡവും ബീജവും നൽകിയ ദമ്പതിമാർക്ക് നിയമപരമായി രക്ഷിതാക്കൾ എന്ന പദവി ലഭിക്കും. വാടക പ്രസവത്തിൽ കുഞ്ഞിന്റെ ലിംഗ നിർണയം നടത്താനോ ലിംഗം തിരഞ്ഞെടുക്കാനോ പാടില്ല എന്നിങ്ങനെ പോകുന്നു റിപ്പോർട്ടിലെ നിർദേശങ്ങൾ.

plasm) എന്നാണ് പറയുക. കോശ ദ്രവ്യത്തിലെ കേന്ദ്രഭാഗമായ ന്യൂക്ലിയസ്സിലെ ക്രോമോസോമി ലാണ് ജനിതക ഘടനയെ മുഖ്യ മായി നിയന്ത്രിക്കുന്ന ഡിഎൻഎ എന്ന ഘടകം ഉള്ളത്. ബീജസങ്കല നം നടക്കുമ്പോൾ പുംബീജം ന്യൂക്ലിയസ്സിലെ ഈ ഡി എൻ എ യുമായാണ് കൂടി ചേരുന്നത്. അത് പിന്നീട് വിശദീകരിക്കാം. ന്യൂക്ലിയ സ്സിലെ ഈ ഡി എൻ എ യാണ് മനുഷ്യ ശരീരത്തിന്റെ മിക്കവാറും എല്ലാ സ്വഭാവ പ്രത്യേകതയും നിർണയിക്കുന്നത്. കോശദ്രവ്യത്തി ലെ മറ്റൊരു പ്രധാന അംഗമാണ് മൈറ്റോകോൺഡ്രിയ. മൈറ്റോ കോൺഡ്രിയയിലും കുറഞ്ഞ തോതിൽ ഡി എൻ എ ഉണ്ട്. കോശത്തിന്റെ ജൈവ രാസിക പ്രവർത്തനത്തെ നിയന്ത്രിക്കുന്ന തും കോശത്തിലെ പ്രവർത്തനങ്ങ ൾക്ക് ഊർജം പ്രദാനം ചെയ്യുന്ന തും മൈറ്റോകോൺഡ്രിയ ആണ്. കോശത്തിലെ ഊർജ സ്റോതസ്സ് എന്ന നിലക്ക് കോശത്തിലെ പവർ ഹൗസ് എന്നും ഇതിനെ വിളിക്കു ന്നു. മൈറ്റോകോൺഡ്രിയയിൽ ഉണ്ടാകുന്ന തകരാറുകൾ ഭ്രൂണ ത്തിന്റെ വളർച്ചയെ ഗുരുതരമായി ബാധിക്കും. വളർച്ചയിൽ തന്നെ കുട്ടികൾ മരിച്ചുപോകും. ഓട്ടിസം മുതലായ പലതരം ജന്മജാത രോഗങ്ങളുമായിട്ടായിരിക്കും ശിശു ജനിക്കുക. ബധിരത, പ്രമേഹം, ഹൃദയരോഗങ്ങൾ പോലെയുള്ള രോഗങ്ങളുമുണ്ടാകും. സ്ത്രീകൾ ക്ക് പ്രായമാകുമ്പോഴും മൈറ്റോ കോൺഡ്രിയയിൽ തകരാറുകൾ വരാനുള്ള സാധ്യതയുമുണ്ട്. അതുകൊണ്ടാണ് പ്രായമേറിയ സ്ത്രീകൾ പ്രസവിക്കുമ്പോൾ ജന്മജാത വൈകല്യങ്ങളുള്ള കുട്ടികൾ ജനിക്കാൻ കൂടുതൽ സാധ്യതയുണ്ട് എന്ന് പറയുന്നത്. അത്തരത്തിൽ മൈറ്റോകോൺഡ്രി യയിൽ തകരാറുള്ള സ്ത്രീകൾക്ക് ജനിക്കുന്ന കുട്ടികളുടെ രോഗം എങ്ങനെ പരിഹരിക്കാം എന്ന പ്രശ്നത്തിൽ നിന്നാണ് കോശ ദ്രവ്യമാറ്റം (Cytoplasmic transfer) എന്ന ചികിത്സാ രീതി ആവിഷ്കൃത മായിട്ടുള്ളത്. ഈ ചികിത്സയിൽ ഒരുകുട്ടിക്ക് ജനിതക പരമായി രണ്ട് മാതാക്കളുണ്ടാകുന്നു എന്നതാണ് വിവാദപരമായ കാര്യം. അക്കാര്യം കൂടി വിശദീകരിക്കാം. സാധാരണ ലൈംഗിക ബീജ സങ്കലനം നടക്കു മ്പോൾ എന്താണ് സംഭവിക്കുന്ന തെന്ന് നോക്കാം. പിതാവിൽ നിന്ന് വരുന്ന ബീജം മാതാവിന്റെ അണ്ഡ ത്തിൽ പ്രവേശിച്ച് അണ്ഡത്തിലെ ന്യൂക്ലിയസ്സിലുള്ള ക്രോമോസോമി ലെ ഡി എൻ എ യുമായി സംയോ ജിച്ച് ഒന്നായി തീർന്നാണ് ഭ്രൂണം രൂപപ്പെടുക. ഈ സംയോജന പ്രക്രിയയിൽ അണ്ഡകോശത്തിലെ ന്യൂക്ലിയസ്സ് ഒഴികെ കോശ ദ്രവ്യ ത്തിലെ മറ്റുയാതൊരു ഘടകവും പങ്കെടുക്കുകയോ അവക്ക് മാറ്റം സംഭവിക്കുകയോ ചെയ്യുന്നില്ല. അതായത് ഗർഭ പാത്രത്തിൽ ശിശുവായി വളരുന്ന ഭ്രൂണകോശ ത്തിന്റെ മുഖ്യജനിതക പ്രത്യേകത കൾ വഹിക്കുന്ന ന്യൂക്ലിയസ്സ് ഒഴികെ മറ്റു ഘടകങ്ങളെല്ലാം മാതാവിന്റേത് മാത്രമാണ്. നേരത്തെ പറഞ്ഞത് പോലെ മാതാവിന്റെ അണ്ഡത്തിലെ മൈറ്റോകോൺ ഡ്രിയയുടെ തനി പകർപ്പ് മാറ്റമില്ലാ തെ കുഞ്ഞിലേക്ക് കൈമാറപ്പെടു ന്നു. മൈറ്റോകോൺഡ്രിയക്ക് വല്ല തകരാറുമുണ്ടെങ്കിൽ ജനിക്കുന്ന ശിശുവിന് ജന്മജാത വൈകല്യ ങ്ങളുണ്ടാവുന്നു. ആയതിനാൽ മൈറ്റോകോൺഡ്രിയ തകരാറിലായ വിവാഹിതയായ സ്ത്രീയുടെ ഭ്രൂണകോശത്തിൽ ബീജ സങ്കലന വേളയിൽ പും ബീജവുമായി കൂടി ചേർന്ന് ഉണ്ടായ ന്യൂക്ലിയസ് മാത്രം വേർപെടുത്തി മറ്റൊരു സ്ത്രീയുടെ ആരോഗ്യമുള്ള അണ്ഡകോശത്തിലേക്ക് പറിച്ചു നടപ്പെടുന്നു. തകരാറിലായ മൈറ്റോ കോൺഡ്രിയക്ക് പകരം ആരോഗ്യ മുള്ള മൈറ്റോ കോൺഡ്രിയ ആയതിനാൽ ഭ്രൂണത്തെ രോഗം ബാധിക്കില്ല. അങ്ങനെ ജനിതക പരമായി രണ്ട് മാതാക്കളും ഒരു പിതാവുമുള്ള കുഞ്ഞ് ജനിക്കു ന്നു!!. രോഗ ചികിത്സയെ മുൻനിർ ത്തി ബ്രീട്ടീഷ് പാർലമെന്റ് കഴിഞ്ഞ ഫെബ്രുവരി മാസം ലോകത്ത് ആദ്യമായി സൈറ്റോപ്ലാസം ട്രാൻസ്ഫറിന് നിയമപരമായി അംഗീകാരം നൽകിയിരിക്കുകയാ ണ്. ഈ നിയമം വരുന്നതോടെ ബ്രിട്ടണിൽ മൈറ്റോകോൺഡ്രിയൽ തകരാർ മൂലമുണ്ടാകുന്ന രോഗങ്ങ ൾ ഇല്ലാതാവുമെന്നാണ് അവകാശ വാദം! ഇതോടൊപ്പം ഒരു കുഞ്ഞിന് ഇരട്ട മാതാക്കളുണ്ടാവുന്ന പ്രതിഭാ സത്തിനും അത് തുറന്ന് വിടുന്ന അറ്റമില്ലാത്ത വിവാദങ്ങൾക്കുമാണ് അവർ ജന്മം നൽകിയിരിക്കുന്നത്.!!

## സന്താനമോഹം വരുത്തിയ വിന

ഇന്ത്യൻ പാർലമെന്റിൽ ഇത് സംബന്ധിച്ച ബില്ലിന്റെ ഡ്രാഫ്റ്റിം ങ്ങ് കമ്മിറ്റി ചെയർമാനായ പ്രശസ്ത ശാസ്ത്രജ്ഞൻ പുഷ്പ എൻ. ബാർഗവ വാടക പ്രസവ സംബന്ധ മായി തനിക്ക് നേരിട്ടറിയാവുന്ന ഒരനുഭവം വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന് പരിചയമുള്ള ഒരു കുടുംബത്തിലെ ദമ്പതികൾക്ക് സന്താനങ്ങളില്ല. സാധാരണ ഗതിയിൽ കുട്ടികളില്ലാത്തതിന്റെ കുറ്റം സ്ത്രീയിലാണ് ചാർത്ത പ്പെടുക. ഭർത്താവിന്റെ മാതാവ് മുൻകയ്യെടുത്ത് മകനെയും മകളെയും ഒരു ഫെർട്ടിലിറ്റി ക്ലിനിക്കിൽ പരിശോധിപ്പിച്ചു. തന്റെ മകനാണ് കുഴപ്പമെന്നറിഞ്ഞ ആ മാതാവ് തങ്ങളുടെ ഒരു കുടുംബ സുഹൃത്തിന്റെ ബീജം സ്വീകരി ക്കാൻ തയ്യാറായി. ക്ലിനിക്കിൽ കൃത്രിമ ബീജസങ്കലനം (IVF) ലക്ഷങ്ങൾ ചെലവ് വരുന്ന ഏർപ്പാടാണ്. ചെലവ് ഓർത്ത് ആ സുഹൃത്തിനെ തന്റെ മകന്റെ ഭാര്യയുമായി ബന്ധപ്പെടാൻ ആ അമ്മ അനുവദിച്ചു. അങ്ങനെ മരുമകൾ ഗർഭിണിയായി. കുഞ്ഞി നെ പ്രസവിച്ചു. തുടർന്ന് കുടുംബ ത്തിലും ബന്ധുക്കൾക്കിടയിലും വലിയ പ്രശ്നങ്ങൾ ഉടലെടുക്കുക യും ആ കുടുംബത്തിന്റെ സമാധാ നം തകരുകയും ചെയ്തതായി ഡോ. ബാർഗവ ചൂണ്ടിക്കാണിക്കു

ന്നു. (The Hindu- Sept 28, 2014) ഈ സംഭവ കഥയിൽ നിന്ന് വാടക ഗർഭധാരണവും അന്യപുരുഷന്റെ ബീജദാനവും നിയമം മൂലം അനുവദിച്ചാൽ ക്ലിനിക്കിൽ വരുന്ന ചെലവ് കുറക്കാൻ സ്ത്രീപുരുഷ ന്മാർ നേരിട്ട് ബന്ധം സ്ഥാപിച്ചേ ക്കാം. അത് അവസാനിക്കാത്ത കുടുംബപരവും ധാർമികവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സദാചാര പ്രശ്നമായി മാറും എന്നതിന് ഈ സംഭവം സാക്ഷിയാണ്.

### ഇസ്ലാമിക വീക്ഷണം

ഇസ്ലാം മാതൃത്വത്തെ ഭൂമിയിലെ ഏറ്റവും പരിപാവനമായ ബന്ധമായാണ് കണക്കാക്കുന്നത്. ***'സ്വർഗം മാതാവിന്റെ കാൽചുവട്ടി ലാണ്'*** എന്ന് പറഞ്ഞ റസൂൽ തിരുമേനി(സ)യുടെ വചനത്തിന് തുല്യമായ ഒരു വചനം ലോക മതസാഹിത്യത്തിൽ കാണാൻ സാദ്ധ്യമല്ല. മനുഷ്യന്റെ പരിധിവിട്ട ആഗ്രഹങ്ങൾക്കും കാമനകൾക്കും വേണ്ടി പരിപാവനമായ ആ മാതൃത്വം ഇങ്ങനെ ദാരുണമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കു ന്നത് ഇസ്ലാം ഒരിക്കലും അംഗീകരിക്കുകയില്ല.

വിശുദ്ധ ഖുർആൻ ഗർഭ പാത്രത്തിന് ഉപ്രയോഗിച്ച പദം വളരെ ശ്രദ്ധേയമാണ്. അല്ലാഹുവി ന്റെ ഏറ്റവും വാഴ്ത്തപ്പെട്ട ഗുണ മായ കാരുണ്യത്തെ അഭിവ്യഞ്ജി പ്പിക്കുന്ന ***'അർ റഹ്മാൻ'***, ***'അർ റഹീം'*** എന്നീ പദങ്ങളുടെ അതേ ധാതുവിൽ നിന്നുമാണ് അല്ലാഹു വിന്റെ കാരുണ്യത്തിന്റെ കേദാര മായ ഗർഭപാത്രത്തെ വിശേഷിപ്പി ക്കാനുള്ള നാമപദമായ *റഹം:* വിശുദ്ധ ഖുർആൻ ഉപയോഗിച്ചത്. മനുഷ്യരാശിയുടെ വ്യാപനം ഗർഭപാത്രം മുഖേനയാണ്. അതിൽ നിന്ന് ഉദ്ഭൂതമാവുന്ന മാനുഷിക ബന്ധങ്ങളെ അഥവാ രക്തബന്ധങ്ങ ളെ മുറിയാതെ സൂക്ഷിക്കാൻ അല്ലാഹു പറയുന്നത് കാണുക. ***'മനുഷ്യരെ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ (അതിന്റെ വർഗത്തിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാ രേയും സ്ത്രീകളേയും വ്യാപിപി ക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിക്കുക. ഏതൊരുവനെ മുൻ നിർത്തി നിങ്ങൾ പരസ്പരം (ആവശ്യങ്ങൾ) ചോദിക്കുന്നുവോ ആ അല്ലാഹുവി നെ സൂക്ഷിക്കുക. ഗർഭ പാത്രങ്ങ ളുടെ കാര്യത്തിൽ (അർഹാം – ഗർഭപാത്രങ്ങൾ – രക്തബന്ധ ങ്ങൾ) നിങ്ങൾ അവനെ സൂക്ഷി ക്കുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ട ക്കാരനാണ്.' (സൂറ: നിസാഅ് 4:2)***

വാടക പ്രസവമായാലും, ഫാക്ടറിയിൽ നിന്ന് ഒരു ഉൽപ്പന്നം ഉദ്പ്പാദിപ്പിക്കുന്ന ലാഘവത്തോടെ സ്ത്രീക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനാവുമോ? വാസ്തവ ത്തിൽ അണ്ഡദാനം എന്നതിനേ ക്കാൾ ഗർഭധാരണം സ്ത്രീയിൽ ഉണ്ടാക്കുന്ന ശാരീരികവും ഹോർമോൺപരവുമായ പരിവർ ത്തനങ്ങളും പ്രസവ സംബന്ധ മായി അനുഭവപ്പെടുന്ന ഉദ്വേഗവും പ്രതീക്ഷകളും സ്വപ്നങ്ങളും പിന്നീട് കുഞ്ഞിനെ മുലയൂട്ടു മ്പോഴുണ്ടാകുന്ന ലാളനയും ആർദ്രതയും കുഞ്ഞിനോടുള്ള സ്നേഹ വാത്സല്യങ്ങളുമാണ് സന്താനലബ്ധി ഒരു ദിവ്യമായ അനുഭവമാക്കി മാറ്റുന്നത്. കുഞ്ഞു ങ്ങളെ പ്രസവിച്ച വന്ധ്യമാതാക്കൾക്ക് ഇതെല്ലാം ഒരു അനുഭവച്ചറിഞ്ഞ യാഥാർഥ്യമാണ്. അതുകൊണ്ട് അല്ലാഹു മനുഷ്യനെ ഓർമിപ്പി ക്കുന്നു.

***'മനുഷ്യരെ തന്റെ മാതാ പിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചു കൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിറുത്തൽ രണ്ടു വയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്ക ളോടും നന്ദി കാണിക്കുക. എന്റെ യടുക്കലേക്ക് തന്നെയാണ് മടക്കം.' (31:15)***

വാടക പ്രസവ നിയമത്തിൽ കരാർ പ്രകാരം അണ്ഡം ദാനം ചെയ്ത സ്ത്രീയാണ് നിയമ പരമായ മാതാവായി മാറുന്നത്. പ്രസവിച്ച സ്ത്രീ വെറും ഒരു ഉപകരണം മാത്രമാണ്. വാസ്തവ ത്തിൽ പ്രകൃതിയുടെ ജൈവ താളത്തിന് അനുപൂരകമായിട്ടാണ് ഇസ്ലാം മനുഷ്യ ബന്ധങ്ങളിൽ ഏറ്റവും മഹത്തരമായ മാതൃബന്ധ ത്തെ കാണുന്നത്. അതുകൊണ്ടാണ് പ്രസവിച്ച സ്ത്രീയിൽ ഖുർആൻ മാതൃത്വം ചാർത്തുന്നത്. ഭാര്യയെ

വാടക പ്രസവമായാലും, ഫാക്ടറിയിൽ നിന്ന് ഒരു ഉൽപ്പന്നം ഉദ്പ്പാദിപ്പിക്കുന്ന ലാഘവത്തോടെ സ്ത്രീക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനാവുമോ? വാസ്തവത്തിൽ അണ്ഡദാനം എന്നതിനേ ക്കാൾ ഗർഭധാരണം സ്ത്രീയിൽ ഉണ്ടാക്കുന്ന ശാരീരികവും ഹോർമോൺപരവുമായ പരിവർത്തനങ്ങളും പ്രസവസംബന്ധമായി അനുഭവ പ്പെടുന്ന ഉദ്വേഗവും പ്രതീക്ഷകളും സ്വപ്നങ്ങളും പിന്നീട് കുഞ്ഞിനെ മുലയൂട്ടുമ്പോഴുണ്ടാകുന്ന ലാളനയും ആർദ്രതയും കുഞ്ഞിനോടുള്ള സ്നേഹ വാത്സല്യങ്ങളു മാണ് സന്താനലബ്ധി ഒരു ദിവ്യമായ അനുഭവമാക്കി മാറ്റുന്നത്. കുഞ്ഞു ങ്ങളെ പ്രസവിച്ച വന്ധ്യമാതാക്കൾക്ക് ഇതെല്ലാം ഒരു അനുഭവച്ചറിഞ്ഞ യാഥാർഥ്യമാണ്.

മാതാവായി പ്രഖ്യാപിക്കുന്ന ഒരു അപരിഷ്കൃത സമ്പ്രദായം അറബി കളിലുണ്ടായിരുന്നു ഈ ആചാര ത്തെ നിരോധിച്ചു കൊണ്ടുള്ള ഒരു പശ്ചാത്തലത്തിൽ ഖുർആൻ പറഞ്ഞ ഒരു വാക്യം വളരെ ശ്രദ്ധേയമാണ്. ***'നിങ്ങളിൽ നിന്ന് തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ മാതാക്കളെന്ന് പ്രഖ്യാപിച്ചു വിടുന്നവർ (അറിഞ്ഞിരിക്കട്ടെ). അവർ (ആ ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരെ പ്രസവിച്ച സ്ത്രീകളാണ് അവരുടെ മാതാക്കൾ.'*** *(58:3)*

മക്കളില്ലാത്ത ദമ്പതിമാരുടെ ദുഃഖം ഒരു മഹാദുഃഖം തന്നെയാണ്. സന്താനങ്ങളില്ലെങ്കിൽ അതിനുള്ള ആഗ്രഹം ഉത്ക്കടമായുണ്ടെങ്കിൽ ഇസ്‌ലാം നിർദേശിച്ച ബഹുഭാര്യത്വം എന്തുകൊണ്ട് ഈ രംഗത്ത് പരീക്ഷിച്ചുകൂടാ. സ്നേഹവും സഹിഷ്ണുതയും സഹതാപവും കൊണ്ട് തീർച്ചയായും ബഹുഭാര്യ ത്വം ഒരു വൻ വിജയമാക്കി മാറ്റാവുന്നതാണ്. പുരുഷനാണ് തകരാറെങ്കിൽ സ്ത്രീക്ക് ഭാര്യാ ഭർത്തൃ ബന്ധത്തേക്കാൾ സന്താന ലബ്ധിയാണ് പരിഗണിക്കുകയും അതിന്റെ ആധിയിൽ അവൾ നീറിപ്പുകയുകയും ചെയ്യുകയാണെ ങ്കിൽ വിവാഹ ബന്ധം പിരിഞ്ഞ് സ്ത്രീക്ക് മറ്റൊരു വിവാഹം കഴിക്കാനും അനുവാദമുണ്ട്. ഇതിനെല്ലാം പുറമേ ഏറ്റവും പുണ്യകരമായ മറ്റൊരു മാർഗവും ഇസ്‌ലാം നിർദേശിക്കുന്നുണ്ട്. ഇസ്‌ലാമിൽ മറ്റു സമൂഹങ്ങളി ലുള്ളത് പോലെ ദത്തെടുക്കലില്ല. പകരം യത്തീമിനെ ഓമനിച്ച് വീട്ടിൽ വളർത്തുന്നത് സംബന്ധിച്ച് വമ്പിച്ച പ്രാധാന്യമാണ് ഇസ്‌ലാം നൽകിയിരിക്കുന്നത്. അനാഥക്ക് വേണ്ടി തന്റെ സ്വത്തുക്കൾ ഒസിയ ത്ത് ചെയ്യുകയും ചെയ്യാവുന്നതാ ണ്. സന്താനമില്ലാത്ത പ്രശ്നത്തിന് ഇസ്‌ലാം അനുവദിക്കുന്ന നിയമാനു സാരമുള്ളതും തികച്ചും വ്യക്തി പരവുമായ ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമായ ഉദാര പൂർണമായ സമീപനങ്ങളാണ് ഇവയെല്ലാം.

ഇന്ത്യൻ പാർലമെന്റ് കൂടു തൽ അവധാനതയോടെ സാവകാ ശം പഠനം നടത്താതെ വാടക പ്രസവത്തിന് അനുകൂലമായി നിയമം നിർമിക്കുന്നത് ദൗർഭാഗ്യ കരമാണ്. ഈ വിഷയത്തിൽ മതങ്ങളുടെ ഭാഗത്ത് നിന്ന് നൈതി കവും ചികിത്സാമൂല്യത്തിന്റെ അടിസ്ഥാനത്തിലുമുള്ള സൂക്ഷ്മ വും സമഗ്രവുമായ കൂടുതൽ പഠനങ്ങൾ ഇനിയും നടത്തേണ്ടതു ണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള വാടക പ്രസവ വ്യവസായത്തിൽ മനുഷ്യ ശിശു ഇവിടെ ഒരു ചരക്കായും അതിനെ പ്രസവിക്കു ന്ന സ്ത്രീ വാടകക്കെടുത്ത ഒരു ഉൽപാദനോപകരണമായും മാറു ന്നു. മതേതരമായി ചിന്തിക്കുക യാണെങ്കിൽ തന്നെ കോടാനുകോടി വർഷങ്ങൾ കൊണ്ട് ആർജിച്ചെടു ത്ത പ്രകൃതിയുടെ അവികലമായ ലൈംഗിക പ്രത്യുൽപാദന രീതി അതേപടി നിലനിർത്തുക എന്നതാ ണ് ശാസ്ത്രത്തിന്റെ ധാർമികത. ഇന്ന് നാം കാണുന്ന ലൈംഗിക പ്രത്യുൽപാദന രീതിയിൽ മൗലിക മായ മാറ്റത്തിരുത്തലുകൾ വരു ത്താൻ മനുഷ്യന് അവകാശമില്ല. രോഗം എന്ന നിലക്ക് ഉണ്ടാവുന്ന വൈകല്യങ്ങൾ പരിഹരിക്കാൻ ഇപ്പോഴത്തെ പ്രത്യുൽപാദന രീതിയിൽ തന്നെ പരിഹരിക്കാനുള്ള മാർഗങ്ങളാണ് ശാസ്ത്രം ആരായേ ണ്ടത്. പ്രകൃതിയുടെ വരദാനങ്ങളെ ല്ലാം അതിലെ ഏറ്റവും സവിശേഷ വാനും ശക്തനുമായ മനുഷ്യന് വേണ്ടിയുള്ളതാണ് എന്നാണ് സങ്കൽപ്പിക്കപ്പെടുന്നത്. മനുഷ്യന് അവന്റെ പരിസരങ്ങൾ മാറ്റിതിരു ത്താനും അസ്തിത്വത്തെ തന്നെ മാറ്റിപ്പണിയാനും ദൈവം കഴിവ് നൽകി എന്നത് ശരിതന്നെ. ചിരപുരാതനമായി നാം കാത്തു സൂക്ഷിച്ചു വന്ന മൂല്യങ്ങളെ അതിമോഹം മൂലം ധൃതിയിൽ തകിടം മറിച്ച് കൊണ്ട് യാതൊരു തത്ത്വദീക്ഷയും അവധാനതയു മില്ലാതെ ഈ രംഗത്ത് മുന്നേറിയാൽ തിരിച്ചടികളുണ്ടാവും. പ്രകൃതിയു ടെ സ്വച്ഛശുദ്ധമായ പ്രത്യുൽപാദന വ്യവസ്ഥയിൽ ഇടപെട്ട് അതിനെ വികൃതമാക്കി നശിപ്പിക്കാൻ പാടില്ല. അല്ലാഹു ഖുർആനിൽ പറയുന്നു:

***'അവൻ (പിശാച്) പറഞ്ഞു, നിന്റെ ദാസന്മാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗത്തെ ഞാൻ സ്വായത്തമാക്കുക തന്നെ ചെയ്യും തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയം അവരെ പ്രേരിപ്പിക്കുകയും ചെയ്യു ന്നതാണ്. അപ്പോൾ അവർ കന്നു കാലികളുടെ കാതുകൾ കീറും .......പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവി നെ കൂടാതെ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ. അവൻ സ്പഷ്ടമായ നഷ്ടത്തിലായി ക്കഴിഞ്ഞു.'*** *(4:119,120)*

**പിൽകുറി:** ***വേലക്കാരി അവളു യജമാനത്തിയെ ഗർഭം ധരിക്കുന്ന കാലം സമാഗതമാകാതെ അന്ത്യ നാൾ വരുകയില്ല. (ഹദീസ്)***

## ഹറാം ഹലാൽ വകതിരിവില്ലായ്മ

അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മനുഷ്യർക്ക് ഒരു കാലഘട്ടം വരും. അന്ന് മനുഷ്യൻ സമ്പാദിക്കുന്ന ധനം ഹാറാമായതോ ഹലാലായ തോ എന്നൊന്നും ഗൗനിക്കുകയില്ല.(ബുഖാരി.)

# പടിഞ്ഞാറ് ഉദിക്കുന്ന സൂര്യൻ

ഇമാം മഹ്ദി അവതരിക്കുന്ന അവസാനകാലത്തിന്റെ അടയാളമായി സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുമെന്ന് ഹദീസുകളിൽ വന്നതാണ്. ഇസ്‌ലാമിന്റെ നവോദയം പടിഞ്ഞാറ് നിന്ന് ഉണ്ടാകുമെന്ന് ആലങ്കാരികാർഥത്തിൽ ആ പ്രവചനം സാംഗത്യത്തോടെ വ്യാഖ്യാനിക്കപ്പെടാറുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ആ പ്രതിഭാസം അക്ഷരാർഥത്തിലും അനുഭവവേദ്യ മാക്കിയിരിക്കുന്നു.

**എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി**



സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിച്ചുയരുന്ന രംഗത്തിന് ശാസ്ത്ര സാങ്കേതിക വിദ്യ പുരോഗമിച്ച ആധുനിക കാലം സാക്ഷ്യം വഹിക്കുന്നു. അതിന്റെ മതപരമായ പ്രസക്തിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്.

അവസാനകാലം ദൈവ നിയോഗിതനായ ഒരു ആത്മീയാചാര്യൻ അവതരിക്കുമെന്ന് എല്ലാ മതവിശ്വാസികളും വിഭാഗക്കാരും വിശ്വസിക്കുന്നു. വിവിധങ്ങളായ പേരുകളിൽ എല്ലാവരും ആ മഹാത്മാവിന്റെ വരവ് കാത്തിരിക്കുന്നുമുണ്ട്. 1439 വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാം മതസ്ഥാപകർ ആ മഹദ് വ്യക്തിയെക്കുറിച്ച് മഹ്ദി ഇമാം എന്ന പേരിൽ അറിവ് നൽകിയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് സംഭവിക്കുന്ന പ്രധാന കാര്യങ്ങളും പ്രവചിച്ചിരുന്നു. അതിൽപ്പെട്ട ഒരു പ്രധാന സംഭവമാണ് അക്കാലത്ത് സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നത് കാണാം എന്നത്. മറ്റെല്ലാ പ്രവചനങ്ങളും പുലർന്നത് പോലെ ഈ പ്രവചനവും ആലങ്കാരികമായും ഇപ്പോൾ പ്രത്യക്ഷാർഥത്തിലും പുലർന്നു കഴിഞ്ഞിരിക്കുന്നു.

ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ടേക്ക് ഭ്രമണം ചെയ്യുന്നത് കൊണ്ടാണല്ലോ സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നത്. ഈ സ്ഥിതിയിൽ സൂര്യൻ പടിഞ്ഞാറ് ഉദിക്കുന്നത് കാണണമെങ്കിൽ ഭൂമി തിരിച്ച് കറങ്ങണം. എന്നാൽ അത് അസാദ്ധ്യമാണ്.

ഭൂമി ഫുട്ബോൾ പോലെ പരിപൂർണമായ ഒരു ഗോളമല്ല. മദ്ധ്യഭാഗം കൂടുതലായി പുറത്തേക്ക് ഉന്തി നിൽക്കുന്നതും വടക്കും തെക്കും ധ്രുവങ്ങളിൽ ഏറെക്കുറെ പരന്നതുമാണ്. ഭൂമിയുടെ മദ്ധ്യഭാഗം മണിക്കൂറിൽ 1667 കി.മീ വേഗത്തിൽ കറങ്ങുമ്പോൾ വടക്കോട്ടും

ശേഷം പേജ് 32 ൽ

# സ്വർഗത്തിൽ കർമം ചെയ്യണമോ?

സ്വർഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന് പുരോഗതിയും വികാസവുമുണ്ട്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

പരലോകത്ത് മനുഷ്യന്റെ കർമങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെ പോലെ തീറ്റയും കുടിയിലും മാത്രം നിരതനായിരിക്കുമോ? അതോ ഏതെങ്കിലും കർമത്തിൽ ഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതം തന്നെ കർമങ്ങളാകുന്നു എന്നതാകുന്നു ഇതിന് നൽകാനുള്ള ഉത്തരം ഒരാളെ അയാളുടെ കർമങ്ങളിൽ നിന്ന് വേർപെടുത്തുക എന്നു വെച്ചാൽ അയാളുടെ ജീവിതം ഉപയോഗ ശൂന്യമാക്കുക എന്നർഥമാകുന്നു. കർമരഹിതമായ ജീവിതം മരണത്തേക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരു കാര്യമാണെങ്കിൽ ഈ ലോകത്തെ അലസ ജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു. സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമവും കർമത്തിലുള്ള മുന്നേറ്റവുമാണ് യഥാർഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഡ്ഢിയുടെ സ്വർഗമാണ്; ബുദ്ധിയുള്ളവരാരും അതിനെ നന്മയായി കാണുകയില്ല. ഖുർആൻ പറയുന്നു:

അവരുടെ മുന്നിലും വലത് വശത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കും, ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ; ഞങ്ങൾക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (66:9)

അതായത് ഓരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടിരിക്കുകയും പുതിയ പുതിയ പടവുകൾ കണ്ടു കൊണ്ടിരിക്കുകയും അത് പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിന്ന് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു.

ഒരു സത്യവിശ്വാസിക്ക് സ്വർഗത്തിൽ തളർച്ച അനുഭവപ്പെടുകയില്ല. (15: 49)

സ്വർഗത്തിലും കർമം ഉണ്ടാകാമെന്നും എന്നാൽ അത് തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിതരുന്നു. വീണ്ടും ഖുർആൻ പറയുന്നു :

അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംതൃപ്തനായും പ്രീതിപ്പെട്ടവനായും കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നു കൊള്ളുക. (89:28-31) അവിടെ ദൈവത്തിന്റെ കുറ്റമറ്റ എല്ലാ ഗുണങ്ങളും വെളിപ്പെടുമാറാകുന്നു,

മനുഷ്യൻ ഈ ലോകത്തു വെച്ചും കർമങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർഥമായ കർമങ്ങളുടെ കാലം മരണത്തിന് ശേഷമാണ് ആരംഭിക്കുന്നത്. അപ്പോഴാണ് ഒരു സത്യ വിശ്വാസി ദൈവത്തിന്റെ യഥാർഥ ദാസനായി തീരുന്നത്. എന്തു കൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാനുള്ള പൂർണമായ അവസരം അവന് കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ മനുഷ്യന്റെ കർമങ്ങൾ അവിടെ അവസാനിക്കുന്നതല്ല. മറിച്ചു അത് വർധിക്കുകയാണ് ചെയ്യുക. വിശുദ്ധ നബി (സ)പറയുന്നു:

സ്വർഗത്തിൽ വിശ്വാസികൾക്ക് തസ്ബീഹുകളും തക്ബീറുകളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.

ദൈവകീർത്തനത്തിനുള്ള പുതിയ സ്തോത്രവചനങ്ങളും കീർത്തന വാക്യങ്ങളും പഠിപ്പിക്കപ്പെടും എന്നല്ല ഇപ്പറഞ്ഞതിന്റെ അർഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവനു വെളിപ്പെടുത്തിക്കൊടുക്കുകയും അതുവഴി ആഗുണങ്ങളും തന്നിൽ പകർത്തുവാൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നാണ് ഇപ്പറഞ്ഞതിന്റെ അർഥം.

മുമ്പു അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയ ഗുണ വിശേഷങ്ങൾ എന്തൊക്കെയാണെന്ന് ആരെങ്കിലും ചോദിച്ചു എന്നു വരാം. ആ ഗുണവിശേഷങ്ങൾ ഇപ്പോൾ അറിയുമാറില്ലേ? മനുഷ്യന് അവന്റെ ഇന്ദ്രിയങ്ങൾ മുഖേന പഠിക്കാനാകുന്ന അറിവുകൾ മാത്രമേ ആർജിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ

അറിവ് നമ്മുടെ ഐന്ദ്രിക ജ്ഞാനത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹകശക്തി വച്ചു നോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണം തന്നെ. എന്നാൽ പുതിയ ജ്ഞാനേന്ദ്രിയങ്ങൾ മനുഷ്യൻ സ്വായത്തമാക്കുമ്പോൾ ദൈവത്തിന്റെ പുതിയ സിഫത്തുകൾ അഥവാ പുതിയ ഗുണങ്ങൾ അവനു ഗോചരമാകുന്നതാണ്. ദൈവം അപാരനായിരിക്കയാൽ ജ്ഞാനസിദ്ധിയിലും സൂക്ഷ്മമായ അറിവിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചു കൊണ്ടുപോവും. ഓരോ പുതിയ അറിവും ഓരോ കർമ മണ്ഡലം തുറന്നിടുന്നതും അതു തുടർന്നു കൊണ്ടു പോകുന്നതുമാണ്. ദിവസം തോറും അഥവാ കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവുകൾ, ദൈവം അറ്റം പെടാത്തവനായിരിക്കയാൽ, വർധിച്ചു കൊണ്ടേ പോകുന്നതാണ്.

ഈ ലോകം ഒരു കർമഭൂമിയായിരിക്കുന്നത് പോലെ സ്വർഗവും ഒരു കർമരംഗമാകുന്നു. അല്ല അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം, ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാധതയുണ്ട്. പരലോകത്താകട്ടെ ഇത്തരം വിപത്തുകളൊന്നുമില്ല. ആത്മീയ ജ്ഞാനം സംബന്ധിച്ചേടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോക ജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയ ഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിനു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രേ.

മുകളിൽ നൽകിയ വിവരം വ്യക്തമാക്കുന്നത് സ്വർഗത്തിലെ യഥാർഥമായ അനുഗ്രഹങ്ങളും യഥാർഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗതിയിലാണ് അടങ്ങിയിരിക്കുന്നതെന്നും പൊതുവേ ആരോപിക്കപ്പെടുന്നത് പോലെ ശാരീരികമായ ഇച്ഛകളുടെ തൃപ്തിയല്ലെന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗീയ അനുഗ്രഹം ദൈവ സംതൃപ്തിയാണ്.

അല്ലാഹുവിൽ നിന്നുമുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. (9:72)

തിരുനബി(സ)യുടെ അരുളപ്പാടനുസരിച്ച് സ്വർഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവദർശനമത്രെ. ചുരുക്കത്തിൽ ഒരു മുസ്‌ലിമിന്റെ സ്വർഗം യഥാർഥ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽക്കർമങ്ങളിലും അതോടൊപ്പം മേൽ രണ്ടു മാർഗങ്ങളിലൂടേയും സാദ്ധ്യമായിത്തീരുന്ന ദൈവസാമീപ്യത്തിലും സായൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യത്തേക്കുറിച്ച് മനുഷ്യനു നിരൂപിക്കാൻ കഴിയില്ല.!

---

**പേജ് 30 ൽ നിന്ന് തുടർച്ച**

തെക്കോട്ടും പോകുന്തോറും ഈ വേഗത കുറഞ്ഞു കുറഞ്ഞു വരുന്നു. 60 ഡിഗ്രി അക്ഷാംശത്തിൽ ഈ വേഗത 850 കിലോ മീറ്റർ താഴെയാണ്. ധ്രുവങ്ങളിൽ എത്തുമ്പോൾ ഈ വേഗത തീരെ കുറഞ്ഞ് പോകും.

ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ടേക്ക് കറങ്ങുന്ന വേഗത്തിലും അധികം വേഗത്തിൽ സൂര്യാസ്തമനത്തിന് ശേഷം ഒരു വിമാനത്തിൽ കിഴക്കു നിന്നും പടിഞ്ഞാറോട്ട് സഞ്ചരിച്ചാൽ സൂര്യൻ പടിഞ്ഞാറുനിന്നും ഉദിച്ചു വരുന്നത് കാണാൻ സാധിക്കും.

ഭൂമദ്ധ്യരേഖാ പ്രദേശത്ത് ഭൂമിയുടെ കറക്കത്തിലും അധികം വേഗത്തിൽ സഞ്ചരിക്കുന്ന വിമാനങ്ങൾ ഇന്നില്ല. എന്നാൽ 60 ഡിഗ്രി അക്ഷാംശം തൊട്ട് വടക്കോട്ടേക്കും തെക്കോട്ടേക്കും ഭൂമിയുടെ ഭ്രമണ വേഗത 850 കിലോമീറ്ററിൽ നിന്നും കുറഞ്ഞു കുറഞ്ഞു പോകുന്നതിനാൽ അവിടങ്ങളിൽ അസ്തമയത്തിന് ശേഷം വിമാനത്തിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ട് സഞ്ചരിച്ചാൽ സൂര്യൻ പടിഞ്ഞാറ് നിന്നും ഉദിച്ചുയരുന്ന കാഴ്ച കാണാം. ഫിൻലാന്റിന്റെ തലസ്ഥാനമായ ഹെൽസിങ്കി, നോർവേയുടെ തലസ്ഥാനമായ ഓസ്‌ലോ തുടങ്ങിയ സ്ഥലങ്ങളിൽ 60 ഡിഗ്രി ഉത്തര അക്ഷാംശത്തിലാണ്. ഈ പ്രദേശത്ത് സന്ധ്യക്ക് ശേഷം കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് വിമാനത്തിൽ സഞ്ചരിക്കുന്നവർക്ക് ഈ അപൂർവ ദൃശ്യം കാണാം.

ശാസ്ത്രജ്ഞനായ ജയന്ത് നാർലിർക്കർക്കും, വാനനിരീക്ഷകനായ ഡേവിഡ് ഡെവിൽസ്റ്റിനും 1963 ഡിസംബർ 14ന് ഹീത്രു വിമാനത്താവളത്തിൽ നിന്ന് ചിക്കാഗോയിലേക്ക്, സൂര്യൻ പടിഞ്ഞാറു അസ്തമിച്ചതിന് ശേഷം ഒരു ബോയിങ്ങ് 707 വിമാനത്തിൽ യാത്ര ചെയ്യുകയായിരുന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിച്ചുയർന്ന കാഴ്ച്ച അവർ ആദ്യമായി കണ്ടു. ഈ അത്ഭുതകാഴ്ച്ച യെ പറ്റിയുള്ള വിവരങ്ങൾ അവരാണ് ആദ്യമായി ലോകത്തെ അറിയിച്ചത്

1439 വർഷങ്ങൾക്ക് മുമ്പ് നബി (സ) അവസാനകാലത്തിന്റെ അടയാളമായി മഹ്ദി ഇമാമിന്റെ കാലഘട്ടത്തിൽ സംഭവിക്കുമെന്ന് പറഞ്ഞ പ്രവചനത്തിന്റെ പുലർച്ചയാണ് ഇവിടെ നടന്നത്. മണിക്കൂറിൽ 1667 കി. മീ അധികം വേഗത്തിൽ സഞ്ചരിക്കുന്ന വിമാനങ്ങൾ ഇന്നില്ല. ഭൂമദ്ധ്യരേഖാ പ്രദേശത്ത് താമസിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം പ്രസ്തുത വേഗതയിലധികം വേഗതയുള്ള വിമാനത്തിൽ സഞ്ചരിച്ചാൽ മാത്രമേ ഈ പ്രതിഭാസം അനുഭവവേദ്യമാകൂ. ഈ വേഗതയിലുള്ള വിമാനങ്ങൾ സർവീസ് ആരംഭിച്ചാൽ നമുക്കും ഈ കാഴ്ച്ച കാണാം.

# ‘ലാ നബിയ്യ ബഅ്ദീ’ എന്ന വാക്യത്തിന്റെ വിവക്ഷ

റസൂൽ തിരുമേനി(സ)ക്ക് ശേഷം യാതൊരുവിധത്തിലുള്ള പ്രവാചകനും വരുന്നതല്ല എന്ന് സ്ഥാപിക്കാൻ അനഹ്മദി പണ്ഡിതന്മാർ ഉയർത്തുന്ന ഒരു വാദമാണ് ‘ലാ നബിയ്യ ബഅ്ദീ’ എന്ന ഹദീസ് ഖണ്ഡം. ആ ഹദീസിന്റെ യഥാർഥ വിവക്ഷയെന്താണെന്ന് വിവരിക്കുന്ന ലേഖനം.

മൗലാനാ അബ്ദുല്ലാഹ് എഛ്. എ

‘ലാ നബിയ്യ ബഅ്ദി’(എന്റെ പിറകെ നബിയില്ല) എന്ന് നബി(സ) തിരുമേനി പറഞ്ഞുവെന്നത് വാസ്തവം തന്നെ. എന്നാൽ ഖുർആനിലെ പല വാക്യങ്ങളിൽ നിന്ന് തിരുമേനി (സ)ക്ക് ശേഷം പ്രവാചകനുണ്ടാകാമെന്നും ഉണ്ടാകാവുന്നതാണെന്നും സ്പഷ്ടമായി തെളിയുന്നത് കൊണ്ട് ആ വിശുദ്ധ വാക്യങ്ങൾക്കെതിരായ ഒരു അർഥം നബി (സ) തിരുമേനി പ്രസ്തുതവചനത്തിനു വിവക്ഷിച്ചതായി വിചാരിക്കുവാനോ അത്തരം ഒരർഥം നാം അതിന് കൽപ്പിക്കുവാനോ ഒരിക്കലും പാടുള്ളതല്ല. നാം എപ്പോഴും ഹദീസിനെ വ്യാഖ്യാനിക്കേണ്ടത് വിശുദ്ധ ഖുർആന് അനുയോജ്യമായ വിധത്തിലായിരിക്കണമല്ലോ. എന്തുകൊണ്ടെന്നാൽ ഹദീസുകളുടെ മേൽ ഖുർആൻ പ്രമാണമായിരിക്കണമെന്നല്ലാതെ ഖുർആന്റെ മേൽ ഹദീസ് പ്രമാണമായിരിക്കുന്നതല്ല. **‘ഞാൻ പറഞ്ഞതായി ഒരു രിവായത്ത് കിട്ടിയാൽ അതിനെ ഖർആനുമായി ഒത്തുനോക്കുകയും ഒത്തുകാണുന്ന പക്ഷം സ്വീകരിക്കുകയും അല്ലാത്ത പക്ഷം (ഞാൻ പറഞ്ഞതല്ലെന്ന് വെച്ച്) തള്ളിക്കളയുകയും വേണ്ടതാണ്’** എന്ന തിരുമേനി(സ)യുടെ കൽപ്പന തന്നെ ഇതിന് ആധാരമായിരിക്കുന്നു. ആകയാൽ എനിക്ക് ശേഷം നബിയില്ല എന്ന തിരുവാക്യത്തിന്റെ അർഥം വിശുദ്ധ ഖുർആന് എതിരായിരിക്കുന്നതല്ല. അപ്പോൾ മേലിൽ ഉണ്ടാവുന്നതല്ല, എന്ന് പ്രസ്തുത വചനത്തിൽ നിഷേധിക്കപ്പെട്ടത് പുതിയ ന്യായപ്രമാണത്തോടുകൂടിയ തിരുമേനി(സ)യോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രമായ പ്രവാചകത്വത്തോടും തിരുമേനി (സ)യുടെ ‘ഖാത്തമു ന്നബീയ്യീൻ’ എന്ന സ്ഥാനത്തിന് കളങ്കകരമായ വാദത്തോടുകൂടിയ പ്രവാചകൻ മാത്രമാകുന്നു. എനിക്ക് ശേഷം ന്യായപ്രമാണത്തോടും എന്നോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രമായ ദൗത്യത്തോടും കൂടിയ ഒരു പ്രവാചകൻ ഉണ്ടാകുന്നതല്ല. എന്നു തിരുമേനി(സ) വ്യക്തമായി പറഞ്ഞിരുന്നില്ലെന്നത് വാസ്തവം തന്നെ. എന്നാൽ അതീവജ്ഞാനിയായ ആ പ്രവാചക ശ്രേഷ്ഠൻ വിശുദ്ധ ഖുർആന് എതിരായി വല്ലതും പറഞ്ഞുവെന്ന് വിചാരിക്കുവാൻ പോലും പാടില്ലാത്തതാകുന്നു. അതിനാൽ തിരുമേനി(സ)യുടെ പ്രസ്തുത വചനത്തിന് അത്തരത്തിലുള്ള സ്വതന്ത്രനായ ഒരു പ്രവാചകൻ വരുന്നതല്ലെന്ന് അർഥമെടുക്കുവാനേ നിവർത്തിയുള്ളൂ. ഈ വചനത്തെ ഖുർആന്റെ തത്ത്വത്തിന്നും തിരുമേനി(സ)യുടെ ഒട്ടാകെയുള്ള ഉപദേശത്തിന്റെ താൽപര്യത്തിനും യോജ്യമായ തരത്തിൽ വ്യാഖ്യാനിക്കുകയല്ലാതെ, ഒരു വാക്യത്തെ മാത്രം മുൻനിർത്തി മറുവശം നോക്കാതെ അർഥനിർണയം ചെയ്യുന്നതിന് പുറപ്പെടുന്നതായാൽ അബദ്ധം പിണയുന്നതിന് ഇടയാകുന്നു. ചുരുക്കത്തിൽ ‘ലാ നബീയ്യ ബഅ്ദീ’ എന്ന വചനത്തിന് വിശുദ്ധ ഖുർആനിൽ നിന്ന് വെളിവാകുന്ന തത്ത്വത്തിന് എതിരായിട്ടുള്ള ഒരർഥം കൽപ്പിക്കാവതല്ല. പ്രവാചകനുണ്ടാകാമെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമായി മനസ്സിലാവുന്നത് കൊണ്ട് നബിയില്ലെന്ന് പറഞ്ഞത് പുതുതായ ന്യായപ്രമാണത്തോടുകൂടിയതും തിരുമേനി(സ)യോടുള്ള തുടർച്ചയും ആശ്രയവും കൂടാതെ

യും ഉള്ള പ്രവാചകൻ ഉണ്ടാകുന്നതല്ലെന്ന അർഥത്തിലാണെന്നും വരുമെന്ന് പറഞ്ഞത് തിരുമേനി (സ)യെ അനുസരിക്കുകയും തിരുമേനി(സ)യുടെ ന്യായ പ്രമാണത്തെ പ്രബോധനം ചെയ്യുകയും പ്രബലപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകൻ വരുമെന്ന അർഥത്തിലാണെന്നും ഗ്രഹിക്കേണ്ടിയിരിക്കുന്നു.

'ലാ നബിയ്യ ബഅ്ദീ' എന്ന് അരുളി ചെയ്തിട്ടുള്ള നബി (സ) തിരുമേനി തന്നെ ഈസബ്നു മർയം അവതരിക്കുന്നതാണെന്ന് പ്രവചിച്ചിട്ടുമുണ്ട്. തിരുമേനി(സ) അദ്ദേഹത്തെക്കുറിച്ച് ഇമാമക്കും മിൻക്കും നിങ്ങളിൽനിന്നുള്ള നിങ്ങളുടെ ഇമാം എന്ന് പറഞ്ഞതുകൊണ്ട് അദ്ദേഹം തിരുമേനി(സ) യുടെ അനു യായികളിൽ നിന്നുള്ള ആളായിരിക്കുമെന്നും സ്ഥാപിച്ചിരിക്കുന്നത് പ്രകാരം തന്നെ, അദ്ദേഹത്തെക്കുറിച്ച് 'നബിയുള്ളാഹ്' അല്ലാഹുവിന്റെ പ്രവാചകൻ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഒരു നബിയായിരിക്കുമെന്ന് സ്ഥാപിച്ചിരിക്കുന്നു. ഇതിന് പുറമെ തിരുമേനി (സ) തന്റെ മകൻ ഇബ്രാഹിമിനെക്കുറിച്ച് മകൻ ജീവിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നു എന്ന് പറഞ്ഞതുകൊണ്ട് തനിക്ക് ശേഷം പ്രവാചകനുണ്ടാകുമെന്ന് മനസ്സിലാക്കിതന്നിരിക്കുന്നു. തിരുമേനി(സ)യുടെ ഈ രണ്ടു വിധത്തിലുള്ള പ്രസ്താവനകളും പരസ്പര വിരുദ്ധങ്ങളാണെന്നു വരുകിൽ, രണ്ടും പ്രമാണങ്ങളല്ലെന്ന് വെച്ച് തള്ളേണ്ടതാണ്. അപ്രകാരം തള്ളുന്ന പക്ഷം നബി തിരുമേനി (സ) ക്ക് ശേഷം പ്രവാചകനില്ലെന്ന വിമർശകരുടെ വാദം ദുർബലപ്പെട്ടു പോകുന്നതാണ്. എന്നാൽ തിരു നബി (സ) പരസ്പര വിരുദ്ധം പറഞ്ഞുവെന്ന് വിചാരിക്കുന്നത് തീരെ അരുതാത്തതാകുന്നു. ആകയാൽ തിരുമേനി(സ)യുടെ പ്രസ്തുത രണ്ട് തരം പ്രസ്താവനകളും പരസ്പര വിരുദ്ധമല്ലെന്നും നബിയുണ്ടാകുന്നതല്ലെന്ന് പറഞ്ഞത് ഒരു പ്രത്യേക തരത്തിലുള്ള പ്രവാചകനുണ്ടാകുന്നതല്ലെന്ന അർഥത്തിലാണെന്നും ഇനിയുണ്ടാകുമെന്ന് പറഞ്ഞത് മറ്റൊരു തരത്തിലുള്ള പ്രവാചകനാണെന്നും മനസിലാക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ തിരുമേനി(സ)യുടെ വചനങ്ങളിൽ നിന്ന് തന്നെ പ്രവാചകൻ വരുന്നതാണെന്ന് മനസ്സിലാകുന്നത് കൊണ്ട് 'ലാ നബീയ്യ ബഅ്ദീ' എന്നതിന്റെ താൽപര്യം ഒരു പ്രകാരത്തിലുള്ള പ്രവാചകനും വരുകയില്ലെന്ന് വിചാരിക്കുവാൻ ഒരിക്കലും പാടില്ല. അതിന്റെ താൽപര്യമാകട്ടെ തിരുമേനി(സ)യുടെ ന്യായപ്രമാണത്തെ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു പ്രവാചകനോ, തിരുമേനി(സ)യോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രനായ ഒരു പ്രവാചകനോ വരുന്നതല്ലെന്നാണ് സ്പഷ്ടമാവുന്നത്.

അഥവാ 'ലാ നബീയ്യ ബഅ്ദി' എന്ന നബി വചനത്തെ ഖുർആനും പ്രബലമായ മറ്റു ഹദീസുകൾക്കും എതിരായ തരത്തിൽ തിരുമേനി(സ)ക്ക് ശേഷം ഒരു തരത്തിലുള്ള പ്രവാചകനും വരുന്നതല്ല എന്ന അർഥത്തിൽ വ്യാഖ്യാനിക്കുന്നത് ന്യായമായിരിക്കുമെങ്കിൽ അമുസ്‌ലിംകളെയെല്ലാം കൊല്ലേണ്ടതാണെന്നും മോക്ഷപ്രാപ്തിക്കായി 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമ ഉച്ചരിച്ചാൽ മതിയാവുമെന്നും മതം മാറുന്നരെയെല്ലാം കൊല്ലേണ്ടതാണെന്നും ഹദീസുകൊണ്ടു തെളിയുന്നു എന്നു പറയേണ്ടി വരുന്നതയാൽ അതും സാധുവായിരിക്കുന്നതാണ്. എന്ത് കൊണ്ടെന്നാൽ ജനങ്ങൾ 'ലാ ഇലാഹാ ഇല്ലല്ലാഹ്' എന്ന കലിമ ചൊല്ലുന്നത്‌വരെ അവരോട് യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. എന്നും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ആർ പറയുന്നുവോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ് എന്നും ആർ തന്റെ മതം മാറുന്നുവോ അവനെ കൊല്ലുക എന്നും നബി (സ) അരുളി ചെയ്തതായി ബുഖാരി, മുസ്‌ലിം മുതലായ ഹദീസ് ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഖുർആൻ പ്രബോധനങ്ങളെയും നബി തിരുമേനി(സ)യുടെ മറ്റു വചനങ്ങളെയും അവലംബിക്കാതെ, പ്രസ്തുത വാക്യങ്ങളുടെ ബാഹ്യമായ താൽപര്യത്തെ മാത്രം പ്രമാണിക്കുകയാണെങ്കിൽ എല്ലാ അമുസ്‌ലിംകളോടും അവർ കലിമ ചൊല്ലുന്നതുവരെ, യുദ്ധം ചെയ്യേണ്ടതാണെന്നും മോക്ഷപ്രാപ്തിക്കായി 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു ഉച്ചരിച്ചാൽ മാത്രം മതിയാകുമെന്നും മതം മാറുന്ന വരെയെല്ലാം (അമുസ്‌ലിം മുസ്‌ലിമായാലും മുസ്‌ലിം അമുസ്‌ലിമായാലും) കൊന്നു കളയേണ്ടതാണെന്നും സമ്മതിക്കേണ്ടതായി വരും. ഇങ്ങനെ സമ്മതിക്കുകയെന്നത് വിശുദ്ധ ഖുർആന്റെ പ്രബോധനങ്ങൾക്കും നബി (സ)തിരുമേനിയുടെ ഉപദേശങ്ങൾക്കും ജീവിത മാതൃകകൾക്കും വിരുദ്ധമായിരിക്കുന്നതാണ് എന്നു മാത്രമല്ല, ആ വാക്യങ്ങളെ പ്രസ്തുതാർഥത്തിൽ ഗ്രഹിക്കുന്ന പക്ഷം വിശുദ്ധ ഖുർആനും നബി(സ)യുടെ പ്രബോധനങ്ങളുമെല്ലാം പ്രയോജന ശൂന്യങ്ങളായി തീരുന്നതുമാണ്. അതിനാൽ പ്രസ്തുത ഹദീസുകളുടെ ഉദ്ദേശ്യം അതായിരിക്കുമെന്ന് വിചാരിക്കാവുന്നതല്ല. ഇതേപ്രകാരം തന്നെ 'ലാ നബീയ്യ ബഅ്ദീ' എന്ന വചനത്തിന് ഒരു പ്രകാരത്തിലുള്ള നബിക്കും വരാവുന്നതല്ലെന്ന അർഥം കൽപ്പിക്കുന്നത് ഖുർആനിലെ നിരവധി വാക്യങ്ങൾക്കും ഹദീസുകൾക്കും എതിരായിട്ടുള്ളതാകയാൽ അത് സ്വീകാര്യമായിരിക്കുന്നതല്ല.

## ലാ ശബ്ദത്തിന്റെ പ്രയോഗങ്ങൾ

*ലാ നബീയ്യ ബഅ്ദീ* (എനിക്ക് ശേഷം പ്രവാചകനില്ല) എന്ന ഹദീസിന്റെ താൽപര്യം ഒരു പ്രത്യേക തരത്തിലുള്ള പ്രവാചകൻ ഇനിയുണ്ടാകുന്നതല്ലെന്നുമാത്രമാണെന്ന് വിശുദ്ധ ഖുർആനിൽ

നിന്നും ഹദീസിൽ നിന്നും മനസ്സിലാവുന്നു. അറബി ഭാഷയിലെ പ്രയോഗമനുസരിച്ച് പ്രസ്തുത ഹദീസിന് അർഥം കൊടുക്കാവുന്നതാണ്. ഈ ഹദീസിലെ ലാ (ഇല്ലാ) എന്നും ബഅ്ദീ (ശേഷം) എന്നും രണ്ട് പദ ങ്ങളെക്കുറിച്ച് നാം ഇവിടെ ചിന്തിക്കേണ്ടതുണ്ട്. അറബി ഭാഷയിൽ ലാ ശബ്ദം ജിൻസി (ജാതിയെ) നിഷേധിക്കുന്നതിനായിട്ടെന്ന പോലെ വിശേഷണ ഗുണത്തെ നി ഷേധിക്കുന്നതിനായിട്ടും ഉപയോഗിക്കപ്പെടാറുണ്ട്. ഈ പ്രയോഗത്തിന് നബി വചനങ്ങളിൽ നിന്നു തന്നെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ട്. ഉദാഹരണമായി: *ലാ ഹിജ്റത്തൻ ബഅ്ദൽ ഫതഹ്* (ഫതഹ് (മക്കാവിജയം) ശേഷം ഹിജ്റത്തില്ല) *ലാ ദീനൻ ലിമൻ ലാ അമാനത്ത് ലഹു* 'അമാനത്ത് അഥവാ വിശ്വസ്തതാ ഗുണം ഇല്ലാത്തവനു മതമില്ല' എന്നും നബി അരുളിയിട്ടുണ്ട്.' ലാ സൈഫു ഇല്ലാ ദുൽഫുക്കാർ' ദുൽഫുക്കാറല്ലാതെ ഒരു വാളുമില്ല. 'ലാ ഫത്തീ ഇല്ലാ അലി' അലിയല്ലാതെ ഒരു യുവാവില്ല എന്നുമുള്ള അറബി ആപ്ത വാക്യങ്ങളും ഇതിലേക്ക് ഉദാഹരണങ്ങളാണ്. പ്രസ്തുത വചനങ്ങളിലെ 'ലാ' പ്രയോഗിച്ചിരിക്കുന്നത് വിശേഷണ ഗുണത്തെ നിഷേധിക്കുന്നതിനായിട്ടല്ലാതെ, ജിൻസിനെ അഥവാ ജാതിയെ നിഷേധിക്കുവാനായിട്ടല്ല. ആകയാൽ അലി അല്ലാതെ ഒരു യുവാവുമില്ല എന്നതിന്റെ താൽപര്യം അലിയെ പോലെ യുവാവിന്റെ സകല ഗുണങ്ങളും തികഞ്ഞ വേറെ ഒരു യുവാവുമില്ല എന്നല്ലാതെ ലോകത്ത് വേറെ യുവാവു തന്നെയില്ല എന്നതായിരിക്കാവതല്ല. ഇത് പോലെ തന്നെ ദുൽഫുക്കാറല്ലാതെ മറ്റൊരു വാളുമില്ല എന്നതിന്റെ വിവക്ഷ അതുപോലൊരു വാളില്ല എന്നല്ലാതെ ലോകത്ത് വേറെ ഒരു വാളുമില്ല എന്നല്ല. ഇപ്രകാരം അമാനത്തില്ലാത്തവനു മതമില്ല എന്നു പറഞ്ഞത് അവനു കേവലം മത മില്ലെന്നല്ല അവന്റെ മത നിഷ്ഠ പൂർണമല്ല എന്ന അർഥത്തിലാണ്. അതുപോലെ വിജയത്തിന് ശേഷം ഹിജ്റത്തില്ല എന്ന വാക്യത്തിന്റെ താൽപര്യം അതിന് ശേഷം ഹിജ്റത്ത് കേവലം ഉണ്ടാകുന്നതല്ല എന്നല്ല. മക്ക വിജയത്തിന് മുമ്പെന്നപോലെ അത്രമേന്മയുള്ള ഹിജ്റത്ത് ഉണ്ടാകുന്നതല്ലന്നോ മക്കയിൽ നിന്നും ഹിജറത്ത് ചെയ്യേണ്ടതായിട്ടില്ലെന്നോ ആയിരിക്കാനേ പാടുള്ളു. പ്രസ്തുത വാകൃത്തിൽ യാതൊന്നിന്റെ നിഷേധത്തിനായി 'ലാ' ശബ്ദം പ്രയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിനെ കേവലമായി നിഷേധിക്കുകയല്ല. പ്രത്യേക ഗുണത്തോടുയുകൂടിയ വ്യക്തിയെ നിഷേധിക്കുക മാത്രമാണ് ചെയ്യുന്നത്. ഇതേ പ്രകാരം തന്നെ 'ലാ നബിയ്യ ബഅ്ദീ' എന്നതിലെ ലാ പ്രവാചക വകുപ്പിലെ എല്ലാ വ്യക്തികളെയുമല്ല പ്രത്യേക തരത്തിലുള്ള ചില വ്യക്തികളെ മാത്രമാണ് നിഷേധിക്കുന്നത്. അതായത് പുതുതായി വന്ന ന്യായ പ്രമാണത്തോടുകൂടിയ പ്രവാചകനോ നബി(സ) തിരുമേനിയോടു കൂടിയ തുടർച്ചകൂടാത്ത സ്വതന്ത്രനായ പ്രവാചകനോ ഇനി ഉണ്ടാകുന്നതല്ലെന്നു നിഷേധിക്കുക മാത്രമാകുന്നു. അതിനാൽ പ്രസ്തുത ഹദീസ് മക്കാ വിജയത്തിന് ശേഷം ഹിജ്റത്തില്ല എന്നും മറ്റും പറഞ്ഞ തരത്തിലുള്ള ഒരു വചനം തന്നെയാണെന്നും മനസ്സിലാവുന്നു.

ഇതിന് പുറമേ നബി തിരുമേനി(സ) ഇറാനിലേയും റോമായിലെയും ചക്രവർത്തിമാരെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നതായി കാണുന്നു. കിസ്രാ രാജാവ് മരിച്ചാൽ അദ്ദേഹത്തിന് ശേഷം കിസ്രയില്ല കൈസർ രാജാവ് മരിച്ചാൽ അദ്ദേഹത്തിന് ശേഷം കൈസറുമില്ല (ബുഖാരി) ഏവരെക്കുറിച്ച് തിരുമേനി(സ) ഇപ്രകാരം പ്രസ്താവിച്ചുവോ അവരുടെ മരണശേഷവും വേറെ കിസ്രയും കൈസറും സിംഹാസനാരോഹണം ചെയ്തിട്ടുണ്ട്. അതിനാൽ അവരുടെ പിറകെ കിസ്രയും കൈസറുമില്ല എന്ന് തിരുമേനി(സ) പറഞ്ഞത് കേവലം കിസ്രയും കൈസറും ഇല്ലെന്ന അർഥത്തിലായിരിക്കാൻ ഇടയില്ല. അതായത് അന്നത്തെ ആ കിസ്ര കൈസർ മാരെ പോലെ പ്രതാപികളായ കിസ്രാമാർ ഉണ്ടാകില്ലെന്ന അർഥത്തിലായിരിക്കാനേ പാടുള്ളൂ. തിരുമേനി(സ) നിർദേശിച്ച ആ കിസ്രാ കൈസർമാരുടെ പിറകെയും അവരുടെ സ്ഥാനത്ത് കിസ്രായും കൈസറും ഉണ്ടായിരുന്നത് കൊണ്ട് ഹദീസിന്റെ പണ്ഡിതന്മാർ 'ഇല്ല' എന്നതിന് 'അവരെ പോലെയുള്ളവർ ഇല്ല' എന്നു താൽപര്യം പറഞ്ഞിരിക്കുന്നു. സഹീഹുൽ ബുഖാരിയുടെ വ്യാഖ്യാനമായ ഫഥുൽ ബാരി എന്ന ഗ്രന്ഥത്തിലും അല്ലാമ അസ്കലാനി (റ) പ്രസ്തുത ഹദീസിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു:

അദ്ദേഹത്തിന് ശേഷം കൈസറില്ല എന്ന് പറഞ്ഞതിന്റെ അർഥം അദ്ദേഹത്തെ പോലെ ഭരണാധികാരമുള്ള കൈസറുണ്ടായിരിക്കുകയില്ല എന്നാണെന്ന് ഖത്താബി പറഞ്ഞിരിക്കുന്നു.

വീണ്ടും ആ ഗ്രന്ഥം പറയുന്നു: അവർ രണ്ടു പേർക്കും ശേഷം വേറെ കിസ്രയും കൈസറും ഉണ്ടായിരുന്നുവല്ലോ എന്ന് നിങ്ങൾ ചോദിക്കുകയാണെങ്കിൽ പിമ്പുള്ളവർക്ക് മുമ്പത്തവരെപ്പോലെ പ്രതാപമുണ്ടായിരുന്നില്ലെന്ന് ഞാൻ പറഞ്ഞു കൊള്ളട്ടെ. പ്രസ്തുത ഹദീസിന്റെ താൽപര്യം ഇപ്രകാരമായിരിക്കുന്നത് പോലെ തന്നെ എനിക്ക് ശേഷം നബിയില്ല എന്ന് തിരുമേനി(സ) അരുളി ചെയ്തതിന്റെ വിവക്ഷിതം തിരുമേനി(സ)യെ പോലെയുള്ള പ്രവാചകനും പ്രത്യേക ന്യായ പ്രമാണത്തോടുകൂടിയ പ്രവാചകനും ഇനിയുണ്ടാവതല്ല എന്നാണ്. എന്നല്ലാതെ തിരുമേനി(സ)ക്ക് ശേഷം ഒരു തരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്ന് അതിന് അർഥമായിരിക്കാവുന്നതല്ല.

**ശേഷം പേജ് 43 ൽ**

# ത്രിപിടക സംഗ്രഹം: ബുദ്ധന്റെ കലർപ്പില്ലാത്ത അദ്ധ്യാപനമോ?

ശ്രീ ബുദ്ധ(അ)ന്റെ ഉപദേശങ്ങളും പ്രഭാഷണങ്ങളും സംവാദങ്ങളും പിൽക്കാലത്ത് സമാഹരിക്കപ്പെട്ടതാണ് ത്രിപിടക സംഗ്രഹം. അത് വരമൊഴിയിലുള്ള രേഖയായി എഴുതപ്പെട്ടത് സംബന്ധിച്ച്.

എം. മസ്ഊദ് അഹ്മദ്

പ്രചാരത്തിലുള്ള ബുദ്ധമതത്തിന്റെ അടിസ്ഥാന പ്രമാണം ത്രിപിടികം എന്ന ഗ്രന്ഥ സമുച്ഛയമാണ്. ത്രിപിടകം എന്നാൽ 'മൂന്നു കൊട്ട്' എന്നർഥം ഇതിൽ ശ്രീബുദ്ധന്റെ സംവാദങ്ങളും പ്രഭാഷണങ്ങളും ഉപദേശങ്ങളുമാണ് ഉൾച്ചേർന്നിരിക്കുന്നതെന്ന് പറയപ്പെടുന്നുവെങ്കിലും അവ അദ്ദേഹത്തിന്റെ കലർപ്പില്ലാത്ത വാസ്തവ തത്ത്വങ്ങളാണെന്നു പറയാവതല്ല. ഇതിലേക്ക് പ്രഥമവും പ്രധാനവുമായ ന്യായം ഗൗതമ ശാക്യൻ തന്റെ അദ്ധ്യാപനങ്ങൾ ക്രോഡീകരിച്ചുള്ള യാതൊരു ലിഖിത പ്രമാണവും അനു യായികൾക്ക് നൽകിയിട്ടില്ല എന്നുള്ളതാണ്. അദ്ദേഹം 45 വർഷക്കാലം ഉപദേശിക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്ന അദ്ധ്യാപനങ്ങളാക്കെ അദ്ദേഹത്തിന്റെ ചരമാനന്തരം അനുചര സംഘം പല തവണ സംഘം ചേർന്ന് ക്രമപ്പെടുത്തുവാൻ പണിപ്പെടുകയുണ്ടായി. എന്നാൽ ഈ ശ്രമങ്ങളെല്ലാം ആ ഉപദേശങ്ങളുടെ വാമൊഴി രൂപമായി നിലകൊണ്ടു സമാഹാരത്തെ അടുക്കടുക്കായി ക്രമീകരിക്കുന്നതിൽ മാത്രം സീമിതമായിരുന്നു. ഈ സഭകളിൽ ഒന്നിലെങ്കിലും ആ ഉപദേശ സംഹിത വരമൊഴിയായി എഴുതി രേഖപ്പെടുത്താനുള്ള ശ്രമമുണ്ടായില്ല. തുടരെ തുടരെയായി ചേർന്ന ഈ സഭായോഗങ്ങൾ ചർച്ചകളും വിവാദങ്ങളും നടത്തി തീരുമാനിച്ചിരുന്നത് ഒന്നാമത് ബുദ്ധന്റെ പ്രമുഖ ശിഷ്യന്മാരു ശിഷ്യസ്യശിഷ്യന്മാരും പിന്നെ അവരുടെ ശിഷ്യന്മാരും അതിൽ പിന്നെ അവരുടെ ശിഷ്യന്മാരും അനുസ്മരിച്ചു പോന്ന ഗുരുപദേശങ്ങളുടെയും സൂക്തങ്ങളുടേയും സുബദ്ധതയും ഔചിത്യവും സംബന്ധിച്ചു മാത്രമാണ്. ഇത്തരത്തിൽ മൂന്ന് സഭകൾ നടന്നുവെങ്കിലും അവ മഹാത്മാ ബുദ്ധന്റെ പരിനിർവാണത്തിന് ശേഷം ഒന്നിന് പിറകെ മറ്റൊന്നായിട്ടല്ല, ഉദ്ദേശ്യം 250 കൊല്ലക്കാലത്തിനിടക്കാണ് ചേരുകയുണ്ടായത്.

ഒന്നാമത്തെ സഭ മഗധ രാജ്യത്തിന്റെ തലസ്ഥാനമായ രാജഗൃഹത്തിൽ നഗരത്തിൽ വെച്ചു ക്രി.മു. 493ൽ ശ്രീബുദ്ധന്റെ ചരമാനന്തരം പ്രഥമ വർഷക്കാലത്താണ് ചേർന്നിരുന്നത്. ഗുരുവിന്റെ നിര്യാണത്തിൽ ശിഷ്യരായ ഭിക്ഷുക്കളെല്ലാം മിക്കവാറും എല്ലാവരും ശോകമൂകരായിത്തീർന്നപ്പോൾ സംഘത്തിന്റെ വളരെ പിന്നിൽ വന്നുചേർന്നിരുന്ന സുഭദ്രൻ എന്നൊരു ഭിക്ഷു അതീവ സന്തുഷ്ടനും ഉല്ലാസ ഭരിതനുമായി കാണപ്പെടുകയും അയാൾ ദുഃഖാർത്തരായ ഭിക്ഷുക്കളെ താഴെ പറയും പ്രകാരം സംബോധന ചെയ്യാൻ സഭ വിളിച്ചു കൂട്ടാനുണ്ടായ അടിയന്തിര കാരണം ആ ഭിക്ഷു പറയുകയുണ്ടായി.

മിത്രങ്ങളെ കരയുകയോ ദുഖിക്കുകയോ ചെയ്കാവീൻ. ബുദ്ധൻ പരിനിർവാണം പ്രാപിച്ചിരിക്കയാണ് നാം സ്വതന്ത്രരായി തീർന്നിരിക്കയാണ്. നമുക്കിനി യുക്തമെന്ന് തോന്നുന്നത് പ്രവർത്തിക്കാം. അതിനാൽ നിങ്ങൾ വ്യസനിക്കുന്നതിന് പകരം ഈ സാതന്ത്രലബ്ദിയിൽ സന്തോഷിക്കുകയാണ് വേണ്ടത്

സുഭദ്രന്റെ ഈ ഭാഷണം ഭിക്ഷുക്കളെ ചകിതരാക്കിക്കളയുകയാണുണ്ടായത്. പലരും ഈ മനോഗതത്തെ ശക്തിയുക്തം എതിർക്കു

കയും ആരും വഴിപിഴച്ചു പോകാതിരിക്കാനും അന്യരെ പിഴപ്പിക്കാതിരിക്കാനായിട്ടുമാണ് ഉടനടി പ്രതിനിധി സഭ വിളിച്ചുകൂട്ടി ബൗദ്ധോപദേശങ്ങൾ നിർവ്വഹിക്കപ്പെടുമാറാകണമെന്നു ആവശ്യപ്പെടുകയും ചെയ്തു ശ്രീബുദ്ധൻ മരണമടുത്തപ്പോൾ ഭിക്ഷുക്കളോട് അവർ മേലിൽ ഉപദർശനത്തിനായി മറ്റെങ്ങും നോക്കാതെ തങ്ങളിൽ വെളിച്ചം കണ്ടെത്തണമെന്നും അവരുടെ മുക്തി മറ്റാരിലുമല്ല തങ്ങളിൽ തന്നെയാണ് ഒളിഞ്ഞ കിടക്കുന്നതെന്നും ഉപദേശിച്ചിരുന്നു. ഈ ഉദ്ബോധനത്തെ തെറ്റിദ്ധരിച്ചുകൊണ്ട് സുഭദ്രൻ ചെയ്ത മേൽപ്പടി പ്രസ്താവനയെ മറ്റു ഭിക്ഷുക്കൾ ധർമവിരോധമായി കരുതുകയും അതിനെ ഖണ്ഡിക്കുന്നതിനും ബുദ്ധൻ തന്റെ പ്രഭാഷണത്തിൽ പല തവണയായി പ്രദാനം ചെയ്ത സ്വഛതയെ ഭദ്രമാക്കിത്തീർക്കുന്നതിനുമായിട്ട് ഉടനടി പ്രതിനിധി സഭ ചേരേണ്ടതാണെന്ന് ബോധിക്കുകയും ചെയ്തു. അത് പ്രകാരമാണ് മഗധ രാജാവായ അജാത ശത്രുവിന്റ നേതൃത്വത്തിൽ ഒന്നാമത്തെ സഭ ചേർന്നത്. അദ്ധ്യക്ഷൻ ബുദ്ധന്റെ പ്രസിദ്ധ ശിഷ്യനായ മഹാകശ്യപനായിരുന്നു. തന്റെ വരിഷ്ഠ ശിഷ്യനാണ് കശ്യപൻ എന്ന് ബുദ്ധൻ പരിനിർവാണ മടുത്തപ്പോൾ അരുളിചെയ്തിരുന്നു. ഒരു പ്രകാരത്തിൽ ആപണ്ഡിത വര്യനെ തന്റെ പ്രതിപുരുഷനായിട്ടാണ് ബുദ്ധൻ കണക്കാക്കിയിരുന്നത്. ഇങ്ങനെയുള്ള അദ്ദേഹത്തിന്റെ ആധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 500 ഭിക്ഷുക്കൾ പങ്കെടുത്തിരുന്നു. ബുദ്ധന്റെ പ്രിയ ശിഷ്യനും പരിചാരകനുമായ ആനന്ദൻ ഈ സഭയിൽ ഗുരു ഉപദേശങ്ങളെ വിവരിക്കുകയുണ്ടായി. ആ നിവേദനങ്ങൾ പിന്നീട് ത്രിപിടകത്തിൽ സുത്ത വിഭാഗത്തിൽ പ്രത്യേകം സംഗ്രഹിക്കപ്പെട്ടു. മറ്റൊരു ശിഷ്യനായ വന്ദ്യശ്രീ ഉപാലി സംഘടനാ നിയമങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ബൗദ്ധ പാഠങ്ങളെയാണ് വിവരിച്ചു പറഞ്ഞത്. അത് വിനയ പിടകത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ത്രിപിടകത്തിൽ മൂന്നാമത്തെ വിഭാഗമായ അഭിധർമ പിടകത്തിലെ പാഠങ്ങൾ മഹാകശ്യപൻ നിവേദനം ചെയ്തിട്ടുള്ള ബൗദ്ധാ ദ്ധ്യാപനങ്ങളെന്നതെ ഐതിഹ്യം. എന്നാൽ ആദ്യത്തെ ഭിക്ഷുസഭകളുടെ ചരിത്രമായ കല്ല വഗ്ഗ (CullaVagga) എന്ന പുസ്തത്തിൽ ശ്രീബുദ്ധന്റെ യാതൊരു പദേശങ്ങളും ഒന്നാമത്തെ സഭയിൽ കശ്യപൻ വിവരിച്ചു പറഞ്ഞതായി പ്രസ്താവിക്കപ്പെട്ടു കാണുന്നില്ല. ആകയാൽ ഏഴു മാസം തുടർച്ചയായി യോഗം ചെയ്തുകൊണ്ടിരുന്ന ഈ പ്രഥമ സഭ ത്രിപിടകത്തിലെ ആദ്യത്തെ രണ്ടു വിഭാഗമായ സുത്തപിടകവും വിനയ പിടകവും മാത്രമേ വ്യവസ്ഥപ്പെടുത്തിയിരുന്നുള്ളൂ.* എന്നാൽ ഈ സഭയിലെ സംഭവവിവരണങ്ങളൊന്നും എഴുതി രേഖപ്പെടുത്തപെട്ടിരുന്നില്ലെന്ന് ബൗദ്ധപണ്ഡിതന്മാർ പോലും സമ്മതിച്ചിരിക്കുന്ന ഒരു വാസ്തവമാണ്. ഈ സഭ സുത്തം, വിനയം എന്നീ രണ്ടു വിഭാഗങ്ങളുടെ മൂലം വാഗ്രൂപേണ നിർണയിക്കപ്പെടുകയും ഇതേ ക്രമപ്രകാരം ബുദ്ധന്റെ സൂക്തങ്ങളും അദ്ധ്യാപനങ്ങളും പഠിക്കുന്നത് എല്ലാ ഭിക്ഷുക്കൾക്കും നിർബന്ധമാക്കുകയും ചെയ്തു. പ്രത്യേകം പ്രസ്താവ്യമായ മറ്റൊരു സംഗതി ഇതാണ്. സംഘത്തിന്റെ സംഘടനയെ സംബന്ധിച്ച് നിയമ നിർദേശങ്ങളിൽ ചിലവ ഉപേക്ഷിച്ചു കൊള്ളാൻ ശ്രീബുദ്ധൻ അനുമതി നൽകിയിട്ടുണ്ടെന്നും എന്നാൽ അവ ഏതേതുകളാണെന്നും താൻ ആസമയം ഓർക്കുന്നില്ലെന്നും ആനന്ദൻ സഭയോട് പറയുകയുണ്ടായി. ഈ നിലക്ക് എല്ലാ ഉപദേശ നിർദേശങ്ങളും അത്യാവശ്യങ്ങളാണെന്ന് കരുതപ്പെടേണമെന്നു ഭൂരിപക്ഷ സദസ്യരും അഭിപ്രായപ്പെട്ടു. അതിൻ പ്രകാരം ഈ ബൗദ്ധോപദേശങ്ങളെല്ലാം അനിവാര്യങ്ങളാണെന്നും സഭ ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്തു.

കൃത്യമായി നൂറു കൊല്ലം കഴിഞ്ഞപ്പോൾ ക്രി.മു. 383 ൽ പട്ടണക്ക് വടക്ക് 27 മൈൽ അകലെയുള്ള വൈശാലി നഗരത്തിൽ വെച്ച് മഗധ രാജാവായ കാലശോകന്റെ രക്ഷാകർത്തൃത്വത്തിൽ ഈ സഭ എട്ടു മാസക്കാലം യോഗം ചേർന്നു കൊണ്ടിരുന്നു. അതിൽ അദ്ധ്യക്ഷം വഹിച്ചു കൊണ്ടിരുന്നത് വന്ദ്യശ്രീ രേവതനായിരുന്നു. ഈ സഭചേരാൻ കാരണം ഒന്നാമത്തെ സഭക്ക് ശേഷം ബുദ്ധ ഭിക്ഷുക്കൾ ഒരു വിഭാഗം ഒന്നാം സഭയുടെ തീരുമാനത്തോട് വിയോജിച്ചു കൊണ്ട് ശിക്ഷണ കാര്യം സംബന്ധിച്ച് വ്യത്യസ്തമായ ഒരു നിയമാവലി തയ്യാറാക്കുകയും അതു നടപ്പിൽ വരുത്താൻ ശ്രമിക്കുകയും ചെയ്തതായിരുന്നു. ഇക്കൂട്ടർ മഹാ സംഘികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ക്രി. മു നാലാം നൂറ്റാണ്ടിൽ മഹാസംഘികൾ കൂടുതൽ പ്രാബല്യം പ്രാപിക്കുകയും പൊതുവേ ഭിക്ഷു സമാജത്തിൽ വ്യക്തമായ ഒരു പിളർപ്പ് വരുമെന്ന നില സംജാതമാവുകയും ചെയ്തപ്പോൾ പ്രമുഖ ഭിക്ഷുക്കൾ തമ്മിൽ ആലോചിച്ചു ക്രി. മു 383 ൽ രണ്ടാം സഭ വിളിച്ചു കൂട്ടി. ഈ സഭ മഹാസംഘക്കാരെ മതദ്രോഹികൾ എന്ന് പ്രഖ്യാപിച്ചു കൊണ്ട് മൂല സംഘത്തിൽ നിന്ന് ബഹിഷ്ക്കരിക്കുകയുണ്ടായി. 'സുത്ത' പിടകവും 'വിനയ' പിടകവും പുനപരിശോധന ചെയ്യപ്പെടുകയും വലിയ വാദവിവാദങ്ങൾക്ക് ശേഷം പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. മൂല പ്രമാണത്തിന്റെ ഈ പുനസ്ഥാപനവും അതിരു നിർണയവുമെല്ലാം ഒന്നാമത്തെ സഭയിൽ നടന്നത് പോലെ തന്നെ കേവലം വാചികമായിട്ടായിരുന്നു. സുത്തത്തിന്റേയോ വിനയത്തിന്റേയോ യാതൊതു ഭാഗവും ലിഖിത രൂപത്തിൽ വന്നിരുന്നില്ല. ഈ രണ്ട് മൂല പ്രമാണങ്ങളും ശരിക്കും മനപ്പാഠമാക്കാനും അത് പിൻതലമുറകൾക്ക് എത്തിച്ചു കൊടുക്കുവാനും വീണ്ടും ഭിക്ഷുക്കൾ അനുശാസിക്കപ്പെടുകയുണ്ടായി.

ഈ രണ്ടു സംഭവങ്ങൾക്ക് ശേഷം കുറേകാലം കഴിഞ്ഞപ്പോൾ ഉത്തരഭാരതത്തിൽ വലിയ ഒരു രാഷ്ട്രീയ വിപ്ലവം സംഭവിച്ചു. തൽഫലമായി പ്രത്യേകം പ്രത്യേകമായ സ്വതന്ത്ര രാജ്യങ്ങളെല്ലാം അവസാനിക്കുകയും തൽസ്ഥാനത്ത് വിശാലവും പ്രബലവുമായ ഒരു മഹാഭരണകൂടം ഉടലെടുക്കുകയും ചെയ്തു. മഗധയിലെ നന്ദ മഹാരാജാവിന്റെ ഒരു ഉയർന്ന പടനായകനായ ചന്ദ്രഗുപ്തമൗര്യൻ തന്റെ രാജാവിനെ കൊന്ന് അദ്ദേഹത്തിന്റെ സിംഹാസനം കരസ്ഥമാക്കി. ചന്ദ്രഗുപ്തൻ ക്രമേണ തന്റെ രാജ്യത്തിൽ മറ്റു പല പ്രദേശങ്ങളും ഉൾപ്പെടുത്തി. അതിർത്തികൾ വിപുലീകരിച്ചുകൊണ്ടിരുന്നു. അങ്ങനെ സുവിസ്തൃതമായ ഒരു അധീശനായി അദ്ദേഹം 24 വർഷം രാജാവായി ഭരണം നടത്തുകയും അനന്തരം അദ്ദേഹത്തിന്റെ പുത്രൻ ബിന്ദുസാരൻ രാജാവായിത്തീരുകയും ചെയ്തു. പിന്നെ ക്രി. മു 269 ൽ അദ്ദേഹത്തിന്റെ മകൻ അശോകൻ തൽസ്ഥാനത്ത് വന്നു. ചന്ദ്ര ഗുപ്തനും ബിന്ദുസാരനും ബ്രാഹ്മണ മതത്തെ അനുസരിച്ചിരുന്നവരായിരുന്നുവെങ്കിലും ബൗദ്ധ ഭിക്ഷുക്കളോട് അവർ നിർദയം പെരുമാറിയിരുന്നില്ല. എന്നാൽ അശോകൻ തന്റെ കിരീടധാരണത്തിന് ഏതാനും വർഷങ്ങൾക്ക് ശേഷം പരസ്യമായി ബുദ്ധമതം സ്വീകരിക്കുകയും അതിനെ പ്രചരിപ്പിക്കുന്നതിന് ആവുന്നത് പരിശ്രമിക്കുകയും ചെയ്തു. അതിന്നിടക്ക് ഭിക്ഷുക്കൾ അനേകം കക്ഷിപ്രതികക്ഷികളായി പിരിഞ്ഞിരുന്നു. ചില ഐതിഹ്യങ്ങളനുസരിച്ച് അത്തരം 18 കക്ഷികൾ അന്നുണ്ടായിരുന്നു. ഭിക്ഷുക്കളുടെ ഇടയിലുണ്ടായിരുന്ന ഈ പിളർപ്പ് അശോകൻ കാണുകയും പ്രത്യേകിച്ച് പരമ്പയായുള്ള പഴയ കക്ഷിയും തീർഥകർ എന്ന പുതിയ കക്ഷിയും തമ്മിലുള്ള ബന്ധം അപകടകരമായ നിലയിൽ വഷളായി പോകുന്നതായി ഗ്രഹിക്കുകയും ചെയ്തപ്പോൾ അവരെയെല്ലാം തമ്മിൽ ഇണക്കുന്നതിന് അദ്ദേഹം സർവ കക്ഷികളിലും പെട്ട ഭിക്ഷുക്കളിലും പെട്ട ഒരു സമ്മേളനം വിളിച്ചു കൂട്ടി. ഈ സഭ ക്രി. മു 247ൽ പാട്നയിലാണ് ചേർന്നത്. ഇത് ചരിത്രത്തിൽ പാട്ന സഭ എന്ന പേരിൽ അറിയപ്പെടുന്നു. വ്യത്യസ്ത കക്ഷികളായ 1000 ഭിക്ഷുക്കൾ ഇതിൽ സന്നിഹിതരാവുകയും 9 മാസക്കാലം യോഗങ്ങൾ ചേർന്നു കൊണ്ടിരിക്കുകയും ചെയ്തു. ബൗദ്ധ ചരിത്രത്തിൽ ഈ സഭകളുടെ സ്ഥാനം ക്രൈസ്തവചരിത്രത്തിൽ നിഖ്യാസഭക്കുള്ള അതേ സ്ഥനമാണ്. നിഖ്യാ സഭ ക്രി. വ 325 ൽ കോൺസ്റ്റന്റീൻ ചക്രവർത്തി അന്നുണ്ടായിരുന്ന ക്രൈസ്തവ ഭിന്ന കക്ഷികളുടെ അഭി പ്രായ വൈവിധ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി വിളിച്ചുകൂട്ടിയതായിരുന്നു. ഈ സഭ ആരിയൂസും കൂട്ടുകാരും മതദ്രോഹികളാണെന്ന് പ്രഖ്യാപിക്കുകയും അതു പ്രകാരം അവരെ ക്രിസ്തു മതത്തിൽ നിന്ന് പുറം തള്ളുകയുമുണ്ടായി. വ്യത്യസ്തമായ ഭാഷയിൽ ക്രൈസ്തവ മത സിദ്ധാന്തങ്ങളെ വ്യസ്ഥാപിതമാക്കുകയും ഇന്ന് നിലവിലുള്ള ക്രിസ്തു മതത്തിന് അടിസ്ഥാനമിടുകയും ചെയ്തു. ഇത് പോലെതന്നെ ബൗദ്ധ ചരിത്രത്തിൽ പട്ന സഭ ഏകദേശം 60,000 തീർഥക പക്ഷക്കാരെ മതദ്രോഹികൾ എന്ന് വിളിച്ച് സംഘത്തിൽ നിന്ന് ഭ്രഷ്ടരാക്കുകയും അത് വരെ ബൗദ്ധ പ്രമാണങ്ങളായ സുത്ത വിനയ പിടകങ്ങളോട് അഭിധർമ എന്ന മൂന്നാമതൊരു ഭാഗം കൂടി ചേർത്ത് ഈ പ്രമാണ സമാഹാരത്തിന് ത്രിപിടകം എന്ന പേര് നൽകുകയും ചെയ്തു. എന്നാൽ ഈ ഘട്ടത്തിലും ഈ ഗ്രന്ഥ സംഗ്രഹം വാങ്മൂലമായി തന്നെ സ്ഥിതിചെയ്തു. അതിന്റെ അൽപ്പം ഭാഗം പോലും ലേഖനം ചെയ്യപ്പെട്ടിരുന്നില്ല.

ഈ മൂന്നാം സഭയിൽ വെച്ച് ത്രിപിടകം എഴുതി രേഖപ്പെടുത്തിയിരുന്നതായി ചില ഗവേഷണ വിദ്യാർഥികൾ കരുതിപ്പോന്നു. ഇതിലേക്ക് അവർ പറയുന്ന ഒരു ന്യായം മൂന്നാമത്തെ സഭ കൂടുന്നതിന് മുമ്പെ തന്നെ അശോകൻ ചില സ്ഥലങ്ങളിലെല്ലാം ശിലാരേഖകൾ സ്ഥാപിക്കുകയും സ്തംഭലേഖനങ്ങൾ നിർമിക്കുകയും ചെയ്തിരുന്നതിനാൽ പട്ന സഭാകാലത്ത് ത്രിപിടകം എഴുതപ്പെട്ടിട്ടില്ല എന്ന് കരുതുന്നത് സംഗതമായിരിക്കയില്ലെന്നാണ്. ക്രി. മു 247 ന് ശേഷം അടുത്ത ചില കൊല്ലങ്ങൾക്കിടയിൽ അശോക പുത്രനായ മഹീന്ദ്രൻ ബുദ്ധമതം പ്രചരിപ്പിക്കുവാൻ സിലോണിലേക്ക് പോയപ്പോൾ പാലി ഭാഷയിലുള്ള ത്രിപിടകം ഒരു പ്രതി കൂടെ കൊണ്ടു പോയിട്ടുണ്ടെന്നാണ് അവർ പറയുന്ന മറ്റൊരു ന്യായം എന്നാൽ ഇത് പ്രാചീന ബൗദ്ധ പ്രമാണങ്ങളാൽ തെളിയുന്നില്ല. അക്കാലത്ത് എഴുതപ്പെട്ട ചില വ്യാഖ്യാന ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടായിരിക്കാം. എന്തുകൊണ്ടെന്നാൽ അവ ത്രിപിടകം പോലെ പഠിക്കാൻ നിർബന്ധമുണ്ടായിരുന്നില്ല. അതിനാൽ അവർ തങ്ങളുടെ ഉപയോഗ സൗകര്യത്തിന് വേണ്ടി വ്യാഖ്യാന കൃതികൾ എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നിരിക്കാം. ഏതായാലും പട്ന സഭയിൽ വെച്ചു തന്നെയും ത്രിപിടകം മുഴുവനും എഴുതപെട്ടിട്ടില്ലെന്ന് ബൗദ്ധ പണ്ഡിതന്മാരാൽ പോലും സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണെന്ന് പിന്നീട് അശോകൻ താനോ ഏതെങ്കിലും ഭിക്ഷുവോ സ്വന്തം കാര്യത്തിന് അതിന്റെ ഏതെങ്കിലും ഭാഗം എഴുതി വെച്ചിട്ടുണ്ടായിരിക്കാം. എന്നാൽ പട്ന സഭയിൽ വെച്ചോ അതിന് ശേഷം ഏതാനും വർഷങ്ങൾക്കകമോ വ്യവസ്ഥയോടു കൂടി ത്രിപിടകം എഴുതി സൂക്ഷിച്ചിട്ടുണ്ടെന്ന വാദത്തിന് കാര്യമായ യാതൊരു തെളിവും ലഭിക്കുന്നില്ല.

# ചോദ്യോത്തരം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഔദ്യോഗിക വൈബ്സൈറ്റിൽ (https://www.alislam.org) പ്രസിദ്ധീകരിച്ച സമകാലീന പ്രശ്നങ്ങളെ സംബന്ധിച്ച ചോദ്യോത്തരം.

***ചോദ്യം: കൃത്രിമ ബീജസങ്കലനവും (In vitro fertilisation) ജനിതക മാറ്റവും ഇസ്‌ലാമിൽ അനുവദനീയമാണോ?***

**ഉത്തരം:** ഭർത്താവിന്റെ ബീജം ഭാര്യയുടെ ഗർഭ പാത്രത്തിൽ നിക്ഷേപിച്ച് നടത്തുന്ന ഗർഭ ധാരണം (In vitro fertilisation) ഇസ്‌ലാമിക വീക്ഷണത്തിൽ അനുവദനീയമാണ്. മനുഷ്യന്റെ പ്രത്യുൽപാദനത്തിൽ അടിസ്ഥാന പരമായി ഇസ്‌ലാം രണ്ട് തത്ത്വങ്ങളാണ് ആജ്ഞാപിച്ചിട്ടുള്ളത്. മനുഷ്യ വംശത്തിന്റെ വർഗ പരിശുദ്ധിയും ഭാര്യാ ഭർത്താക്കന്മാരുടെ പരസ്പരമുള്ള വിശ്വസ്തത പങ്കുവെക്കലും. ഈ രണ്ട് അടിസ്ഥാന തത്ത്വങ്ങൾ ഏത്‌വരെ ലംഘിക്കപ്പെടുന്നില്ലയോ അത്‌വരെ അത്തരം പ്രത്യുൽപ്പാദന പ്രക്രിയകളെ ഇസ്‌ലാം എതിർക്കുന്നില്ല.

അപകടം മൂലമോ രോഗം മൂലമോ ജനിതക വൈകല്യമുണ്ടായാൽ ജനിതക വൈകല്യങ്ങളുടെ നിർമാർജനത്തിന് ജനിതകമാറ്റ പ്രക്രിയ നടത്താൻ ഇസ്‌ലാം അനുവദിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടികളുടെ ഘടന മാറ്റിത്തിരുത്തുക എന്നതിനേക്കാൾ അത് സംരക്ഷിക്കാൻ വേണ്ടി ഏത് ശാസ്ത്ര ശാഖയുടെയും സേവനം ഇസ്‌ലാം തീർച്ചയായും നിരുത്സാഹപ്പെടുത്തില്ല. .

***ചോദ്യം: അവയവദാനം ഇസ്‌ലാമിൽ അനുവദിക്കുന്നുണ്ടോ?***

**ഉത്തരം:** അവയവ ദാനത്തിന് ഇസ്‌ലാം അനുവദിക്കുക മാത്രമല്ല വമ്പിച്ച തോതിൽ പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. മാനവരാശിക്ക് വേണ്ടിയുള്ള സേവനമാണ് ഇസ്‌ലാമിലെ സാരസത്ത. അതുകൊണ്ട് ജീവകാരുണ്യപരമായ ഏതൊരു പ്രവർത്തനത്തിനും ഇസ്‌ലാം അനുവാദം നൽകുന്നു. അവയവ ദാനം ഈ ഗണത്തിൽ പെട്ടതാണ്. അവയവ ദാനം മനുഷ്യന്റെ യാതനകൾ കുറക്കുകയും ജീവൻ രക്ഷിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്ന ഇസ്‌ലാമിക മൂല്യം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. മുസ്‌ലിംകളെ അഭിസംബോധന ചെയ്തുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു

**മനുഷ്യരാശിക്ക് നന്മ ചെയ്യുവാനായി എഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ. (3: 111)**

ഈ വചനം അർഥമാക്കുന്നത് ഒരു മുസ്‌ലിമിന്റെ ജീവിതോദ്ദേശ്യം തന്റെ സഹജീവിയെ സേവിക്കുകയും തന്നാലാവും വിധം ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുക എന്നുമാണ്. ശ്രദ്ധിക്കേണ്ട കാര്യം അവയവ ദാനം ചെയ്യുന്നതിലൂടെ ദാതാവ് തന്റെ ജീവനെ അപകടപ്പെടുത്തരുത് എന്നാണ്. അത്തരം അവസരത്തിൽ അവയവ ദാനം പാടില്ല. ഒരാളുടെ ജീവനെ മറ്റൊരാളുടെ ജീവന് വേണ്ടി നശിപ്പിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല.

***ചോദ്യം: ദായാവധം (Euthanasia- രോഗപീഢയാലും മറ്റും ജീവൻ നശിപ്പിക്കാൻ നിയമ പരമായി അനുവദിക്കൽ) അതിന് ഇസ്‌ലാമിൽ നീതീകരണമുണ്ടോ?***

**ഉത്തരം:** ഇസ്‌ലാം ഒരിക്കലും ദയാവധത്തിനെ ന്യായീകരിക്കുന്നില്ല. അതിന് കാരണം മനുഷ്യ ജീവന്റെ ഉടമസ്ഥാധികാരം നമ്മുടെ അധീനതയിലല്ല. അത് ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്. 'ജീവിക്കാൻ പറ്റാത്ത അവസ്ഥ' എന്നത് ഒരിക്കലും ഇസ്‌ലാമിക സങ്കൽപത്തിലില്ല. യാതൊരുപാധിയും കൂടാതെ മനുഷ്യ ജീവിതം ബഹുമാനിതമായി കാണണമെന്നാണ് ഖുർആൻ മനുഷ്യനോട് ആജ്ഞാപിച്ചത്. താൽക്കാലികമായ ദുരിതങ്ങൾ മനുഷ്യ ജീവിതത്തിന്റെ പരിപാവനതയെ ബാധിക്കാൻ പാടില്ല. ഖുർആന്റെ പറയുന്നു:

**'അല്ലാഹു പാവനമാക്കിവെച്ച മനുഷ്യജീവനെ വധിക്കുവാൻ പാടില്ല.' (6:152)**

വേദനകൾക്ക് ഒരു പരിധി വരെ മരുന്നുകൾ കൊണ്ടും മറ്റു ഉപാധികൾ മുഖേനയും ആശ്വാസം നൽകാൻ സാധിക്കും. ഒരു മനുഷ്യന് അതിനപ്പുറം വേദനയിൽ നിന്ന് ആശ്വാസം നൽകപ്പെടുന്നില്ലെങ്കിൽ അത് അയാൾക്ക് അല്ലാഹുവിന്റെ ഇച്ഛയാൽ മരണം വന്നെത്തുന്നത് വരെ ചെയ്തു പോയ പാപം പൊറുക്കാനുള്ള ഉപാധി

യായി മാറുന്നു.

***ചോദ്യം: ഇസ്‌ലാം ആത്മഹത്യ അനുവദിക്കുന്നുണ്ടോ?***

**ഉത്തരം:** ആത്മഹത്യ ഗുരുതരമായ പാപമാണ്. ഇസ്‌ലാം അത് നിരോധിച്ചിരിക്കുകയാണ്. കാരണം അല്ലാഹു എല്ലാ മനുഷ്യ ജീവന്റെയും സ്രഷ്ടാവാണ്. ജീവൻ നൽകുകയും ജീവൻ എടുക്കുകയും ചെയ്യുക എന്ന അവന്റെ ദിവ്യമായ നിയമം മറ്റാരാലും ലംഘിക്കപ്പെടാവതല്ല. മനുഷ്യന് അവന്റെ ജീവൻ ദൈവത്താൽ ഏൽപ്പിക്കപ്പെട്ടതാണ്. അതിന്റെ സുരക്ഷയും പരി പാലനവും മനുഷ്യന്റെ ബാധ്യതയാണ്. ആത്മഹത്യ നിരോധിച്ചിരിക്കേ ദൈവം മനുഷ്യനോട് ഉറപ്പ് പറഞ്ഞിരിക്കുന്നത് ദൗർഭാഗ്യങ്ങൾ നിങ്ങളുടെ മേൽ പതിക്കുമ്പോൾ നിങ്ങൾ ദൈവത്തിലേക്ക് തിരിയുകയാണെങ്കിൽ അവൻ നിങ്ങളെ ആ ദുരിതത്തിൽ നിന്ന് പുറത്ത് കൊണ്ട് വരുമെന്നാണ്. വിശുദ്ധ ഖുർആൻ 4-ാം അദ്ധ്യായം 30-ാം വചനത്തിൽ പറയുന്നു.

**'നിങ്ങൾ ആത്മഹത്യ ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാണ്.'(4:30)**

ഒരാൾ തന്റെ ജീവിതം അവസാനിപ്പിക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ അയാൾക്ക് ദൈവത്തിന്റെ കാരുണ്യം ലഭിക്കാനുള്ള അവസരമാണ് നഷ്ടമാവുക. കാരണം അയാൾ ഒരു കുറ്റകൃത്യം ചെയ്തുകൊണ്ടാണ് മരിക്കുന്നത്. പ്രയാസഘട്ടങ്ങൾ ക്ഷമയോടെ സഹിക്കുന്ന ആൾക്ക് വിശുദ്ധ ഖുർആൻ വമ്പിച്ച പ്രതിഫലം ലഭിക്കുമെന്ന് നിരന്തരം ഓർമിപ്പിക്കുന്നു.

***ചോദ്യം: ഇസ്‌ലാം ഗർഭഛിദ്രം അനുവദിക്കുന്നുണ്ടോ?***

**ഉത്തരം:** ഗർഭഛിദ്രം ഇസ്‌ലാമടക്കം എല്ലാ ലോക മതങ്ങളും നിരോധിച്ചതാണ്. എല്ലാ മനുഷ്യരുടെയും ജീവന്റെ പവിത്രത ഇസ്‌ലാം സംരക്ഷിക്കുന്നു. ഗർഭ ഛിദ്രം എന്നത് മറ്റൊരു മനുഷ്യന്റെ ജീവൻ കവർന്നെടുക്കുന്നതിന് തുല്യമാണ്. എന്തായാലും കുഞ്ഞിന് ജന്മം നൽകുന്നതോടെ മാതാവിന്റെ ജീവനോ ആരോഗ്യമോ അപകടത്തിലാവുമെങ്കിൽ ഇസ്‌ലാം മാതാവിന്റെ ജീവന് പ്രധാന്യം നൽകുകയും ഗർഭഛിദ്രത്തിന് അനുമതി നൽകുകയും ചെയ്യുന്നു.

***ചോദ്യം: മൃഗങ്ങളോടുള്ള ഇസ്‌ലാമിക പെരുമാറ്റം എങ്ങനെ ആയിരിക്കണം?***

**ഉത്തരം:** എല്ലാമൃഗങ്ങളും ദൈവ സൃഷ്ടിയുടെ ഭാഗമാണ്. അതുകൊണ്ട് മൃഗങ്ങളെ പരിപാലിക്കേണ്ട ചുമതല മുസ്‌ലിംകൾക്കുണ്ട്. മൃഗങ്ങൾക്ക് ഇസ്‌ലാമിൽ ചില അവകാശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ഒരു മുസ്‌ലിം, മൃഗങ്ങളോട് സ്നേഹ വാത്സല്യത്തോടെ പെരുമാറുന്നുവെങ്കിൽ അയാൾ ദൈവത്താൽ അനുഗ്രഹിക്കപ്പെടും. പല മൃഗങ്ങൾക്കും ഇസ്‌ലാം ചില പ്രത്യേകതകൾ കൽപ്പിക്കുന്നുണ്ട്. തേനീച്ചകൾ ഉൽപ്പാദിപ്പിക്കുന്ന തേനിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ആവർത്തിച്ച് പ്രതിപാദിക്കുന്നുണ്ട്. പ്രവാചകൻ ഒരിക്കൽ മക്കക്ക് പുറമെയുള്ള സൗർ എന്ന ഒരു ഗുഹയിൽ തന്റെ ശത്രുക്കളിൽ നിന്നും അഭയം തേടിയപ്പോൾ ഒരു ചിലന്തി നെയ്ത വലയാൽ രക്ഷിക്കപ്പെടുകയുണ്ടായി.

മനുഷ്യന് സഞ്ചരിക്കാനും മറ്റു ആവശ്യങ്ങൾക്കുമായി മൃഗങ്ങളെകൊണ്ട് പല പ്രയോജനങ്ങളുമുണ്ട് എന്ന് ഖുർആൻ പറയുന്നു. (അദ്ധ്യ16: വച: 9) കുതിരകളേയും കോവർ കഴുതകളേയും കഴുതകളേയും സഞ്ചരിക്കുന്നതിന് വേണ്ടി ദൈവം സൃഷ്ടിച്ചു. മനുഷ്യന് അവന്റെ ഭക്ഷണത്തിന്റെ ഭാഗമായി മാംസം ആവശ്യമുണ്ട്. എങ്കിൽ പോലും മൃഗങ്ങളെ എങ്ങനെ കരുണാർദ്രമായി അറുക്കണം എന്ന് ഇസ്‌ലാം മനുഷ്യന് പഠിപ്പിച്ചിട്ടുണ്ട്. അതായത് ഒരു അറവിന് തന്നെ എത്രയും വേഗത്തിൽ വേദനാ രഹിതമായി ജീവൻ പോവുന്ന വിധത്തിലായിരിക്കണം ഉരുവിനെ അറുക്കേണ്ടത്. കൂടുതൽ മൃഗങ്ങളെ അറുക്കേണ്ട സന്ദർഭത്തിൽ ഒരു മൃഗം സാക്ഷിയാവുന്ന വിധത്തിൽ മറ്റൊരു മൃഗത്തെ അറുക്കാൻ പാടില്ല. എന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. ഈ വിധത്തിൽ ഒരു മൃഗത്തിന്റെ വികാരം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കണം.

റസൂൽ തിരുമേനി (സ) പറഞ്ഞു: **'ഒരു മുസ്‌ലിം ഒരു മരം നടുകയോ ഒരു തുണ്ട് ഭൂമിയിൽ കൃഷിചെയ്യുകയോ ചെയ്തു, എന്നിട്ട് പക്ഷികളോ മനുഷ്യനോ ജീവികളോ അതിൽ നിന്ന് ഭക്ഷിച്ചു. എങ്കിൽ അത് ഒരു നന്മയായി അയാളുടെ പേരിൽ എഴുതപ്പെടും.' (മുസ്‌ലിം)**

**മറ്റൊരവസരത്തിൽ റസൂൽ തിരുമേനി (സ) പറഞ്ഞതായി അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു. 'ഒരു വഴിയാത്രക്കാരന് വളരെയധികം ദാഹം അനുഭവപ്പെട്ടു. ഒരു കിണറിൽ ഇറങ്ങി ദാഹശമനം വരുത്തി. കയറി വരുമ്പോൾ ഒരു നായ കഠിനമായ ദാഹത്താൽ നനഞ്ഞ ഭൂമിയിൽ അത് നാവ് നീട്ടി നക്കുന്നുണ്ടായിരുന്നു. ഈ ജീവി കുറച്ച് മുമ്പ് താൻ ദാഹിച്ചത് പോലെ ദാഹിച്ച് അവശനായിരിക്കുന്നു എന്ന് മനസ്സിലാക്കി അയാൾ വീണ്ടും കിണറ്റിലിറങ്ങി. തന്റെ ഷൂസിൽ വെള്ളം നിറച്ചു. അത് പല്ലിൽ കടിച്ച് പിടിച്ച് കിണറ്റിൽ നിന്ന് കയറി വന്ന്. ആ നായക്ക് വെള്ളം നൽകി. ദൈവം അയാളുടെ ഈ പ്രവർത്തിയിൽ വളരെ സന്തുഷ്ടനായി അയാളുടെ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുത്തു.' (ബുഖാരി)**

മനുഷ്യനെ സൃഷ്ടിച്ച അതേ ദൈവം തന്നെയാണ് മൃഗങ്ങളെയും സൃഷ്ടിച്ചത്. മനുഷ്യന് ലഭിക്കുന്ന കാരുണ്യവും അനുകമ്പയും മനുഷ്യ വംശത്തോടൊപ്പം ജീവിക്കുന്ന എല്ലാ ജീവജാലങ്ങൾക്കും ലഭിക്കേണ്ടതുണ്ട്.

കുറിപ്പുകൾ

# ഹർത്താലുകൾ: കേരള സമൂഹം എങ്ങോട്ട്?

## മുസാഫിർ

ബലാൽക്കാരമായി ജനജീവിതം സ്തംഭിപ്പിച്ചുകൊണ്ട് ന്യൂനപക്ഷീയരായ സംഘടിത ശക്തികൾ നടത്തുന്ന അവകാശ കയ്യേറ്റങ്ങളായി ഹർത്താലുകൾ മാറിയിരിക്കുന്നു. മനുഷ്യൻ വിലമതിക്കുന്ന സാമൂഹിക മൂല്യങ്ങളെല്ലാം ഹർത്താൽ എന്ന ഈ പ്രതിഷേധ സമര രീതിയിൽ ഹോമിക്കപ്പെടുന്നു. യാതൊരു വിധ സാമൂഹിക ധാർമികതയോ ജനാധിപത്യ മര്യാദയോ രാഷ്ട്രീയ സദാചാരമോ ഇല്ലാത്ത നിഷേധാത്മക മൂല്യങ്ങൾ മാത്രമാണ് ഹർത്താലുകൾ ഉദ്‌പ്പാദിപ്പിക്കുന്നത്. ഇത്തരം ഹർത്താലുകൾ നമ്മുടെ നാടിന് വരുത്തിവെക്കുന്ന സാംസ്കാരികമായ അപചയവും ഭൗതികമായ നഷ്ടവും ഊഹാതീതമാണ്. ഏറ്റവും ലജ്ജാകരമായ വസ്തുത ഇന്ത്യയിലെന്നല്ല ലോകത്തിൽ എവിടെയും തന്നെ കേരളത്തിൽ നടക്കുന്നയത്ര ഹർത്താലുകൾ നടക്കുന്നില്ല എന്നതാണ്. കേരളം ഹർത്താലുകളുടെ സ്വന്തം ഭൂമിയായി മാറിയിരിക്കുന്നു. ഹർത്താലുകളുടെ സ്ഥിതിവിവരക്കണക്ക് നോക്കിയാൽ ഇത് ബോദ്ധ്യമാകും. സംസ്ഥാനത്ത് മൊത്തത്തിലും ജില്ലാ പരിധിയിലും പ്രാദേശിക പരിധിയിലുമായി 2016 വർഷത്തിൽ 223 ഹർത്താലുകൾ നടത്തിയാണ് കേരളം റിക്കാർഡ് സൃഷ്ടിച്ചത്. ഇതിന്റെ ഫലമായി 2000 കോടി രൂപയാണ് കേരളത്തിന് നഷ്ടമായതായി കണക്കാക്കപ്പെടുന്നത്. 2017 ൽ 120ഉം 2018ൽ 97 ഹർത്താലുകളും നടന്നു. 2018 ഡിസംബർ 14 ന് ബി ജെ പി നടത്തിയ ഹർത്താൽ വരെയുള്ള കണക്കാണിത്. അവരാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഹർത്താലുകൾ നടത്തിയത്. മനം മടുത്തിട്ടും ജീവിക്കാൻ ആശയില്ലാഞ്ഞിട്ടുമാണ് താൻ ആത്മഹത്യ ശ്രമം നടത്തിയതെന്ന് ഒരാൾ മജിസ്ട്രേറ്റിന് മുന്നിൽ മൊഴി നൽകിയിട്ടും ശബരിമല പ്രശ്നത്തിൽ ആത്മാഹുതി ചെയ്തു എന്ന് പറഞ്ഞായിരുന്നു ബി ജെ പി ഹർത്താൽ. 2019 ജനുവരി 3ന് ശബരിമലയിൽ യുവതികൾ പ്രവേശിച്ചതിന്റെ പേരിൽ വീണ്ടും അവർ ഹർത്താൽ നടത്തി. ബിജെപി എന്നല്ല കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും, എന്തിനധികം വ്യാപാരികൾ വരെ പ്രശ്നപരിഹാരത്തിന് അവലംബിക്കുന്ന സമരമാർഗമായി മാറിയിരിക്കുന്നു ഹർത്താലുകൾ. സമര മാർഗത്തിൽ കൂടി മാത്രമേ അവകാശങ്ങൾ നേടിയെടുക്കാവൂ എന്നത് സൈദ്ധാന്തികമായി അംഗീകരിച്ച പ്രത്യയ ശാസ്ത്രമാണ് കമ്മ്യൂണിസം. വർഗസമരം എന്നാണ് അവർ അതിനെ വിളിക്കുന്നത്. പ്രശ്ന പരിഹാരം എന്നതിനേക്കാൾ പരജനഹിംസയായി ഹർത്താലുകൾ മാറിയിരിക്കുന്നു. ഇങ്ങനെ സംഹാരാത്മകമായി പ്രതികരിച്ചാൽ മാത്രമേ പ്രശ്ന പരിഹാരമുണ്ടാവൂ എന്ന് വരുന്നത് സമൂഹത്തിന്റെ സാംസ്കാരിക നിലവാരത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. തുടർച്ചയായ ഹർത്താലുകളുടെ ആഘോഷങ്ങൾ മൂലം ആലസ്യത്തിന്റേതായ ഒരു പൊതുജന മനശ്ശാസ്ത്രത്താലും മലയാളി അനുശീലനം ചെയ്യപ്പെട്ടുവോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

1997ൽ കേരളാ ഹൈക്കോടതിയാണ് ബന്ദ് നിരോധിച്ചത്. ആ വിധി പിന്നീട് സുപ്രീം കോടതിയും അംഗീകരിക്കുകയുണ്ടായി. 2004 ൽ ബന്ദിന് ഹർത്താൽ എന്ന് പേരു മാറ്റി അതേ സമരമുറ ഫലത്തിൽ രാഷ്ട്രീയ പാർട്ടികൾ നടപ്പാക്കുകയാണുണ്ടായത്. ബന്ദും ഹർത്താലും വ്യത്യസ്തമാണെന്ന് സുപ്രീം കോടതി വ്യവഛേദിക്കുകയുണ്ടായി. അതായത് ബന്ദ് എന്നാൽ മറ്റുള്ളവരിൽ നിർബന്ധം ചെലുത്തി നടപ്പാക്കുന്നതാണ്. ഹർത്താൽ എന്നാൽ സ്വയേഷ്ട പ്രകാരം ആ ആഹ്വാനത്തോട് കാണിക്കുന്ന അനുഭാവപൂർവമുള്ള പ്രവർത്തനമാണ്. അതിനാൽ ഹർത്താൽ എന്ന വിവക്ഷയിലുള്ള സമരമുറ സുപ്രീം കോടതി നിരോധിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. ഫലത്തിൽ ബന്ദും ഹർത്താലും ഒന്ന് തന്നെ. തെരുവിൽ മസിൽ പവർ കാണിച്ചാണ് അത് നടത്തുന്ന കക്ഷികൾ കച്ചവടക്കാരെ അവരുടെ ഷോപ്പുകൾ അടപ്പിക്കുന്നതും വാഹനങ്ങൾ നിരോധിക്കുന്നതും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യവും ജീവിക്കാനുള്ളസ്വാതന്ത്ര്യവും തടയുന്നതും.

ഭാഷ, വംശം, ഗോത്രം, മതം,

ലിംഗം എന്നിവയൊന്നും പരിഗണിക്കാതെ എല്ലാ പൗരനും ഇന്ത്യൻ ഭരണഘടന നിർബന്ധമായും ഉറപ്പ് നൽകുന്ന അവകാശമാണ് ഫണ്ടമെന്റൽ റൈറ്റ്സ് അഥവാ മൗലികാവകാശങ്ങൾ. യാതൊരു വിധത്തിലും യാതൊരാൾക്കും അത് നിഷേധിക്കപ്പെട്ടുകൂടാ. കോടതി മുഖേന അത് പൗരന് നേടിയെടുക്കാനുള്ള പൂർണ അവകാശമുണ്ട്. അടിസ്ഥാനപരമായി 6 മൗലികാവകാശങ്ങളാണ് ഭരണ ഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള അവകാശം, ഏത് മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, അവകാശ ലംഘനങ്ങൾക്ക് ഭരണ ഘടനമുഖേന പരിഹാരം കാണാനുള്ള അവകാശം എന്നിവയാണ് മൗലികാവകാശങ്ങൾ. വമ്പിച്ച സംഘടനാശേഷിയുള്ള രാഷ്ട്രീയ പാർട്ടികൾ ബന്ദ് അല്ലെങ്കിൽ ഹർത്താൽ നടത്തുമ്പോൾ വിശാലാർഥത്തിൽ വ്യാഖ്യാനിക്കപ്പെടുന്ന പല മൗലികാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും കവർന്നെടുക്കപ്പെടുന്നു.

ദേശീയ സമര കാലത്ത് ഗാന്ധിജിയാണ് ഹർത്താൽ ഇന്ത്യൻ സമൂഹത്തിന് പരിചയപ്പെടുത്തിയത്. ബാഹ്യ സമ്മർദങ്ങളില്ലാതെ സ്വയം പ്രതിഷേധങ്ങളിൽ പങ്കുചേരുക എന്നതാണ് ഹർത്താൽ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ ദേശീയ സമര പ്രസ്ഥാനം രണ്ട് സമരരീതികൾ അവലംബിച്ചിരുന്നു. ഒന്നു കൂടിയാലോചനയിലൂടെയും പരസ്പര ചർച്ചയിലൂടെയും പരിഹാരം കണ്ടെത്തുന്ന നിയമാനുസൃതവും ഏറ്റുമുട്ടലില്ലാത്തതും തികച്ചും ഭരണനഘടനാനുസൃതവുമായ രീതി. മറ്റൊന്ന് പ്രക്ഷോഭത്തിന്റെയും സംഘർഷാത്മകമായ സമരത്തിന്റെയും രീതി. ജനാധിപത്യത്തിൽ ഹർത്താൽ അനുവദിച്ചിട്ടുണ്ടെങ്കിലും ഹർത്താൽ സ്വാഭാവികമായും സാംസ്കാരികമായി ഒരു ജനാധിപത്യ രീതിയല്ല. ഹർത്താൽ, ബന്ദ്, ഘരാവോ, സ്ട്രൈയ്ക്ക്, ബന്ധിയാക്കൽ, ഉപരോധം, സ്തംഭിപ്പിക്കൽ, മിന്നൽ പണിമുടക്ക് മുതലായ എല്ലാ സമര മാർഗങ്ങളിലും മനുഷ്യ സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും വിരുദ്ധമായ പ്രാകൃതരീതികളാണ്. വിവേചനവും ഔചിത്യദീക്ഷയില്ലാതെയും നിസ്സാരമായ പ്രശ്നങ്ങൾക്ക് വികാരവിജ്രംഭിതരായി അൽപ്പന്മാരായ നേതാക്കന്മാർ പലപ്പോഴും ഇത്തരം സമരമാർഗങ്ങൾ അവലംബിക്കുന്നു. മസിൽ പവറിലും ബലപ്രയോഗത്തിലുമാണ് അവർ വിശ്വസിക്കുന്നത്. ധാർമികവും വിവേകപരവും ബുദ്ധിപരവുമായ രീതികൾ അവർക്ക് അന്യമാണ്. ഈ സമര മാർഗം ഇന്ന് കേരളത്തിൽ എല്ലാ പരിധികളും ലംഘിച്ച് ഒരു വൻ സാമൂഹിക വിപത്തായി മാറിയിരിക്കുകയാണ്.


വ്യവസ്ഥാപിതമായ ഒരു ജനാധിപത്യ ഭരണത്തിനു കീഴിൽ സംഘർഷ രഹിതമായി സമാധാനത്തോടെയും വിട്ടുവീഴ്ച്ചയോടെയും കാര്യങ്ങൾ രാജിയാവാൻ നിരവധി മാർഗങ്ങളും അവസരങ്ങളുമുണ്ട്. കൂടിയാലോചനയുടെയും ചർച്ചയുടെയും പഠനങ്ങളുടേയും ആശയ സംവാദങ്ങളുടെയും സംസ്ക്കാര പ്രബുദ്ധമായ രീതിയാണ് അതിന് അഭികാമ്യം. പാർലമെന്ററി ഡമോക്രസിയിലെ നിയമ നിർമാണ സഭയും ജനകീയ സഭകളും ബഹുകക്ഷി സമ്പ്രദായങ്ങളും രാഷ്ട്രീയ പാർട്ടിക്കകത്തുള്ള കൂടിയാലോചന സമിതികളും ഇത്തരം അഭിപ്രായ സമന്വയ വേദികളാണ്. അഭിപ്രായ വ്യത്യാസങ്ങൾ മനുഷ്യസഹജമാണ്. അത് വികസനത്തിനും മനുഷ്യ പുരോഗതിക്കും അനുപേക്ഷണീയവും അനിവാര്യവുമാണ്. പരസ്പരം കൂടിയാലോചനകളിലൂടെ യുക്തിസഹമായ ചർച്ചകളിലൂടെയും വിനിമയങ്ങളിലൂടെയുമുള്ള സമന്വയങ്ങളും സ്വാംശീകരണങ്ങളുമാണ് വേണ്ടത്. വാസ്തവത്തിൽ അതിന്റെ കലയാണ് രാഷ്ട്രീയം. വിട്ടുവീഴ്ച്ചകളിലൂടെയും സംഘർഷ രഹിതമായി പരിഹരിക്കാൻ കഴിയാത്ത യാതൊരു സാമൂഹിക പ്രശ്നങ്ങളും മനുഷ്യർക്കിടയിലില്ല. ഇങ്ങനെ മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോഴാണ് അവൻ മാനുഷഗുണം ആർജിച്ച ധാർമിക മനുഷ്യനും ധാർമിക സമൂഹവുമായി വിലയിരുത്തപ്പെടുന്നത്. മതജാതി വർഗ വ്യത്യാസമന്യേ എല്ലാ മനുഷ്യരിലും ദൈവം നിക്ഷേപിച്ച ധാർമിക ഗുണം തന്നെ ഇത്തരം സമാധാന സ്ഥിതി സമൂഹത്തിൽ സംജാതമാവാൻ ധാരാളമാണ്. മനുഷ്യൻ മാനുഷതയുടെ സാമാന്യനിലവാരം വിട്ട് താഴോട്ട് പോകുന്നതാണ് ഇത്തരം സാമൂഹിക അപചയത്തിന് കാരണം. പ്രക്ഷോഭത്തിന്റയും സംഘർഷത്തിന്റേയും മാർഗമല്ല കൂടിയാലോചനയുടെയും സമന്വയത്തിന്റേയും പാതയാണ് കേരള സമൂഹം സ്വീകരിക്കേണ്ടത്. വിശുദ്ധ ഖുർആന്റെ ഉപദേശവും അതാണ്. ***'തങ്ങളുടെ കാര്യങ്ങൾ അവർ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും (42:39)'*** ഭരണാധികാരി എന്ന നിലക്ക് ജനങ്ങളോട് ആശയ വിനിമയം നടത്തിക്കൊണ്ട് മൃദുസമീപനമായിരിക്കണം സ്വീകരിക്കേണ്ടത് എന്നാണ് വിശുദ്ധ ഖുർആനും പറയുന്നത്. ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ (റസൂൽ തിരുമേനി) അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.'(3:160)***




കോഴിക്കോട് മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ ഡിസം 10 ന്ന് കോഴിക്കോട് മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് ചേർന്ന പൊതുയോഗത്തിൽ മൗലവി മുഹമ്മദ് ഹനീഫ് സാഹിബ് സ്വാഗതം ആശംസിക്കുന്നു. ഇടത്നിന്ന് റഫീഖ് വഫാ സാഹിബ് (മാത്തോട്ടം അമീർ), എം. എ സമദ് സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് (അമീർ, കോഴിക്കോട്), ശ്രീ. കുഞ്ഞിക്കണ്ണൻ (ഡയറക്ടർ കേളുവേട്ടൻ പഠന കേന്ദ്രം), ജാഫർ അത്തോളി (മുൻ സബ് എഡിറ്റർ, ചന്ദ്രിക), എം. എ സമദ് സാഹിബ്, എം. റഫീ അഹ്മദ് സാഹിബ്, ബി. എം. ഷൗക്കത്ത് സാഹിബ്, എ. എം മുഹമ്മദ് സലീം സാഹിബ്.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാലക്കാട് ജില്ല കമ്മിറ്റി ഡിസംബർ 10ന് മണ്ണാർക്കാട്ട് സംഘടിപ്പിച്ച പീസ് സിമ്പോസിയത്തിൽ ഹമീദ് ചേന്ദമംഗലൂർ പ്രസംഗിക്കുന്നു. അൻസാറുല്ലാഹ് സൗത്ത് ഇലാഖ നാസിം എം. താജുദ്ദീൻ, മുൻ ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി, ജില്ലാ അമീർ എച്ച്. സുലൈമാൻ, കെ.പി.എസ് പയ്യനെടം, ഫാദർ ജോർജ് തുരുത്തി പള്ളി, എം. പുരുഷോത്തമൻ, വാർഡ് കൗൺസിലർ സുജാത, ജില്ലാ ഇൻചാർജ് മുബല്ലിഗ് മൗലവി എം. ഫാഹിൻ, ജില്ലാ നാസിം അൻസാറുല്ലാഹ് എം. അബ്ദുൽ ബഷീർ, നൂറുൽ ഇസ്ലാം കേരള ഇൻ ചാർജ് മുബല്ലിഗ് മൗലവി ഹുസാം അഹ്മദ്, മലപ്പുറം ജില്ലാ ഖാളി പ്രൊഫ.എം.കെ. അബ്ദുൽ കരീം എന്നിവർ വേദിയിൽ.




**അനുസ്മരണം:**

# യു. നഫീസ സാഹിബ

കൂടാളി ജമാഅത്തിലെ യു. നഫീസ സാഹിബ (78) 14/12/18 ന് വഫാത്തായി. കൂടാളിയിലെയും കേരളത്തിലെയും ആദ്യകാല അഹ്മദികളിൽ ഒരാളായ മർഹൂം പി.കെ. മുഹമ്മദ് കുഞ്ഞി സാഹിബിന്റെയും ഉത്തക്കൻ മറിയുമ്മയുടെ മകളും മർഹൂം എം.ടി. അഹ്മദ് സാഹിബിന്റെ ഭാര്യയും ആണ്. പരേത കൂടാളിയിൽ ലജ്ന സദർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ: നാസർ അഹ്മദ്, മശ്ഹൂദാ, വാജിദ് അഹ്മദ്, അബ്ദുൽ ഹാദി, നൗഷിർ അഹ്മദ്. മരുമക്കൾ: പി.കെ. നസീർ അഹ്മദ്, സീനത്ത്, റാസിന, റസ്ന, സോഫിയ. പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

*- യു. നാസർ അഹ്മദ്, കൂടാളി*

**പേജ് 35 ൽ നിന്ന് തുടർച്ച**

ചുരുക്കത്തിൽ നബി(സ) തിരുമേനിയുടെ ഹദീസുകളിൽ തന്നെ 'ലാ' എന്ന പദം ഒരു വകുപ്പിൽപ്പെട്ട ശ്രേഷ്ഠ ഗുണത്തോടു കൂടിയ വ്യക്തികളെ മാത്രം നിഷേധിക്കുന്നതിനായിട്ടു പ്രയോഗിക്കപ്പെട്ടിട്ടുള്ളത് കൊണ്ട് 'ലാ നബീയ്യ ബഅ്ദീ' എന്ന വാക്യത്തിലെ 'ലാ' ശബ്ദവും നബിമാരെ കേവലമായി നിഷേധിക്കുന്നതിനായിട്ടല്ല, ഒരു പ്രത്യേകതരം പ്രവാചകന്മാരെ നിഷേധിക്കുന്നവരായിട്ടാണ് പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാവുന്നു. ആകയാൽ ഈ വാക്യത്തിന്റെ താൽപര്യം തിരുമേനി(സ)ക്ക് ശേഷം നബി(സ)യുണ്ടാകില്ലെന്നല്ല. തിരുമേനിക്ക് സമാനമായോ ന്യായ പ്രമാണകാരനായോ തിരുമേനി(സ) യോട് തുടർച്ച കൂടാതെ സ്വതന്ത്രനായുള്ള പ്രവാചകൻ വരുന്നതല്ലെന്ന് മാത്രമാകുന്നുവെന്ന് മത പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്.

Published on 7.01.2019 Pages 44 Vol: 91 Issue. 01
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com